Reg. No. 101, M. 2293

ഒറാപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു്; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 ‖ 1126 ചിങ്ങം 14—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ആഗസ്റ്റ് 30 ‖ ലക്കം 3

## ബാലപരിശീലനം

### ശിക്ഷ നല്കുന്നതിൽ വേണ്ട വിവേകം

(ഫാദർ ഫ്ലാനഗൻ)

[അമേരിക്കയിലെ "ബാലനഗർ" (Boys' Town) എന്ന സുപ്രസിദ്ധ ബാലപരിശീലനകേന്ദ്രത്തിന്റെ സ്ഥാപകനായിരുന്ന ഫാദർ ഫ്ലാനഗൻ ഫ്രെഡ് മാക്കേയുമായി നടത്തിയ ഒരു സംഭാഷണം Understanding Your Boy എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ഒരു സംഗ്രഹം ഇക്കഴിഞ്ഞ ജൂൺമാസത്തിലെ കത്തലിക് ഡൈജസ്റ്റ് മാസികയിൽ കൊടുത്തിരുന്നു. അതിന്റെ ഒരു സ്വതന്ത്രവിവർത്തനമാണു താഴെ ചേർക്കുന്നതു്. വിവർത്തകൻ: ശ്രീ ജോസഫ് വള്ളമററം ബി. എ. എൽ എൽ. ബി.]

കുട്ടികളെ ഭാവിജീവിതത്തിനു തയാറാക്കുന്ന കാര്യത്തിൽ മിതമായ ശിക്ഷയ്ക്കു സ്ഥാനമുണ്ടെന്നു ഞാനെപ്പോഴും വിശ്വസിച്ചിരുന്നു. അതു കൂടുതൽ വേദനാജനകങ്ങളായ അനുഭവങ്ങളിൽനിന്നു് അവരെ വിമുക്തരാക്കുമെന്നാണു് എന്റെ ബോദ്ധ്യം.

എന്നാൽ ശിക്ഷയുടെ ദുരുപയോഗം മൂലം വന്നുകൂടുന്ന അനർത്ഥങ്ങൾ നിരവധിയാണു്. അടിശിക്ഷപോലെ ദുരുപയോഗപ്പെടുത്തിവരുന്ന വേറൊരു ശിക്ഷയും ഇല്ലെന്നു പറയാം. തങ്ങളുടെ കുട്ടികളുടെ നേർക്കു വടിയെടുക്കാത്ത മാതാപിതാക്കന്മാർ ദുർല്ലഭമായിരിക്കും.

തിരിച്ചറിവു വരുന്നതുവരെ "ചൂരൽ പ്രയോഗം" ചിലപ്പോൾ ആവശ്യമായെന്നുവരാം. തെററുകളുടെ അനന്തരഫലങ്ങൾ മുതിർന്നവരെപ്പോലെ കുട്ടികൾക്കു ഗ്രഹിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അടിയുടെ ചൂടു് കുട്ടികൾക്കും എളുപ്പം മനസ്സിലാകും. റോഡിൽ കളിച്ചാൽ ഉണ്ടാകാവുന്ന അപകടം മനസ്സിലാകാത്ത കുട്ടികൾ അടികൊള്ളുമ്പോൾ, അതിന്റെ വേദനമൂലം, അപകടം ബോദ്ധ്യമാകുന്നു. വഴിയിൽ കളിച്ചു് വണ്ടിയുടെ അടിയിൽ പോകുന്നതിൽ ഭേദം തല്ലിന്റെ വേദന അനുഭവിക്കയായിരിക്കും.

പ്രായമായ കുട്ടികളെ വളരെ വിരളമായി മാത്രമേ തല്ലാവൂ. എന്നാൽ ഇതുകൊണ്ടു് അവർ ശിക്ഷ അർഹിക്കുന്നില്ലെന്നു ധരിക്കരുതു്. പക്ഷേ ശിക്ഷ അവരുടെ അന്തസ്സിനും വ്യക്തിത്വത്തിനും യോജിച്ചതായിരിക്കണം. "ചൂരൽപ്രയോഗം" ചിലപ്പോൾ അവരെ കൂടുതൽ ദുശ്ശാഠ്യക്കാരാക്കും. അവരുടെ ചില സ്വാതന്ത്ര്യങ്ങളും ആനുകൂല്യങ്ങളും തൽക്കാലം നിഷേധിക്കുക മുതലായ മിതമായ ശിക്ഷമൂലം അവർ അവരുടെ വ്യക്തിത്വം നഷ്ടപ്പെടുത്താതെ, തെററു മനസ്സിലാക്കാൻ ഇടവരാറുണ്ടു്.

ശാരീരികമായ ബന്ധനം പലപ്പോഴും കുട്ടികളുടെ അന്തസ്സിനെ ഹനിക്കുന്നു. അതു്, അവരെ മനുഷ്യരാക്കിത്തീർക്കുന്നതിനുപകരം മൃഗീയരാക്കുന്നു. തന്മൂലം അവരെ നിയന്ത്രിക്കുന്നതു് മൃഗീയമായ ബന്ധനംമൂലമാണെന്ന വിവക്ഷ ഉളവാകുന്നു.

കുട്ടികളെ എപ്പോഴും മനുഷ്യസൃഷ്ടികളെപ്പോലെ കരുതണം. പ്രായമായവർ ആഗ്രഹിക്കുന്ന ബഹുമാനവും ആദരവും അവർക്കും നല്കണം. അവർക്കും സ്വതന്ത്രമായ ഒരു മനസ്സും, ചിന്തിക്കുന്ന ഒരു ഹൃദയവും, മരണമില്ലാത്ത ആത്മാവും ഉണ്ടെന്നുള്ളതു് വിസ്മരിക്കരുതു്. സൃഷ്ടിപരമായ ശിക്ഷ വിവേകപൂർവ്വമായിരിക്കും; വികാരാധീനമായിരിക്കയില്ല, മിതമായിരിക്കും; പ്രതികാരബുദ്ധിയിൽനിന്നുത്ഭവിച്ചതായിരിക്കയില്ല, കുട്ടികളുടെ അഭ്യുദയത്തെമാത്രം ലാക്കാക്കിയുള്ളതായിരിക്കും.



മാർപ്പാപ്പാതിരുമേനി പ്രസംഗിക്കുന്നു

സ്വഭാവരൂപീകരണത്തിന്റെ അടിസ്ഥാനം ശിക്ഷണബോധമാണു്. എന്നാൽ ചില മാതാപിതാക്കന്മാർ ശിക്ഷണബോധം നിലനിർത്താൻ സർവ്വാധിപത്യം പ്രയോഗിച്ചേ മതിയാവൂ എന്നു തെററിധരിക്കുന്നു. ഏതൊരു കുട്ടിയും അവശ്യം അനുസരിക്കേണ്ട കാര്യങ്ങൾ പലതുണ്ടെങ്കിലും ചില കാര്യങ്ങളിൽ അവന്റെ സ്വതന്ത്രചിന്താഗതി പരിമിതമായ തോതിൽ പ്രവർത്തിക്കുന്നതിനു് അനുവദിക്കണം. ഭാവിജീവിതത്തിനു് തയ്യാറാക്കുന്നതിനു് കുറെ നിർബന്ധങ്ങൾ കൂടിയേ കഴിയൂ.

നിർബന്ധങ്ങളുടെ ദുരുപയോഗങ്ങളിലാണു് അതിന്റെ അപകടം സ്ഥിതിചെയ്യുന്നതു്. സകലകാര്യങ്ങളിലും കല്പന നല്കുന്നതിലാണു് ശിക്ഷണം, അഥവാ അച്ചടക്കം അടങ്ങിയിരിക്കുന്നതെന്നു് ചില മാതാപിതാക്കന്മാർ കരുതുന്നു. തങ്ങളുടെ കുഞ്ഞുങ്ങൾക്കു് അവരുടെ വിവേചനാശക്തിയുപയോഗിക്കുന്നതിനുള്ള യാതൊരവസരവും ഇവർ നല്കുകയില്ല. എല്ലാകല്പനയും ഓരോ ശിക്ഷാഭീഷണിയോടെയാണു് പുറത്തുവരുന്നതു്. തന്മൂലമുണ്ടാകുന്ന അനുസരണം താൽക്കാലികമായിരിക്കും; ചിന്തിക്കുന്നതിനു് അവസരം ലഭിക്കാത്തതിനാൽ, കുട്ടികൾ ആശ്രിതരായിത്തീരുന്നു: ചിന്താഭാരം മുഴുവനും മാതാപിതാക്കന്മാർതന്നെ ഏറെറടുക്കുകയാണു്.

#### മാതാപിതാക്കന്മാർ ചെയ്യരുതാത്ത കാര്യങ്ങൾ

#### 1. കോപാധീനരായിരിക്കുമ്പോൾ ഒരിക്കലും ശിക്ഷിക്കരുതു്

കോപിഷ്ഠനു മററുള്ളവരെ തിരുത്താനുള്ള ശക്തിയുണ്ടായിരിക്കയില്ല. മാത്രമല്ല, കോപംമൂലം ശിക്ഷ അമിതമായെന്നും വരാം. കോപിഷ്ഠൻ വിവേചനാപൂർവ്വം വർത്തിക്കയില്ല. മററാരാളുടെ ആഗ്രഹനിവൃത്തിക്കായിമാത്രം താൻ ശിക്ഷിക്കപ്പെടുന്നുവെന്ന മനോഭാവം കുട്ടിയിൽ ഉളവാകയും ചെയ്യും.

#### 2. കുട്ടികളെ ഒരിക്കലും അപമാനിക്കരുതു്

ഇതു് അവരുടെ സുരക്ഷിതബോധം ക്ഷതപ്പെടുത്തുകയും, ആത്മാഭിമാനത്തെ സ്പർശിക്കുകയും ചെയ്യും. തങ്ങളെ സംരക്ഷിക്കയും സ്നേഹിക്കയും ചെയ്യേണ്ടവർ അപ്രകാരം വർത്തിക്കുമ്പോൾ അതു കൂടുതൽ ദോഷംചെയ്യുന്നതായിരിക്കും.

#### 3. പണ്ടെങ്ങാനും ചെയ്ത കുററത്തിനോ, ഭാവിയിൽ ചെയ്യാനിടയുള്ള കുററത്തിനോവേണ്ടി ശിക്ഷിക്കരുതു്

കുട്ടികളോടുള്ള വാഗ്ദാനങ്ങൾ എപ്പോഴും പാലിക്കണം. നാളെ വിനോദയാത്രയ്ക്കു പോകാൻ കൊടുത്തിട്ടുള്ള അനുവാദം, ശിക്ഷയായി പിൻവലിക്കരുതു്. എപ്പോഴും എല്ലാകാര്യങ്ങളിലും കുട്ടികൾ നിങ്ങളെ വിശ്വസിക്കുന്നതിനിടയാകണം. അവരുടെ വിശ്വാസവും സ്നേഹവും സമ്പാദിച്ചെങ്കിൽമാത്രമേ, അവരുടെ സ്വഭാവരൂപീകരണം സാദ്ധ്യമാവൂ.

#### 4. സ്വയം തൃപ്തിക്കുവേണ്ടി ഒരിക്കലും ശിക്ഷിക്കരുതു്.

അപ്രകാരം ചെയ്യുന്നവർ കുട്ടികളുടെ ഭാവിയെ മുൻനിർത്തിയല്ല പ്രവർത്തിക്കുന്നതു്. ബാല്യത്തിൽനിന്നു് കൗമാരത്തിലേക്കു് പ്രവേശിക്കുന്ന ഒരു കുട്ടി അവന്റെ സ്വാതന്ത്ര്യബോധവും വ്യക്തിത്വവും പലവിധേന പ്രകടിപ്പിക്കും. നിങ്ങളുടെ ആജ്ഞകൾ എല്ലാം അതേപടി ശിരസാവഹിച്ചെന്നു വരികയില്ല. "അതെന്താണു് അങ്ങനെ", "ഇതെന്താണു് ഇങ്ങനെ" എന്നും അവൻ അറിയാൻ ആഗ്രഹിക്കുന്ന ഒരു ഘട്ടമാണിതു്. ഇതു് ആദ്യം നിങ്ങളെ അസ്വാസ്ഥ്യം

കരിയെന്നു വരാം. അവൻ ദുശ്ശാഠ്യം പിടിക്കുന്നുവെന്ന് നിങ്ങൾ കരുതിയേക്കാം. അനുസരണം ആവശ്യംതന്നെ. പക്ഷേ അതിരുകവിഞ്ഞ കർശനത്വം ഉപേക്ഷിക്കണം. അതിരുകവിഞ്ഞ അനുസരണം പ്രതീക്ഷിക്കാതിരിക്കയാണ് ഉത്തമം. വളരെയധികം ക്ഷമ മാതാപിതാക്കന്മാർ കാണിക്കേണ്ട ഒരു സന്ദർഭമാണിത്. കുട്ടികളുടെ ഈ വിപരീത മനോഭാവം അവരുടെ വകതിരിവിന്റെ വളർച്ചയുടെ ഒരു ഘട്ടംമാത്രമാണ്. രക്ഷാകർത്താക്കൾ ക്ഷമാശീലരും അനുകമ്പയുള്ളവരുമാണെങ്കിൽ ഈ കാലഘട്ടം അപകടംകൂടാതെ തീരും.

### 5. കുട്ടികളെ ഒരിക്കലും നാവുകൊണ്ട് ശിക്ഷിക്കരുത്

ഭീഷണികളും ശകാരങ്ങളും തൽക്കാലം അവരെ പ്രവൃത്തിസന്നദ്ധരാക്കിയെന്നു വരാം. എന്നാൽ അവയുടെ പാടുകൾ മാഞ്ഞുപോകാതെ അവരുടെ മനസ്സിൽ നിലനിൽക്കും. നാവുകൊണ്ടുള്ള ദണ്ഡനം വടികൊണ്ടുള്ളതിനെക്കാൾ വേദനാജനകമായിരിക്കും. ശാരീരികമായ വേദന കാച്ചകഴിയുമ്പോൾ ഇല്ലാതാകുന്നു എന്നാൽ ദുഷിച്ച നാവുകൊണ്ട് മനസ്സിനുതട്ടുന്ന വേദന മറക്കയില്ല.

ഭീഷണികൾ പ്രായോഗികമാകയില്ലയെന്ന ഒരു അപകടംകൂടി ഇതിനുണ്ട്. ജോലിത്തിരക്കുള്ള മാതാവിനും, ക്ഷീണിതനായ പിതാവിനും എളുപ്പം ലഭിക്കുന്ന ഒരായുധമാണു ഭീഷണി. ഇതാവർത്തിച്ചാവർത്തിച്ച് അർത്ഥമില്ലാതായിത്തീരും. ഇതുകൊണ്ടേ നാം വഴങ്ങില്ലെന്നു കുട്ടിമനസ്സിലാക്കുകയും ചെയ്യും.

മൂർച്ചയേറിയ വാക്കുകളും ഇതുപോലെതന്നെ നിഷിദ്ധമാണ്. കുട്ടികളുടെ വീര്യത്തെ കെടുത്തുന്ന യാതൊരു പ്രയോഗങ്ങളും ഉപയോഗിക്കരുത്.

### 6. അമിതമായ ശിക്ഷ ഒരിക്കലും അരുത്

ഇതു ശിക്ഷയുടെ ഗൗരവവും ശക്തിയും കുറയ്ക്കും. “തോന്ന്യവാസം” ചെയ്യുന്നതിനുള്ള മാറാവിലയായി ശിക്ഷ പരിഗണിക്കപ്പെടും. ശരിയായ പ്രോത്സാഹനംകൊണ്ടുമാത്രമേ കുട്ടികൾ നന്നായി വളരികയുള്ളൂ.

### 7. കുട്ടികളുടെ ഭാവിയെ ഹനിക്കുന്ന യാതൊരു ശിക്ഷയും നൽകരുത്

അവരുടെ അത്താഴം ഉറക്കം മുതലായവ ഒരിക്കലും നിഷേധിക്കരുത്.

ശിക്ഷയായി എന്തെങ്കിലും ജോലി ചെയ്യിക്കുന്നതും അഭിലഷണീയമല്ല. കാരണം, ജോലിചെയ്യാൻ നാമെല്ലാവരും ചുമതലപ്പെട്ടവരാണ്. അതിനാൽ അതൊരു ശിക്ഷയല്ല. എന്നിരുന്നാലും ചില സാഹചര്യങ്ങളിൽ ഇത്തരം ശിക്ഷ സ്വീകാര്യമാകും. മാതാവിന്റെ നിർദ്ദേശത്തിനു വിരുദ്ധമായി പന്തടിച്ച് ജനാലയുടെ ചില്ല് പൊട്ടിച്ച കുട്ടിക്ക് പുതിയ ചില്ല് വാങ്ങുന്നതിനു സാധാരണ ജോലിക്കു പുറമെ, കൂടുതൽ ജോലി ചെയ്യണമെന്ന ശിക്ഷ നന്നായിരിക്കും. കുട്ടികളിൽ കഴിയുന്നത്ര ഉത്തരവാദിത്വബോധം ഉളവാക്കത്തക്ക വിധത്തിലുള്ള ശിക്ഷകൾവേണം സ്വീകരിക്കാൻ.

### 8. ശിക്ഷ ഒരിക്കലും നീട്ടിവെക്കരുത്

ആലോചനയും സാവകാശവും കൂടാതെ ധൃതിയിൽ ശിക്ഷിക്കുന്ന രക്ഷാകർത്താക്കളാണ് ഭൂരിപക്ഷമെങ്കിലും, തങ്ങളുടെ കുട്ടികളോടുള്ള പ്രത്യേക വാത്സല്യം നിമിത്തമോ മറ്റോ, ശിക്ഷയുടെ ഉത്തരവാദിത്വം ഏറെറടുക്കാനുള്ള മടികൊണ്ട്, ചില അമ്മമാർ, ശിക്ഷയെല്ലാം അപ്പന്മാർക്ക് വിട്ടുകൊടുക്കുന്നു. “അപ്പച്ചൻ ആപ്പീസിൽനിന്നും വരട്ടെ”യെന്ന താക്കീതിൽ കുട്ടിയെ ഭയപ്പെടുത്തിനിർത്തും. തന്മൂലം വരാനിരിക്കുന്ന ശിക്ഷയെപ്പററി അനാവശ്യമായ ഭീതിയും മനോവേദനയും അനുഭവിക്കാൻ ഇട വരുന്നു. ഇങ്ങനെ അപ്പച്ചൻ വരുന്നതിനു മുമ്പുതന്നെ ഭയങ്കരമായ ഒരു ശിക്ഷ അവൻ ഏററുകഴിയുന്നു.

ശിക്ഷ എപ്പോഴും ഒരു പാഠം പഠിപ്പിക്കുന്നതിനു വേണ്ടിയായിരിക്കണം. അക്കാരണത്താൽ ശിക്ഷയും അതിനുള്ള കാരണവും തമ്മിൽ തക്കതായ ബന്ധമുണ്ടായിരിക്കണം. ശിക്ഷ ഭാവിയിലേക്കു നീട്ടിവെക്കുന്നതുമൂലം ഈ ബന്ധം കുട്ടികൾ വിസ്മരിക്കുകയും, ശിക്ഷയുടെ വില നഷ്ടപ്പെടുകയും ചെയ്യും.

ഫലവത്തായ പരിശീലനത്തിനു, എല്ലാ കാര്യങ്ങളിലും ക്രമം പാലിക്കയാണു വേണ്ടതു. സ്നേഹവും ശിക്ഷണവും തമ്മിലുള്ള സങ്കലനംകൊണ്ടേ ഇതു സാദ്ധ്യമാകയുള്ളൂ. കുട്ടികളുടെ ബഹുമാനം ആർജ്ജിക്കുന്നതിനു അവരോടു ബഹുമാനം കാണിക്കുകയാണു വേണ്ടതു. നിങ്ങളുടെ കുട്ടിക്കു മനുഷ്യത്വമുള്ള ഒരു ഹൃദയമുണ്ട്.

# തീർത്ഥകസ്മരണകൾ

## VI

വിമാനയാത്രയെക്കുറിച്ചു പലർക്കും പല തെററിദ്ധാരണകളുമുണ്ട്. ചിലർ ചോദിക്കുകയാണ്: വിമാനത്തിൽ കയറിയാൽ ഇരിപ്പിടത്തോടു ആളെ ബെൽററിട്ടു മുറുക്കികെട്ടുകയില്ലേ? നില്ക്കുവാനും നടക്കുവാനും മററും തരപ്പെടുമോ? അതല്ല ഇരുന്ന ഇരിപ്പിൽതന്നെ യാത്രയുടെ അവസാനംവരെയും കഴിച്ചുകൂട്ടണമോ? ഉണ്ണുവാനും ഉറങ്ങുവാനും മററും സൗകര്യമുണ്ടായിരിക്കുമോ? ആകാശത്തുനിന്നു കീഴോട്ടുനോക്കുമ്പോൾ പേടിയും വിറയലുമുണ്ടാകയില്ലേ? ഇതുപോലെ അനേകമനേകം ചോദ്യങ്ങൾക്കു ഞാൻ ഇതിനോടകം ഉത്തരം പറയേണ്ടിവന്നിട്ടുണ്ട്. പറന്നുയർന്നുകഴിഞ്ഞാൽ ബെൽട്ടു അഴിച്ചുമാററാം. മേലോട്ടുയരുമ്പോൾതന്നെയും അത്തരമൊരു മുൻകരുതലിന്റെ ആവശ്യകത എന്താണെന്നു ഇന്നും എനിക്കു ബോദ്ധ്യമായിട്ടില്ല. അത്ര പ്രശാന്തവും സുഖപ്രദവുമായിരുന്നു ഉടനീളം ഞങ്ങളുടെ യാത്ര. യാതൊരുവക തിരിച്ചിലോ തകിടംമറിച്ചിലോ ഞങ്ങൾക്കനുഭവപ്പെട്ടില്ല. സ്വന്തം മുറിയിലെന്നോണം ഇരിക്കുകയോ, നില്ക്കുകയോ, നടക്കുകയോ, ഭക്ഷണംകഴിക്കുകയോ, കാപ്പികുടിക്കുകയോ, ചീട്ടുകളിക്കുകയോ, ക്ഷൗരംചെയ്യുകയോ, മുഖം കഴുകുകയോ ഒക്കെ സൗകര്യംപോലെ ചെയ്യുവാൻ ഒരു പ്രയാസവുമില്ല. യഥേഷ്ടം വായിക്കുകയും എഴുതുകയും ചെയ്യാം. ഓരോ സീററിന്റേയും മുമ്പിൽ ഒരു ചെറിയ മേശ ഘടിപ്പിച്ചിട്ടുണ്ട്. സ്വൈരസല്ലാപം മാത്രം അത്ര സുഖകരമല്ല. വായുവിന്റെ സമ്മർദ്ദനശക്തി കുറയുന്നതുകൊണ്ടു കാതുകൾ താനെ അടഞ്ഞുപോകും. ചിലർക്കു ചെവിവേദനയുമുണ്ടായേക്കാം. കാതുകൾക്കുള്ളിൽ പഞ്ഞി കുത്തിച്ചെലുത്തുന്നതുകൊണ്ടു ചക്രത്തിരിച്ചിലിന്റെ കർണ്ണാന്തുദമായ സ്വരത്തിന്റെ ഭയങ്കരത്വം മെല്ലൊരു ശമനം കിട്ടുമെന്നല്ലാതെ, മഹാശല്യത്തിനു അതൊരു പരിഹാരമാകയില്ല. എന്നാൽ മേലേക്കിടയിൽപെട്ട വിമാനങ്ങളിൽ ആ ഉപദ്രവത്തെപ്പോലും പ്രതിരോധിപ്പാനുള്ള യാന്ത്രിക സജ്ജീകരണങ്ങളുണ്ടെന്നാണു കേൾക്കുന്നതു. എന്തായാലും വ്യോമയാനത്തിൽ ആകാശച്ചൊരുക്ക് അത്ര അപൂർവ്വമല്ലെന്നു തോന്നി, ചൊരുക്കേല്ക്കുന്നവരുടെ ഉപയോഗത്തിനായി മേൽത്തട്ടിൽ ശേഖരിച്ചുവെച്ചിരുന്ന കടലാസുചെപ്പുകളുടെ എണ്ണം കണ്ടപ്പോൾ. ഭാഗ്യവശാൽ ഞങ്ങളിൽ മൂന്നുപേർക്കു മാത്രമേ ആ ബാധയുണ്ടായുള്ളൂ. സോഫാമാതൃകയിലുള്ള ഇരിപ്പിടങ്ങളുടെ പിൻഭാഗം പുറകോട്ട് ആവശ്യാനുസാരം മലർത്തിനിറുത്താവുന്ന വിധത്തിലാണു നിബന്ധിച്ചിട്ടുള്ളതു. ആകയാൽ ചാരിക്കിടന്നു സുഖമായുറങ്ങുന്നതിനു അശേഷം ക്ലേശമില്ല. ചൊരുക്കേല്ക്കുന്നവർക്കു ഈ ഏർപ്പാടു വിശിഷ്യ ആശ്വാസപ്രദമാണ്.

ഉന്നതമണ്ഡലത്തിലേക്കുയരുമ്പോൾ ആർക്കെങ്കിലും ശൈത്യം ദുസ്സഹമായി തോന്നിയാൽ ഉപയോഗിക്കുന്നതിനുവേണ്ടി കട്ടിയുള്ള രോമകമ്പളികളും വിമാനത്തിലുണ്ട്. ഞങ്ങളുടെ കൂട്ടത്തിൽ ചുരുക്കം ചിലർക്കേ അതിന്റെ ആവശ്യം നേരിട്ടുള്ളൂ. കടലിനു മുകളിൽവെച്ചല്ലാതെ, കരയിൽ വിമാനത്തിനു തകരാറൊന്നും പിണയുകയില്ലെന്നു വിമാനാധികാരികൾക്കു വല്ല ഉറപ്പും ഉണ്ടായിരുന്നുവോ എന്നു സംശയിക്കും, “ലൈഫ് ജാക്കററ്”ല്ലാതെ “പാരഷൂട്ട്” പോലുള്ള വേറൊരു രക്ഷാകവചവും വിമാനത്തിലില്ലെന്നു കാണുമ്പോൾ. വെള്ളത്തിൽ വീണാൽ മുങ്ങിച്ചാവാതെ രക്ഷപെടുവാനുള്ള ഉപകരണമാണെല്ലോ ലൈഫ്ജാക്കററ്. അതു ഉപയോഗിക്കേണ്ടവിധം ചുരുങ്ങിയ വാക്കുകളിൽ അതിന്മേൽ അച്ചടിച്ചിട്ടുണ്ട്.

കാപ്പിയും ചായയും മററും ചൂടാക്കുവാനുള്ള സാമഗ്രികളല്ലാതെ ഭക്ഷണം പാകംചെയ്യുവാനുള്ള ഏർപ്പാടുകളൊന്നും ഞങ്ങളുടെ വിമാനത്തിലുണ്ടായിരുന്നില്ല. ഭക്ഷണസമയത്തിനു മുമ്പ് അടുത്ത വിമാനസങ്കേതത്തിലെത്തിച്ചേരുകയില്ലെങ്കിൽ, പുറപ്പെടുന്നതിനു മുമ്പു യാത്രക്കാർക്കാവശ്യമുള്ള വിഭവങ്ങൾ വിമാനത്തിൽ ശേഖരിച്ചുവെക്കുകയാണു പതിവ്. ഓരോരുത്തർക്കുമുള്ള ഭക്ഷണപദാർത്ഥങ്ങൾ ഓരോ കടലാസുപെട്ടിയിൽ വൃത്തിയായി പാക്കുചെയ്തിരിക്കും. സമയമാകുമ്പോൾ ആ പെട്ടികൾ യാത്രക്കാരുടെ ഇടയിൽ വിതരണം ചെയ്യുവാൻ പ്രയാസമില്ലല്ലോ. വിമാനത്തിൽവെച്ചു ഇങ്ങനെ പ്രധാനഭക്ഷണം കഴിക്കേണ്ട സന്ദർഭങ്ങൾ ഞങ്ങൾക്കു ദുർല്ലഭമായിട്ടേ ഉണ്ടായുള്ളൂ.

മദ്ധ്യരാത്രിയിലെ കൂരിരുൾച്ചുരുളുകൾ തുളച്ചുകൊണ്ടുള്ള ആദ്യയാത്രയിൽ അംബരദേശത്തു മിന്നിത്തിളങ്ങിയിരുന്ന നക്ഷത്രജാലങ്ങളല്ലാതെ ഒന്നും ദൃഷ്ടിഗോചരമായില്ല. പോരെങ്കിൽ ഉറക്കം കുടിശ്ശിക ഇരട്ടിപ്പലിശയടക്കം വസൂൽചെയ്യുവാൻ വെമ്പൽകൊണ്ടിരുന്നതിനാൽ ഏറെത്താമസിയാതെ ഞാൻ ഗാഢനിദ്രയിൽ ലയിക്കയുംചെയ്തു. മൂന്നുമണിക്കൂറോടെ കറാച്ചിനഗരത്തിന്മീതെയെത്തിയപ്പോഴാണ് സുഖസുഷുപ്തിയിൽനിന്നു ഉണർന്നെഴുന്നേററതു. “ബെൽററ് മുറുക്കുക; പുകവലി നിറുത്തുക;” എന്ന നോട്ടീസ് വീണ്ടും പ്രത്യക്ഷപ്പെട്ടു. കീഴോട്ടു നോക്കിയപ്പോൾ കണ്ടകാഴ്ച കണ്ണിനൊന്നാന്തരം ഉത്സവംതന്നെയായിരുന്നു. ആറേഴുനാഴിക ചുററളവിൽ ഒരമിട്ടുപെട്ടി വിടർന്നുനിന്നാലത്തെ കൗതുകം ഊഹ്യമാണല്ലോ. വെടിക്കെട്ടുഭ്രമം മലയാളിയുടെ കൂടപ്പിറപ്പാണെന്നു വേണം കരുതുവാൻ. കരിമരുന്നുകൊണ്ടുള്ള അമിട്ടു വിയന്മണ്ഡലത്തിലേക്കുയർന്നു പൊട്ടിവിരിഞ്ഞു നൊടിയിടകൊണ്ടു പൊലിഞ്ഞുപോകും. എങ്കിലും ഇത്ര നയനാഭിരാമമായ പ്രദർശനം വേറൊന്നില്ലതന്നെ. വൻനഗരങ്ങളുടെ മീതെ നിശാവേളയിൽ പറന്നുപോകുമ്പോൾ താഴെ പല വലുപ്പത്തിലും വർണ്ണത്തിലും ജ്വലിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതദീപാവലി വിടർത്തിനിറുത്തുന്ന അമിട്ടു പെട്ടെന്നു മാഞ്ഞുപോകുന്ന ഒന്നല്ല. കണ്ണുനിറച്ചുംവരെ കണ്ടാനന്ദിക്കുവാൻ വേണ്ടുവോളം വക നല്കുന്ന ഒന്നായിരിക്കും അതു.

ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഞങ്ങൾ പാക്കിസ്ഥാൻ തലസ്ഥാനത്തിലെ വിമാന സങ്കേതത്തിലിറങ്ങിക്കഴിഞ്ഞു. പതിവുള്ള പരിശോധനകളും ചോദ്യങ്ങളും കഴിഞ്ഞ് ഏകദേശം ഒരു മണിക്കൂറിനുള്ളിൽ ഞങ്ങൾ വീണ്ടു വ്യോമമദ്ധ്യത്തിലേക്കുയർന്നു പ്രഭാതമായപ്പോഴേക്കും ഏഷ്യാമൈനറിലെ നീണ്ടുനിവർന്നുകിടക്കുന്ന മണലാരണ്യത്തിലെ ഷാർജ എന്ന വിമാനത്താവളത്തിൽ എത്തിച്ചേർന്നു.

(പി. കാക്കശ്ശേരി)

—

വേദശാസ്ത്രപംക്തി

# പാപസങ്കീർത്തനം

## XXIX

### കൂദാശാഫലങ്ങൾ

കുമ്പസാരംമൂലം പാപമോക്ഷം പ്രാപിക്കുന്നതോടുകൂടി പാപം നിമിത്തം നിർജ്ജീവമായിപ്പോയ പുണ്യയോഗ്യതകൾ പുനർജ്ജീവിക്കും. അതേവിധം തന്നെ വിമുക്തമായ പാപവും, ഗുരുതരമായ തോതിൽ വീണ്ടും പ്രമാണം ലംഘിക്കുന്നതോടുകൂടി, കുററവും ശിക്ഷയും സംബന്ധിച്ചിടത്തോളം രണ്ടാമതും ഉയിർത്തെഴുന്നേല്ക്കുമോ? ഒരിക്കൽ പൊറുക്കപ്പെട്ട പാപം പിന്തിരിയുകയില്ലെന്നാണു ദൈവശാസ്ത്രജ്ഞന്മാരുടെ സർവ്വസാധാരണമായ അദ്ധ്യാപനം. വിശുദ്ധഗ്രന്ഥവും, സഭാപാരമ്പര്യവും, വൈദികയുക്തിയും പ്രസ്തുത സിദ്ധാന്തത്തെ ശക്തിയുക്തം സ്ഥാപിക്കയും ചെയ്യുന്നുണ്ട്.

അനുഗ്രഹമൂർത്തിയായ ദൈവം പാപങ്ങൾ പരിപൂർണ്ണമായും നിരുപാധികമായും പൊറുത്തുകളയുന്നു എന്നു ഉദാഹരിക്കുന്ന പല പ്രസ്താവനകളും ഉപമകളും വേദപുസ്തകത്തിൽ കാണാം. ഏശയ്യാ ദീർഘദർശിവഴി ദൈവം കല്പിച്ചരുളുന്നു: “നിന്റെ പാപങ്ങൾ ചെമ്പുഴപോലെ കടുംചുവപ്പുള്ളതാണെങ്കിൽ അവ ഹിമസമാനം വെളുപ്പാക്കപ്പെടും; പുഴുവിനുതുല്യം അവ ചുവന്നതാണെങ്കിൽ കമ്പിളിരോമംകണക്കെ വെണ്മയുള്ളതായി പകരും.” (ഏശ. 1,18) “ഞാൻതന്നെയാണ് എന്നെപ്രതി നിന്റെ പാതകങ്ങൾ മായിച്ചുകളയുന്നതു; നിന്റെ പാപങ്ങൾ ഞാനൊരിക്കലും അനുസ്മരിക്കയില്ല.” (43,25) “മേഘംകണക്കെ നിന്റെ പാതകങ്ങൾ ഞാൻ നശിപ്പിച്ചുകളഞ്ഞു; പാപങ്ങൾ മേഘശകലംപോലെയും.” (44,22) “സ്വന്തം ദുഷ്ടതയിൽനിന്നു പിന്തിരിയുന്ന ക്ഷണത്തിൽ ദുഷ്ടന്റെ ദുഷ്ടത അവനെ ഉപദ്രവിക്കയില്ല.........അവൻ ചെയ്തിട്ടുള്ള യാതൊരു പാപവും അവനിൽ ആരോപിക്കപ്പെടുകയുമില്ല.” (എസക്കിയേൽ 33,12 16) പ്രസ്തുതപ്രസ്താവനകൾ സ്വയം വിശദങ്ങളാണല്ലോ.

ഫറവോന്റെ പടയാളികളെ മുഴുവനായും വിഴുങ്ങിക്കളഞ്ഞ ചെങ്കടലിനോടു മാമ്മോദീസായെ താരതമ്യം ചെയ്തുകൊണ്ടു മഹാനായ വി. ഗ്രിഗോറിയൂസ് പറയുന്നു: “ഈജിപ്ഷ്യൻ സൈന്യം ചെങ്കടലിൽ മുങ്ങിമരിച്ചുപോയതുപോലെ തന്നെ ജ്ഞാനസ്നാനത്തിൽ പാപങ്ങളെല്ലാം പാടേ പൊറുക്കപ്പെടുന്നു. ഈജിപ്തുകാർ യഥാർത്ഥമായും മൃതിയടഞ്ഞുവെന്നു ആരെങ്കിലും സമ്മതിക്കുന്നപക്ഷം, ആയാൾ അദ്ധ്യാത്മസ്നാനത്തിൽ പാപങ്ങളും നേരാംവണ്ണം നാമാവശേഷമായിപ്പോകുന്നു എന്നു സമ്മതിച്ചേ മതിയാകൂ; എന്തുകൊണ്ടെന്നാൽ നമ്മുടെ പാപവിമോചനത്തിൽ സത്യം സത്യത്തിന്റെ നിഴലിനെക്കാൾ പ്രാബല്യം കൂടിയതാണ്.” (ലേഖനം XI, 45).

ഏശയ്യായുടെ ഒരു വാക്യം (43,25) വ്യാഖ്യാനിച്ചുകൊണ്ട് വി. അംബ്രോസ്, ഈശ്വരൻ നീതീകരിക്കപ്പെട്ട ഒരു പാപിയെ ഇങ്ങനെ ഉൽബോധിപ്പിക്കുന്നതായി സങ്കല്പിച്ചിരിക്കുന്നു: “ഞാൻ ഓർക്കുകയില്ല; നീയാകട്ടെ ഓർമ്മവെച്ചിരുന്നാലും: എന്നു വെച്ചാൽ, ഞാൻ നിന്നോടു ക്ഷമിച്ച പാപങ്ങളൊന്നും വീണ്ടും അനുസ്മരിക്കയില്ല; ഒരുതരം മറവിയാൽ അവ ആവരണം ചെയ്യപ്പെട്ടുപോയി; എന്നാൽ നീ അവയെക്കുറിച്ചു ഓർമ്മയുള്ളവനായിരുന്നാലും.”

ത്രിദന്തീനോസ് സൂനഹദോസിന്റെ ചില നിർണ്ണയങ്ങളിലും ഈ സിദ്ധാന്തം തെളിഞ്ഞുകാണാം. അഞ്ചാംവകുപ്പ് അഞ്ചാം കാനോനായിൽ സൂനഹദോസ് പ്രസ്താവിക്കുന്നു: “നീതീകരണകൃപാവരത്താൽ പാപമായിട്ടുള്ളതെല്ലാം സമൂലം ദൂരീകരിക്കപ്പെടുന്നു; തന്മൂലം പാപം ആരോപിക്കപ്പെടുകയില്ലെന്നു മാത്രമല്ല, മുഴുവനായും വിമോചിക്കപ്പെടുകയും ചെയ്യുന്നു.” ആവർത്തിച്ചുപറയുന്നു: “വീണ്ടും പാപത്തിൽ വീഴുമെന്നു ദൈവം മുൻകൂട്ടികാണുന്നവർക്കു പോലും ഈദൃശപ്രസാദവരം നല്കപ്പെടുന്നു.” ഇത്തരക്കാരുടെ കാര്യത്തിൽ പോലും വീണ്ടും ഓർക്കപ്പെടുവാനിടയില്ലാത്തമട്ടിലാണു പാപങ്ങൾ പൊറുക്കപ്പെടുന്നതു് എന്നു പ്രസ്പഷ്ടമായി ധ്വനിക്കുന്നില്ലയോ?

വൈദികയുക്തിയും ഈ തത്വത്തെ ശക്തിയുക്തം പിന്താങ്ങുന്നുണ്ട്. ദൈവപരിപാലനയുടെ നിലവിലുള്ള ക്രമത്തിൽ പാപം വിമോചിക്കപ്പെടുന്നതു പ്രസാദവരദാനവും, ഈശ്വരമൈത്രിയുടെ പുനഃസ്ഥാപനവും കൊണ്ടാണ്. ഈദൃശപാപപ്പൊറുതി തീർച്ചയായും നിരുപാധികമായിരിക്കണം; ഭാവിനിലനില്പിനെ മാത്രം ആശ്രയിച്ചിരിപ്പാൻ ഒട്ടും നിവൃത്തിയില്ല. എന്നാൽ ദൈവം നല്കുന്ന പാപവിമോചനം, പാപത്തിന്റെ ആവർത്തനത്താൽ ആദ്യകാലപാപങ്ങൾ പുനർജ്ജീവിക്കത്തക്ക വ്യവസ്ഥയോടുകൂടിയാണെങ്കിൽ, അത്തരം പാപവിമോചനം ഒരിക്കലും നിരുപാധികമായിരിക്കയില്ലല്ലോ.

(പി. കെ)




# ഉൽകണ്ഠവേണ്ടാ

“ഒരേ സമയത്തു് ഒരുവനു രണ്ടു പേരുടെ ദാസനായിരിക്കുക സാദ്ധ്യമല്ല—ഒന്നുകിൽ ഒരുവനെ വെറുത്തു മററവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുവനെ പൂജിക്കയും അപരനെ നിന്ദിക്കയും ചെയ്യും. നീ ഒന്നുകിൽ ദൈവത്തെ അല്ലെങ്കിൽ ധനത്തെ സേവിക്കണം, ഇരുവരേയും സേവിക്കുക സാദ്ധ്യമല്ല. ഭക്ഷ്യപാനീയങ്ങൾകൊണ്ടു നിങ്ങളുടെ ജീവനെ എങ്ങനെ സംരക്ഷിക്കും, നിങ്ങളുടെ ശരീരത്തെ എങ്ങനെ ഉടുപ്പിക്കും, എന്നതിനെക്കുറിച്ചു നിങ്ങൾ ഉൽകണ്ഠിതരാകരുതു് എന്നു ഞാൻ നിങ്ങളോടു പറയുന്നു. ജീവൻ ഭക്ഷണത്തെക്കാളും ശരീരം വസ്ത്രത്തെക്കാളും വിശിഷ്ടമായ ഒരു ദാനമല്ലേ? കണ്ടാലും! ആകാശത്തിലെ പക്ഷികൾ ഒരിക്കലും വിതെയ്ക്കുകയോ കൊയ്യുകയോ അറകളിൽ ധാന്യം ശേഖരിക്കുകയോ ചെയ്യുന്നില്ല. എന്നിട്ടും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു് അവയെ തീററിപ്പോററുന്നുണ്ടല്ലോ. അവയെക്കാൾ ശ്രേഷ്ഠത നിങ്ങൾക്കില്ലേ? എത്രമാത്രം ഉൽകണ്ഠയുണ്ടായാലും നിങ്ങളിൽ ആർക്കെങ്കിലും തന്റെ ഉയരം ഒരിഞ്ചു വർദ്ധിപ്പിക്കുവാൻ കഴിയുമോ? വസ്ത്രത്തെ സംബന്ധിച്ചു നിങ്ങൾ എന്തിനു ഉൽകണ്ഠപ്പെടുന്നു? കാട്ടുലില്ലികളെ കണ്ടാലും! അവ അദ്ധ്വാനിക്കുന്നില്ല, നെയ്യുന്നുമില്ല. എന്നിട്ടും ശ്ലേമോൻ പോലും അവന്റെ സർവ്വപ്രതാപത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നു വളർന്നു നില്ക്കുന്നതും നാളെ അഗ്നിക്കിരയായിത്തീരുന്നതുമായ വയലിലെ പുല്ലുകളെ ദൈവം ഇപ്രകാരം അണിയിക്കുന്നുവെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ അണിയിക്കുന്നതിനു അവിടുന്നു എത്ര കൂടുതൽ സന്നദ്ധനായിരിക്കും? ഞങ്ങൾ എന്തു തിന്നും എന്തു കുടിക്കും എങ്ങനെ വസ്ത്രം ഉണ്ടാക്കും എന്നു പറഞ്ഞുകൊണ്ടു നിങ്ങൾ ഉൽകണ്ഠാഭരിതരാകേണ്ട. ഈവക കാര്യങ്ങളിൽ മുഴുകിയിരിക്കുകയെന്നതു് പുറജാതികൾക്കു യോജിച്ചതത്രെ. ഇവയെല്ലാം നിങ്ങൾക്കാവശ്യമാണെന്നറിയുന്ന സ്വർഗ്ഗസ്ഥനായ ഒരു പിതാവു് നിങ്ങൾക്കുണ്ടു്. ദൈവത്തിന്റെ രാജ്യവും അവിടുത്തെ സമ്മതിയും പ്രാപിക്കുക എന്നതായിരിക്കട്ടെ നിങ്ങളുടെ പ്രഥമചിന്ത. അപ്പോൾ അപേക്ഷിക്കാതെതന്നെ ഇവയെല്ലാം നിങ്ങൾക്കുണ്ടായിക്കൊള്ളും.” (പന്തക്കുസ്താ 14-ാം ഞായർ; സുവിശേഷം: മത്താ VI, 24—33)

മനുഷ്യഹൃദയം സദാ ഇളകിമറിഞ്ഞു പ്രചണ്ഡവാതങ്ങളാൽ പ്രക്ഷുബ്ധമായ ഒരു സമുദ്രംപോലെയാണെന്നു വിശ്രുത ലിഖിതങ്ങൾ ഉൽഘോഷിക്കുന്നു. മററുള്ളവരുടെ അന്തർഗതങ്ങൾ അറിയുവാനുള്ള വരം കൈവന്നിട്ടില്ലെങ്കിലും ഏതെങ്കിലും തരത്തിലുള്ള ക്ലേശങ്ങളോ ഭയാശങ്കകളോ ഇല്ലാത്തവരായി എന്റെ അനുവാചകന്മാരിൽ ആരുംതന്നെ ഉണ്ടാകയില്ലെന്നു പറഞ്ഞാൽ അതു വെറും ഒരു പരമാർത്ഥമായിരിക്കും. ധനസമൃദ്ധിയിൽ ആറാടുന്നവൻ ഒരു പക്ഷേ രോഗത്താൽ ക്ലേശിക്കുന്നുണ്ടായിരിക്കാം; അല്ലെങ്കിൽ, ബാങ്കുകളുടെ സുസ്ഥിതി, വ്യവഹാരത്തിന്റെ ജയാപജയങ്ങൾ, മാർക്കററ് നിലവാരം എന്നിവയെക്കുറിച്ചുള്ള ഭയാശങ്കകളോ സ്വഗൃഹത്തിലെ അന്തഃഛിദ്രങ്ങളോ അയാളെ അലട്ടുന്നുണ്ടായിരിക്കാം. ആത്മഹത്യചെയ്യുന്നവരിൽ അധികംപേരും ധനവാന്മാരാണെന്നു സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. അന്നന്നു കൂലിവേലചെയ്തു ജീവിക്കുന്നവർക്കും ഉഴക്കു ചോർകൊണ്ടൊന്നു വാസരാന്തം കഴിച്ചുകൂട്ടുന്നവർക്കും, അതുതന്നെ എന്നും ലഭിക്കുമോ എന്നും ജോലിയുണ്ടാകുമോ, കിടപ്പിലായാൽ എന്തുചെയ്യും, ചികിത്സിക്കുവാൻ പണമെവിടെനിന്നുലഭിക്കും എന്നിങ്ങനെയുള്ള ചുടുചിന്തകൾ ഭാവിയെ ഭയാനകമാക്കിത്തീർക്കും. ചിലർക്കു വീട്ടിൽ ഒരു രോഗിയുണ്ടായിരിക്കാം. മററു ചിലർക്കു തങ്ങൾ ആരംഭിക്കുവാൻപോകുന്ന അതിപ്രധാനവും വിധിനിർണ്ണായകവുമായ ഒരു കാര്യത്തിന്റെ ശുഭപര്യവസാനത്തെപ്പററി ആശങ്കയുണ്ടായിരിക്കാം. പെൺമക്കളെ കെട്ടിച്ചുകൊടുക്കുവാൻ പോംവഴി കാണാതെ കുഴങ്ങുന്നു ചിലർ; മക്കളുടെ ധാർഷ്ട്യവും അസന്മാർഗ്ഗികതയുംകൊണ്ടു ക്ലേശിക്കുന്നു വേറെ ചിലർ. ഇങ്ങനെയുള്ള കടുത്ത പരമാർത്ഥ്യങ്ങളുടെ മുമ്പിൽ നാം നില്ക്കുമ്പോൾ ദിവ്യരക്ഷകന്റെ അമൃതസമാനമായ മധുരോക്തികൾ നമുക്കു സമാശ്വാസം പ്രദാനം ചെയ്യുന്നു: “ഭക്ഷ്യപാനീയങ്ങൾകൊണ്ടു നിങ്ങളുടെ ജീവനെ എങ്ങനെ സംരക്ഷിക്കും, നിങ്ങളുടെ ശരീരത്തെ എങ്ങനെ ഉടുപ്പിക്കും, എന്നതിനെക്കുറിച്ചു നിങ്ങൾ ഉൽകണ്ഠിതരാകരുതു്......ആകാശത്തിലെ പക്ഷികളെ നോക്കുവിൻ......വയലിലെ ലില്ലിപുഷ്പങ്ങളെ നോക്കുവിൻ......അവയെക്കാൾ ശ്രേഷ്ഠത നിങ്ങൾക്കില്ലേ?......ഇവയെല്ലാം നിങ്ങൾക്കാവശ്യമാണെന്നറിയുന്ന സ്വർഗ്ഗസ്ഥനായ ഒരു പിതാവു് നിങ്ങൾക്കുണ്ടു്.”

തന്നിമിത്തം വ്യഥാഭയത്താലും ആശങ്കകളാലും വിഷാദങ്ങളാലും നാം പ്രക്ഷുബ്ധരാകാതെ നമ്മുടെ സർവ്വകാര്യങ്ങളും ദൈവത്തെ ഭരമേല്പിക്കണം. വി. അപ്പസ്തോലൻ പറയുന്നു: “നിങ്ങൾ യാതൊന്നിനെക്കുറിച്ചും ആകുലചിത്തരാകേണ്ട; പ്രത്യുത, പ്രാർത്ഥനകളാലും യാചനകളാലും നിങ്ങളുടെ കാര്യങ്ങൾ ദൈവത്തെ അറിയിക്കുവിൻ.” വി. പത്രോസും ഈ ആശയംതന്നെ ഉന്നിപ്പറയുന്നുണ്ടു്: “നിങ്ങളുടെ ക്ലേശങ്ങൾ ദൈവത്തെ ഭരമേല്പിക്കുക; അവിടുന്നു നിങ്ങളെ താങ്ങിക്കൊള്ളും.” ദൈവം നിങ്ങൾക്കു ജീവനെ നൽകിയിട്ടുണ്ടെങ്കിൽ അതിനെ നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗങ്ങളും അവിടുന്നു ഏർപ്പെടുത്തിയിട്ടുണ്ടായിരിക്കും. പ്രജകളെ പീഡിപ്പിക്കയും അതു കണ്ടു ചിരിക്കയും ചെയ്യുന്ന ഒരു സ്വേച്ഛാധിപതി—റോമാനഗരത്തിനു തീ കൊടുക്കുവാൻ കല്പിക്കയും നഗരം കത്തിക്കൊണ്ടിരുന്നപ്പോൾ സ്വപ്രജകളുടെ ദീനരോദനങ്ങൾക്കിടയിൽ വീണവായിച്ചു രസിക്കയും ചെയ്ത നീറോ ചക്രവർത്തിയെപ്പോലെ—അല്ല ദൈവം. അല്ലെങ്കിൽ, പ്രസവിച്ചവീണ ഉടനെതന്നെ തങ്ങളുടെ സ്വന്തശിശുക്കളെ തിന്നുകളയുന്ന ഇതിഹാസപ്രോക്തങ്ങളായ ഭയങ്കരയക്ഷികളെപ്പോലെയുമല്ല ദൈവം. അല്ല, ഒരിക്കലുമല്ല. അവിടുന്നു് എല്ലാം അറിയുന്നവനാണു്; അവിടുത്തേക്കു് എല്ലാം സാദ്ധ്യമാണു്; അവിടുന്നു് അനന്തസ്നേഹനിധിയായ ഒരു പിതാവുമാണു്. ഭൂമിയിലുള്ള എല്ലാ പിതൃത്വവും ദൈവത്തിന്റെ പിതൃത്വത്തിലുള്ള അംശമാത്രമാണെന്നു വി. പൗലോസ് എഴുതിയിട്ടുണ്ടു്. തന്നിമിത്തം ഒരു ഭൗതികപിതാവിനു് തന്റെ മക്കളുടെ നേരെയുള്ള വാത്സല്യത്തിന്റെയും ഉൽകണ്ഠയുടേയും എത്രയോ ആയിരം മടങ്ങു് നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനു് നമ്മുടെ നേരെയുണ്ടായിരിക്കുമെന്നു നാം ആലോചിച്ചുനോക്കണം. “മകൻ അപ്പം ചോദിച്ചാൽ അവനു് കല്ലു് നീട്ടിക്കൊടുക്കുന്ന ഒരു മനുഷ്യൻ നിങ്ങളിലാരുണ്ടു? അല്ലെങ്കിൽ തന്നോടു ഒരു മത്സ്യം ചോദിച്ചാൽ ഒരു പാമ്പിനെ അവനു് നീട്ടിക്കൊടുക്കുമോ? ആകയാൽ ദോഷികളായിരിക്കുന്ന നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കുവാൻ അറിഞ്ഞിരിക്കുന്നെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് എത്രയധികമായി നന്മകൾ തന്നോടു ചോദിക്കുന്നവർക്കു നല്കും?” (മത്താ. VII, 9—11) വി. ചെറുപുഷ്പം തന്റെ ആദ്ധ്യാത്മിക സൗധത്തിന്റെ അടിത്തറ പാകിയതും പിതാവായ ദൈവത്തിലുള്ള ശിശുസഹജമായ പ്രത്യാശയിലല്ലയോ? എല്ലാം ഞാനാണു നടത്തുന്നതു്, ഞാനില്ലെങ്കിൽ കാര്യങ്ങളൊന്നും നടക്കുകയില്ല എന്നെല്ലാം വിചാരിച്ചു്, ഓടിപ്പാഞ്ഞു നടക്കുകയും വിഷാദിക്കയും ആകുലാശങ്കകൾക്കധീനനാകുകയും ചെയ്തിട്ടു് എന്തു പ്രയോജനമാണുള്ളതു്? “എത്രമാത്രം ഉൽകണ്ഠയുണ്ടായാലും നിങ്ങളിലാർക്കെങ്കിലും തന്റെ ഉയരം ഒരു ഇഞ്ചു് വർദ്ധിപ്പിക്കുവാൻ കഴിയുമോ?” എന്നു ദിവ്യരക്ഷകൻ ചോദിക്കുന്നു. എല്ലാം ദൈവമാണു നടത്തിക്കൊണ്ടുപോകുന്നതെന്നുള്ള ദൃഢവിശ്വാസവും തജ്ജന്യമായ ആശ്വാസസ്ഥിതിയും നമ്മിൽ വളരട്ടെ. ആകാശത്തിലെ പക്ഷിജാലങ്ങൾ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറകളിൽ ധാന്യം ശേഖരിക്കുന്നുമില്ല. ചുരുക്കം ചില പക്ഷികൾ ധാന്യം സംഭരിക്കുന്നുണ്ടെങ്കിലും അവ അപ്രകാരം ചെയ്യുന്നതു യാതൊരു വേവലാതിയും കൂടാതെയാണു്. എന്നാൽ എല്ലാ ദിവസവും പ്രഭാതംമുതൽ പ്രദോഷംവരെ അവ വൃക്ഷശിഖരങ്ങളിൽ തത്തിക്കളിച്ചുകൊണ്ടു കളകൂജനത്താൽ ദൈവനാമത്തെ പാടിപ്പുകഴ്ത്തുന്നു. കാരണം, അവയുടെ ഹൃദയത്തിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള സ്വാഭാവപ്രേരണയാൽ അവയ്ക്കറിയാം, ഇന്നു തങ്ങളെ തീററിപ്പോററിയ ദൈവംതന്നെ നാളേയും തങ്ങളെ സംരക്ഷിച്ചുകൊള്ളുമെന്നു്. പുഷ്പങ്ങളുടെ അനവദ്യമായ ഭംഗിയേയും വിവിധവർണ്ണപ്രചുരിമയേയും പററി ഇവിടെ വർണ്ണിക്കേണ്ട ആവശ്യമില്ല. ദിവ്യരക്ഷകൻ ന്യായപൂർവ്വം ചോദിക്കുന്നു, പക്ഷികളേയും പുഷ്പങ്ങളേയുംകാൾ ശ്രേഷ്ഠസൃഷ്ടികളായ മനുഷ്യരെ ദൈവം പരിപാലിക്കാതിരിക്കുമോ എന്നു്.

“ഈശ്വരപരിപാലനഭവനം” എന്ന പേരിൽ സുപ്രസിദ്ധമായിട്ടുള്ള ഒരു മഹാസ്ഥാപനം ഇററലിയിലെ ട്യൂറിൻ പട്ടണത്തിൽ ഉള്ളതായി നിങ്ങൾ കേട്ടിരിക്കും. 10000 ആതുരന്മാരെ ഒരേസമയത്തു കിടത്തി ശുശ്രൂഷിക്കുന്നതിനുള്ള കട്ടിലുകളും മററു സൗകര്യങ്ങളും അവിടെയുണ്ടത്രെ! നമ്മുടെ തിരു-കൊച്ചി സംസ്ഥാനത്തിലെ എല്ലാ ആസ്പത്രികളിലേയും കട്ടിലുകളുടെ ആകെസംഖ്യ നോക്കിയാൽ ഇത്രയുണ്ടാകുമോ എന്നു സംശയമാണു്. എന്നാൽ ഇത്ര വലിയൊരു സ്ഥാപനം നടന്നുപോകുന്നതു് എങ്ങനെയാണു? സ്ഥാവരജംഗമവസ്തുക്കളോ ബാങ്കിൽ നിക്ഷേപങ്ങളോ അവർക്കു ഒട്ടുംതന്നെയില്ല. ദൈവപരിപാലനയിൽ ശരണം വെച്ചുകൊണ്ടും ഉദാരമനസ്കരുടെ ഉള്ളഴിഞ്ഞ സംഭാവനകളെമാത്രം ആശ്രയിച്ചുകൊണ്ടുമാണു് അവരുടെ ഓരോ ദിവസവും കഴിഞ്ഞുകൂടുന്നതു്. ദൈവം അവരെ ഒരിക്കലെങ്കിലും ഉപേക്ഷിച്ചിട്ടുമില്ല. ദരിദ്രനായി ജനിച്ചു് ദരിദ്രനായി ജീവിച്ചു് ദരിദ്രനായിത്തന്നെ മരിച്ച വി. ഡോൺബോസ്കോ മരിക്കുന്ന സമയത്തു് 800 കുട്ടികളുണ്ടായിരുന്ന തന്റെ അനാഥശാലയ്ക്കു പിറേറദിവസം ആവശ്യമുള്ള ഭക്ഷണസാധനങ്ങൾപോലും ആരെങ്കിലും കടംതരുമെന്നുള്ള ഉറപ്പുമാത്രമേ ഉണ്ടായിരുന്നുള്ളു! എന്നിട്ടും ആ സ്ഥാപനത്തെ ദൈവം കൈവിട്ടില്ല. ഈ ഒരു വിശ്വാസം നമ്മിലും ദൃഢമൂലമാകട്ടെ. ചിലർ വിചാരിക്കുന്നു: എനിക്കിപ്പോഴുള്ള സ്വത്തു പോരാ; ഇപ്പോഴത്തെ വീടു പോരാ; വസ്ത്രങ്ങൾ പോരാ; സുഖസൗകര്യങ്ങൾ പോരാ; എന്താണു് ദൈവം എന്റെ ആഗ്രഹങ്ങൾ സാധിപ്പിക്കാത്തതു്? എന്നാൽ ദൈവം നമുക്കു ജീവിക്കുവാൻ അത്യാവശ്യമുള്ളവമാത്രമെ നല്കുവാൻ ചുമതലപ്പെട്ടിട്ടുള്ളു എന്നു നാം സ്മരിക്കണം. ഏലിയാസ് ദീർഘദർശിക്കു വിശന്നപ്പോൾ രാജകീയ അരമനയിലെയോ പ്രഭുമന്ദിരങ്ങളിലെയോ സമ്പൽസമൃദ്ധിയിലേക്കല്ല അയക്കപ്പെട്ടതു്; പ്രത്യുത, സറെഫാററായിലെ ഒരു സാധുവിധവയുടെ പക്കലേക്കായിരുന്നുവെന്നുള്ളതു് ശ്രദ്ധാർഹമാണു്.

എല്ലാം ദൈവം സംരക്ഷിച്ചുകൊള്ളും, നാം കൈയുംകെട്ടിയിരുന്നാൽ മതി, എന്നിങ്ങനെയുള്ള മനസ്ഥിതിയിലേക്കു നാം വഴുതിവീഴരുതു്. ദൈവത്തോടു സഹകരിച്ചു പ്രവർത്തിക്കുവാൻ മനസ്സുള്ളവരെമാത്രമേ അവിടുന്നു സംരക്ഷിക്കയുള്ളു. ദൈവം പക്ഷിജാലങ്ങളെ തീററിപ്പോററുന്നുണ്ടെന്നുള്ളതു് ശരിതന്നെ. എന്നാൽ അവിടുന്നു് അവയുടെ കൊക്കിൽ ഇരവെച്ചുകൊടുക്കുന്നില്ല. അവ അതിരാവിലെ ഉണർന്നു ഇരതേടിപ്പോകുന്നു. ഇതുപോലെ ഓരോരുത്തനും കഴിവനുസരിച്ചു് ബുദ്ധിമുട്ടുകയും ചുമതലകൾ നിർവ്വഹിക്കയും ചെയ്യേണ്ടതാണു്. അർത്ഥസമ്പുഷ്ടമായ ഒരു വാക്യം ദിവ്യരക്ഷകൻ കൂട്ടിച്ചേർത്തിട്ടുണ്ടു്: “നിങ്ങൾ ആദ്യമായി ദൈവത്തിന്റെ രാജ്യവും അതെ നീതിയും അന്വേഷിപ്പിൻ; അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു നല്കപ്പെടും.” പത്തു പ്രമാണങ്ങൾ കൃത്യമായി അനുസരിച്ചുകൊണ്ടു് നീതിമാന്മാരായി ജീവിക്കുവാൻ എല്ലാവരും ഉത്സുകരാകട്ടെ. “നീതിമാൻ ഉപേക്ഷിക്കപ്പെട്ടവനായിട്ടോ അവന്റെ സന്താനം അപ്പം അന്വേഷിക്കുന്നതായിട്ടോ ഞാൻ കണ്ടിട്ടില്ല” എന്നുള്ള സങ്കീർത്തകന്റെ വാക്യം പ്രത്യേകം സ്മർത്തവ്യമാണു്.

(ജെ. ചെമ്മണ്ണൂർ)




ഭർത്താവു്: “പിന്നെ, ഒരുങ്ങിക്കഴിഞ്ഞില്ലേ? ഇറങ്ങാറായോ?”

ഭാര്യ: “നിങ്ങളിങ്ങനെ തല്ലിയലച്ചും ഞാനെന്തുചെയ്യും! ഞാൻ എത്രപ്രാവശ്യമായി പറയുന്നു ഒരു മിനിട്ടിനുള്ളിൽ വന്നേക്കാമെന്നു്.”

* * *

മാത്തുമൂപ്പിന്നു പുനർവിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീയുമൊരുമിച്ചു പോകുമ്പോൾ വഴിമദ്ധ്യേ, ഒരു പഴയ സ്നേഹിതൻ മൂപ്പിന്നിനെ സമീപിച്ചു് ഇപ്രകാരം ചെവിയിൽ പറഞ്ഞു: “മൂപ്പിന്നിന്റെ ഭാര്യക്കു കണ്ണില്ലെന്നുമാത്രമേ ഞാൻ കേട്ടിരുന്നുള്ളു. മുടന്തിയും കൂടിയാണല്ലോ.”

മാത്തുമൂപ്പിന്നു്: “തനിക്കതു് ഉറക്കെപ്പറയാം. അവൾ പൊട്ടിയും കൂടിയാണു.”

* * *

പ്രസാധകൻ: “ഈ കവിത നിങ്ങൾതന്നെ എഴുതിയതാണോ?”

കവിയശഃപ്രാർത്ഥി: “പിന്നെന്താ സംശയം? അതിലെ ഓരോ വാക്കും ഞാനെഴുതിയതാണു്.”

പ്രസാധകൻ (തൊഴുതുകൊണ്ടു്): “ദീർഘായുഷ്മാനായ ശ്രീ കുഞ്ചൻനമ്പ്യാരേ! അങ്ങേക്കു നമസ്കാരം. അങ്ങയെ കാണ്മാൻ ഭാഗ്യമുണ്ടായതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അങ്ങു മരിച്ചുപോയെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്.”

* * *

ഭ്രാന്താശുപത്രി കാണാൻ ചെന്നയാൾ സൂപ്രണ്ടിനോടു്: “നിങ്ങളെന്താ ആ സ്ത്രീയെ അങ്ങനെ പുറത്തുനില്ക്കാൻ അനുവദിച്ചിരിക്കുന്നതു? അവളുടെ ഭാവം കണ്ടിട്ടു അവളെ എപ്പോഴും തടവിൽത്തന്നെ ഇട്ടിരിക്കേണ്ടതാണെന്നു തോന്നുന്നല്ലോ.”

സൂപ്രണ്ടു്: “അവളെ തടവിലിടാൻ തല്ക്കാലം ഉദ്ദേശിക്കുന്നില്ല. അവൾ എന്റെ ഭാര്യയാണു്. എന്നോടു ഒരു കാര്യം പറവാനായി ഇവിടെ വന്നതാണു്.”

## ഒരിടവകയിൽ ഒരു കത്തോലിക്കൻമാത്രം

ജപ്പാന്റെ പുരാതന തലസ്ഥാനമായ നാരായ്ക്കു സമീപമുള്ള കവനിഷി എന്ന ഗ്രാമത്തിൽ ഒരു കത്തോലിക്കാ ദേവാലയം പണികഴിപ്പിച്ചിരിക്കുന്നു. പക്ഷെ ഇപ്പോൾ ആ ഗ്രാമത്തിൽ ഒരൊററ കത്തോലിക്കൻ മാത്രമേയുള്ളൂ. അവിടത്തെ മേയർ ഉൾപ്പെടെ, അടുത്തുതന്നെ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ പോകുന്ന ജനങ്ങളുടെ പരിശ്രമഫലമായിട്ടാണു ദേവാലയം നിർമ്മിച്ചിരിക്കുന്നതു്.

ഗ്രാമോദ്ധാരണപംക്തി

# ഉഴുന്നുകൃഷി

ഉഴുന്നു് ഒരൊന്നാന്തരം ഭക്ഷണസാധനമാണെന്നു് എല്ലാവർക്കും അറിയാവുന്നതാണു്. അതിൽ ആട്ടമാംസത്തിൽ അടങ്ങിയിരിക്കുന്ന എല്ലാ പോഷകാംശങ്ങളും അടങ്ങിയിട്ടുണ്ടു്. മിക്ക രാജ്യങ്ങളിലും ഉഴുന്നുകൊണ്ടു പല വിധത്തിലുള്ള പലഹാരങ്ങളും ഉണ്ടാക്കി നിത്യഭക്ഷണത്തിൽ ഒരു വലിയ ഭാഗമായി ഉപയോഗിച്ചുവരുന്നു. ഇന്ത്യയിൽ കന്നുകാലികൾക്കും ഉഴുന്നു് ഒരൊന്നാന്തരം ആഹാരസാധനമായി കൊടുത്തുവരുന്നുണ്ടു്. ഇപ്രകാരം ഉഴുന്നിന്റെ വിവിധോപയോഗങ്ങൾ ആലോചിച്ചാൽ ഉഴുന്നു മനുഷ്യാഹാരത്തിൽ ഒരു വലിയ പങ്കു് വഹിക്കുന്നുണ്ടെന്നുള്ളതു തർക്കമററ സംഗതിയാണു്. കുറച്ചൊന്നു മനസ്സിരുത്തിയാൽ നമ്മുടെ നിത്യോപയോഗത്തിനും അതിലും കൂടുതലും ഉഴുന്നു് ആദായകരമായ വിധത്തിൽ നിഷ്പ്രയാസം നമുക്കുതന്നെ ഉല്പാദിപ്പിക്കുവാൻ കഴിയുന്നതാണു്.

### ഒരു പുതിയ നിർദ്ദേശം

മലബാറിൽ സാധാരണയായി രണ്ടാം വിള കൊയ്തതിനുശേഷം ഒന്നാം വിള ഇറക്കുന്നതുവരെ മിക്ക കൃഷിസ്ഥലങ്ങളും വെറുതെ തരിശായിടുകയാണു പതിവു്. (ഡിസമ്പർ-ജനുവരി മുതൽ മാർച്ച്-ഏപ്രിൽവരെ). ഈ കാലങ്ങളിൽ രണ്ടാം വിള കൊയ്തതിനുശേഷം ആദ്യത്തെ ആഴ്ചയിലോ രണ്ടാമത്തെ ആഴ്ചയിലോ പൂവലിന്റെ തരംപോലെ ഉഴുന്നു വിതയ്ക്കുന്നതായാൽ ഒരു ഒന്നാംതരം വിളവു എടുക്കാമെന്നു കണ്ടിരിക്കുന്നു. രണ്ടാം വിള കൊയ്തതിനുശേഷം രണ്ടോ മൂന്നോ പ്രാവശ്യം ഉഴുകയോ മററൊ ചെയ്തു ഏക്കറിനു 15 റാത്തൽ മുതൽ 20 റാത്തൽവരെ വിത്തു വിതയ്ക്കാവുന്നതാണു്. വിതച്ചതിനുശേഷം 70 ദിവസമാകുമ്പോഴേക്കും നല്ലവണ്ണം പുഷ്പിച്ചു ധാരാളം കായുണ്ടാകുന്നു. 80 ദിവസമാകുമ്പോഴേക്കും പൂർണ്ണ വളർച്ചയെത്തി സസ്യം ഉണങ്ങുവാൻ തുടങ്ങുന്നു.

ഉണങ്ങുവാൻ തുടങ്ങിയാൽ മുഴുവനും പറിച്ചെടുത്തു കായ് വേറെ ശേഖരിക്കുകയോ, അല്ലാത്തപക്ഷം എല്ലാ ചെടികളെ ഉണക്കി മണി വേർപെടുത്തിയെടുക്കുന്നതുപോലെ ഉണക്കുകയോ ചെയ്താൽ മതി. ഇപ്രകാരം കിട്ടിയ ഉഴുന്നു് ഒന്നുരണ്ടു ദിവസം നല്ലവണ്ണം ഉണക്കി സൂക്ഷിക്കുക. ഏക്കറിനു 1,000 റാത്തൽ മുതൽ 1,200 റാത്തൽവരെ വിളയുന്നതായി അടുത്ത വർഷത്തിൽ നടത്തിയ പരീക്ഷണത്തിൽനിന്നു തെളിഞ്ഞിരിക്കുന്നു. ഈ പരീക്ഷണം കുറച്ചു വൈകിയതിനുശേഷമാണു് ആരംഭിക്കുവാൻ കഴിഞ്ഞതു്. ആയതുകൊണ്ടു രണ്ടാം വിള കൊയ്ത ഉടനെ പൂവൽ വിടുന്നതിനുമുമ്പു വിത്തു വിതച്ചാൽ ഇതിലും കൂടുതൽ വിളവുണ്ടാകുമെന്നു തീർച്ചയാക്കാവുന്നതാണു്.

ഉഴുന്നു കൃഷിചെയ്യുന്നതുകൊണ്ടു നാം അറിയാത്ത വിധത്തിൽ പല ഗുണങ്ങളും സിദ്ധിക്കുന്നുണ്ടു്. ഉഴുന്നു ചെടി ഇരട്ടപ്പരിപ്പു സസ്യങ്ങളിൽപ്പെട്ട (Leguminous Crops) ഒന്നായതുകൊണ്ടു് അതു വായുവിൽനിന്നു പാക്യജനകം (Nitrogen) ശേഖരിച്ചു മണ്ണിനെ ഫലവത്താക്കിത്തീർക്കുന്നു. നിരന്തരമായി കൃഷി ചെയ്യുന്നതുകൊണ്ടും വേണ്ടപോലെ വളം ചേർക്കാത്തതുകൊണ്ടും, മലബാറിലെ പെട്ടെന്നുള്ള വർഷാധിക്യം കൊണ്ടും വളം നഷ്ടപ്പെട്ടുപോയ നമ്മുടെ മണ്ണിനെ ഫലവത്താക്കിത്തീർക്കുവാൻ ഈ ഉഴുന്നുകൃഷി ഒരു അനുഗ്രഹമായിത്തീരുന്നതാണു്.

ഇപ്രകാരം ഉഴുന്നുകൃഷി ചെയ്യുന്നതുകൊണ്ടു ധാരാളം ഉഴുന്നു ലഭിക്കുന്നതിനു പുറമെ ഭൂമിയെ ഫലവത്താക്കുകയും, അതിന്റെ ചണ്ടി കന്നുകാലികൾക്കു ഒരു ഒന്നാംതരം ഭക്ഷണസാധനമായിത്തീരുകയും ചെയ്യുന്നു. ആയതുകൊണ്ടു് എല്ലാ കൃഷിക്കാരും രണ്ടാംവിള കൊയ്തതിനുശേഷം നിഷ്പ്രയാസം നടത്താവുന്ന ഈ കൃഷിയിൽ പ്രത്യേകം ശ്രദ്ധവെക്കുവാൻ അഭ്യർത്ഥിക്കുന്നു.

### അനുഭവവേദ്യമായ അറിവു്

ഈ കൃഷിയെപ്പററി എനിക്കനുഭവമുള്ള ഒരു സംഗതി ഇവിടെ പ്രസ്താവയോഗ്യമാണു്. ചില കൃഷിക്കാർ ഉഴുന്നു കൃഷി ചെയ്യുന്നതായാൽ കന്നുകാലികളുടെ ഉപദ്രവം നിമിത്തം അതിനു സാദ്ധ്യമല്ലെന്നു പറയുകയുണ്ടായി. അത്തരം മുടന്തൻ ന്യായങ്ങൾ പറയുന്ന കർഷകരോടു എനിക്കൊന്നു പറയുവാനുള്ളതു് ഈ സ്ഥലങ്ങളിൽ തന്നെ 7-8 മാസം നെൽകൃഷി നില്ക്കുന്ന സ്ഥലമാണെല്ലോ. ആ കാലത്തു എന്തുകൊണ്ടു കന്നുകാലികളുടെ ഉപദ്രവം ഉണ്ടായില്ല? അതുപ്രകാരം എല്ലാ കൃഷിക്കാരും ഏകോപിച്ചു് ഈ കൃഷിയിൽ ഏർപ്പെടുന്നപക്ഷം നെൽകൃഷി പോലെതന്നെ വിജയകരമായി ഈ കൃഷിയും നടത്താവുന്നതാണു്. ഈ കൃഷി ഒന്നാംവിള ഇറക്കുന്നതിനു ഒരു മാസംമുമ്പുതന്നെ അവസാനിക്കുന്നതുകൊണ്ടു ഒന്നാംവിളയ്ക്കു നിലം പാകപ്പെടുത്തുവാനും മററും ധാരാളം സമയം പിന്നെയും ലഭിക്കുന്നതാണു്.

(മ. പ.)

---

വി. യൗസേപ്പു് പുണ്യവാന്റേയും വി. അന്തോനിസ് പുണ്യവാന്റേയും ബ: അൽഫോൻസാമ്മയുടേയും മദ്ധ്യസ്ഥസഹായത്താൽ രണ്ടു് കൊല്ലമായി യാതൊരു വിവരവും ഇല്ലാതെ ഇരുന്ന എന്റെ സഹോദരന്റെ എഴുത്തു് വന്നതിനു കൃതജ്ഞത. എന്നു ജെ.

---


ശ്രീ. വി. എസ്. ആൻഡ്രൂവിനു

## അഭിനന്ദനം

Secretario Di Stato വത്തിക്കാൻ
Di Sua Santita 1950 ജൂലൈ 8

ശ്രീ വി. എസ്. ആൻഡ്രൂ അവർകൾ പരിശുദ്ധ പിതാവിനു സമർപ്പിച്ച "ശാന്തിസന്ദേശം" എന്ന ഗ്രന്ഥത്തിന്റെ പ്രതികൾ കൈപ്പററിയ വിവരം അദ്ദേഹത്തെ അറിയിക്കുന്നതിനു അവിടുത്തെ സ്റ്റെയിററു സിക്രട്ടറിയേററ് നിയോഗിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ വികാരിയുടെ അധിശ്രദ്ധയ്ക്കു സമർപ്പിച്ച ഈ "തിരുമുൽക്കാഴ്ച"യ്ക്കു പ്രേരകമായ മൂല്യവികാരങ്ങളെ തിരുമനസ്സുകൊണ്ടു ഹാർദ്ദമായി അഭിനന്ദിക്കുന്നു.

മുദ്ര.




കടനാട്ടു പള്ളിയിലെ വാർഷികധ്യാനം റവ. ഫാ. ലിയോ ഒ. എഫ്. എം. അവർകളുടെ നേതൃത്വത്തിൽ ആഗസ്റ്റ് 6 മുതൽ 13 വരെ തീയതികളിലായി നടന്നിരിക്കുന്നു. 6-ാംനു-യും 8-ാംനു-യും ബ്രദർ പീററർ റെസ്സി എം. എ. യുടെ പ്രസംഗവുമുണ്ടായിരുന്നു.

—പെരിങ്ങുഴ സൊഡാലിററി അംഗങ്ങൾ ആഗസ്റ്റ് 17-ാംനു- സത്യദീപദിനമായാചരിച്ചിരിക്കുന്നു. കുട്ടികൾ 7 ബാച്ചായിതിരിഞ്ഞു എല്ലാ വീടുകളിലും സത്യദീപവുമായി ചെന്നു പ്രചരണം നടത്തി.

—കടുത്തുരുത്തി: നിഴൂർ പള്ളിയിലെ സൊഡാലിററിയുടെ വാർഷികസമ്മേളനം ആഗസ്റ്റ് 15-ാംനു- റവ. ഫാ. പീററർ കോയിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. മെ. ജോസഫ് തുമ്പനാൽ, വി. ജെ. സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.

—അരുവിക്കുഴി ലൂർദ് പള്ളി ഇടവകയിലെ മിഷൻസംഘത്തിന്റെ ഒരു യോഗം ആഗസ്റ്റ് 15-ാംനു- ശ്രീ എം. ടി. എബ്രാഹത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

—കുനമ്മാവു്: ഉന്നതവിദ്യാഭ്യാസാർത്ഥം റോമിലേക്കു പോകുന്ന റവ. ഫാ. ജനുവാരിയൂസ് സി. ഡി. ബി. എ. അവർകൾക്കു് യാത്രയയപ്പു നല്കുന്നതിനായി ആഗസ്റ്റ് 15-ാംനു- ഒരു പൊതുയോഗം റവ. ഫാ. ഡൊമിനിക് കോയിക്കര അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു.

—പായ്പ്പൂരു പഴയപള്ളിയിൽസ്ഥാപിതമായിരിക്കുന്ന സൊഡാലിററിയുടെയും യുവജനലീഗിന്റെയും ദ്വിതീയ സംയുക്തവാർഷികം ആഗസ്റ്റ് 15-ാംനു- റവ. ഫാ. അഗസ്റ്റിൻ ഒണ്ണൂക്കളം അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ എം. എ. ചാക്കോ, ശ്രീ വി. സി. ജോസഫ്, ശാസ്ത്രി ശ്രീ ടി. ഡി. തോമസ് ബി. എസ് സി., ശ്രീ എം. എം. വറുഗീസ് എന്നിവർ പ്രസംഗിച്ചു.

—മഞ്ഞുമ്മൽ സൊഡാലിററികളുടെയും ക്രൂശുയോദ്ധസമിതിയുടെയും സംയുക്തവാർഷികം ആഗസ്റ്റ് 15-ാംനു- റവ. ഫാ. മത്യൂ കൊററിയത്തു് എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. ശ്രീ കെ. ററി. എബ്രാഹം എം. എ. പ്രസംഗിച്ചു.

—മുഴിക്കുളം: ആഗസ്റ്റ് 15-ാംനു- വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ 1000-ത്തോളം സാധുക്കൾക്കു് നെല്ലു സംഭാവന ചെയ്യുകയും ശ്രീ പോൾ തച്ചിൽ എം. എ. എൽ. ടി. യുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടുകയും ചെയ്തിരിക്കുന്നു.

—കുത്തേടം: ആഗസ്റ്റ് 15-ാംനു- സൊഡാലിററിയുടെ ഒരു സാധാരണയോഗം റവ. ഫാ. ലെയോ റോച്ചെയുടെ അദ്ധ്യക്ഷതയിൽ കൂടുകയും മി. കെ. എക്സ്. ജോൺ എം. എ. പ്രസംഗിക്കുകയും ചെയ്തിരിക്കുന്നു. യോഗാനന്തരം "ധീരവനിത" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—പറപ്പൂക്കര: റോം സന്ദർശനം കഴിഞ്ഞു് മടങ്ങിയെത്തിയിരിക്കുന്ന സ്ഥലം പള്ളിവികാരി റവ. ഫാ. തോമസ് അ


# അനുഭവസാക്ഷ്യം No. 60.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്,
പ്രൊപ്രൈറ്റർ, കാളൻ ആയുർവ്വേദിക് ഫാർമസി, നെല്ലായി P. O.

പ്രിയ വൈദ്യരെ,

പരസ്യങ്ങൾ മുഖേനയാണു് താങ്കളുടെ പ്രസിദ്ധങ്ങളായ സിദ്ധൗഷധങ്ങളെപ്പററി ഞാൻ ആദ്യം അറിയുവാൻ ഇടയായതു്. അതിനാൽ ആധുനികപരസ്യപ്രസ്ഥാനങ്ങളുടെ വെളിച്ചത്തിൽ അല്പം അപൂർണ്ണമായ വിശ്വാസത്തോടും, അതേ സമയംതന്നെ പരീക്ഷണബുദ്ധിയോടും അനുഭവിച്ചറിയുവാനുള്ള ആകാംക്ഷയോടുംകൂടിയാണു്, താങ്കളുടെ ഔഷധങ്ങളെ മൂന്നു മാസം മുമ്പു് ഞാൻ സമീപിച്ചതു്.

എന്നാൽ എനിക്കാദ്യമുണ്ടായ ആശങ്ക അസ്ഥാനത്തായിരുന്നു എന്നും, ദ്രാക്ഷാരിഷ്ടം, ശാരിബാദിതൈലം, എന്നിവ (ഇവ രണ്ടുമാണു് ഉപയോഗിച്ചിരുന്നതു്.) ശോധനക്കുറവു്, മൂത്രാധിക്യം, അത്യഗ്നി, ചുട്ടുവാതം മുതലായ രോഗങ്ങൾക്കു്, കൈകണ്ട ഔഷധമാണെന്നും, അനുഭവംകൊണ്ടു് എനിക്കിപ്പോൾ പൂർണ്ണബോദ്ധ്യം വന്നിരിക്കുന്നു.

താങ്കളുടെ ഈ കണ്ടുപിടിത്തങ്ങൾ ഇൻഡ്യൻ വൈദ്യശാസ്ത്രപുരോഗതിയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നിരിക്കുന്നുവെന്നും, താങ്കളുടെ ഔഷധങ്ങൾ, ആരോഗ്യത്തിന്റെ ആലയത്തിലേയ്ക്കുള്ള ഏററവും നല്ല എളുപ്പവഴിയാണെന്നും ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

1—1—1126 } പി. ജി. പുരുഷോത്തമൻ പിള്ള എം. എ.
17—8—1950 } ലക്ചറർ (ഒപ്പ്)
ഗവമ്മേണ്ടു് കോളേജ്, മംഗലാപുരം

ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ ശരീരത്തിലെ ഭൂമിജലാംശങ്ങൾ (സൗമ്യാംശം—കഫം) ക്ഷയിക്കുമ്പോളാകുന്നു (അഗ്നി, വായു, ആകാശം എന്നീ ഭൂതാംശങ്ങൾ—തീക്ഷ്ണാംശം വർദ്ധിക്കുമ്പോളാകുന്നു) ശോധനക്കുറവു്, മൂത്രാധിക്യം, അത്യഗ്നി (അധികവിശപ്പു്—വയറുകത്യാളിച്ച) തുടങ്ങിയവകൾ ഉണ്ടാകുന്നതു്. ദേഹത്തിലെ ചൂടുവർദ്ധിച്ചു് ഇപ്രകാരമുള്ള ലക്ഷണങ്ങൾ വർദ്ധിക്കുംതോറും ദേഹത്തിലെ ജലാംശം (സ്നിഗ്ദ്ധത—എണ്ണ—കൊഴുപ്പു്) നശിക്കുന്നതിനാൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനേകവിധരോഗങ്ങളിൽ ഒന്നു മാത്രമാണു് "ചുട്ടുവാതം" എന്നു പറയുന്നതു്.

ദേഹത്തിൽനിന്നു ക്ഷയിച്ചുപോയ സൗമ്യാംശത്തെ വർദ്ധിപ്പിച്ചു് പഞ്ചഭൂതാംശങ്ങളെ സാമ്യമാക്കുവാനുള്ള ഉത്തമ ഔഷധങ്ങൾ ആകയാലാണു് "ദ്രാക്ഷാരിഷ്ടം, ശാരിബാദിതൈലം" എന്നീ ഔഷധങ്ങളെ സിദ്ധൗഷധങ്ങളെന്നു അനുഭവസാക്ഷ്യങ്ങളിൽ പ്രശംസിച്ചിട്ടുള്ളതു്. ദേഹത്തിലെ ചൂടു് ക്രമാതീതമായി വർദ്ധിച്ചു് ഓജക്ഷയം (ധാതുക്കളുടെ ക്ഷയം) ബാധിച്ചുവരുക്കെല്ലാം ഈ ഔഷധങ്ങൾ സഹസ്രഫലങ്ങളുളവാക്കുന്നുള്ള പരമാർത്ഥം അനുഭവസാക്ഷ്യങ്ങളിൽ നിന്നു വ്യക്തമാകുന്നുണ്ടു്.

നിംബാസവം 18 ഔ. കുപ്പി 2 ക. ദ്രാക്ഷാരിഷ്ടം 25 ക. തൂക്കം കുപ്പി 4 ക. 8 ണ. ശാരിബാദിതൈലം 18 ഔ. കുപ്പി 3 ക. 8 ണ. ഈ വിലപ്രകാരം താഴെ പറയുന്ന സ്ഥലങ്ങളിൽനിന്നു കിട്ടുന്നതാണു്.

എറണാകുളം:—മമ്പിള്ളി ഡിസ്പെൻസറി (ബ്രാഡ്‌വെ). ആലുവ—ആലുവാ മെഡിക്കൽ സ്റ്റോർ (റെയിൽവെസ്റ്റേഷനു സമീപം) ഇരിങ്ങാലക്കുട—മേനോൻ & കമ്പനി (പോസ്റ്റാപ്പീസിനു സമീപം). തൃശ്ശൂർ—സെയിൽസ് ഡിപ്പോ, ഫ്രാൻസീസ് ബിൽഡിങ്ങ്സ് (ചെട്ടിയങ്ങാടി). ഔഷധങ്ങൾ വി. പിയായി വേണ്ടവർ അഡ്വാൻസ് അയക്കണം. (പാക്കിങ്ങ് പോസ്റ്റേജ് വേറെ). രോഗസംബന്ധമായ വിശദവിവരങ്ങൾ അറിയിക്കുന്നവർക്കു് ആവശ്യമുള്ള ഉപദേശങ്ങൾ നൽകുന്നതാണു്.

പ്രൊ: കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി.
TELE: 'KALAN'. TRICHUR.



## യാക്കോബായസഭയും റീത്തു പാത്രിയർക്കീസും

ഗ്രന്ഥകർത്താ: ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി

യാക്കോബായ സഹോദരങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തിനു് ഏററം പ്രയോജകീഭവിക്കുന്ന ഒരു പുതിയ പുസ്തകം.

വില 8 ണ. 5 കോപ്പിക്കു് 2 ക. മാത്രം. ഉടൻ അപേക്ഷിക്കുക.

മാനേജർ, സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവല്ലാ or
റവ. ഫാദർ ഇഞ്ചയ്ക്കലോടി, പന്തളം, A. O. & P. O.

ടമ്പുകളും അവർകൾക്കു് ഇടവകക്കാരുടെ വകയായി ഒരു സ്വീകരണം നല്കിയിരിക്കുന്നു.

—പൂഞ്ഞാർ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു വായനശാല ആരംഭിച്ചിരിക്കുന്നു.

—കരുഞ്ചി: കഴിഞ്ഞയാഴ്ചയിൽ വിൻസെന്റ് ഡി പോൾ സംഘാംഗങ്ങൾ സാധുകുടുംബങ്ങൾ സന്ദർശിച്ചു 400 ക. വിലവരുന്ന വസ്ത്രങ്ങൾ വിതരണം ചെയ്തിരിക്കുന്നു.

—വല്ലം: മരിയാസഖ്യത്തിന്റെ ഒരു സാധാരണയോഗം ആഗസ്റ്റ് 15-ാംനു- റവ. ഫാ. ഫ്രാൻസിസ് തച്ചിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീമതി കെ. ടി. ത്രേസ്യാമ്മ ബി എ എൽ ടി, മി. ആർ. ജോസഫ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—കരിക്കുന്നം: സ്ഥലവാസികളായ അവശക്രൈസ്തവരുടെ ഒരു പൊതുയോഗം ആഗസ്റ്റ 20-ാംനു- ശ്രീ ഈപ്പൻ ചിറയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ എം. സി. തൊമ്മച്ചിൽ, ശ്രീ പി. പി. ചെസമൺ, ശ്രീ സി. കെ. തോമസ് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽവച്ചു ഒരു "അവശക്രിസ്ത്യൻ സംഘടന" രൂപവൽക്കരിക്കുകയും ചെയ്തു.

—അരൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യം, ദിവ്യകാരുണ്യബാലസൈന്യം, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം ആഗസ്റ്റ് 15-ാംനു- റവ. ഡോ. ജോൺ നെടുനിലത്തു് പി എച്ച് ഡി എസ് ടി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. അവസരത്തിൽ മിസിസ് ബേബി ജോസഫ്, ശ്രീ ആന്റണി പരിമണത്തു ബി എ എന്നിവർ പ്രസംഗിച്ചു. സൊഡാലിറ്റിയംഗങ്ങൾ "ജീവാർപ്പണം" എന്ന പ്രഹസനം തന്മയത്വത്തോടുകൂടി അഭിനയിച്ചതും പ്രസ്താവ്യമാണു്.

—മെലക്കൊമ്പു: സൊഡാലിറ്റി, കത്തോലിക്കാ കോൺഗ്രസ്, വിൻസെന്റ് ഡി പോൾ സഖ്യം എന്നിവയുടെ സംയുക്തവാർഷികം ആഗസ്റ്റ 15-ാംനു- റവ. ഫാ. തോമസ് ചുളപ്പറമ്പിൽ ബി എ ബി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ പി ജെ. തോമസ് എം എ, ശ്രീമതി തങ്കമ്മ വർഗീസ് ബി എ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "തപ്തബാഷ്പം" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—കല്ലറ പഴയപള്ളി: സി. വൈ. എം. എ. യുടെ ഉൽഘാടനവും മരിയാസഖ്യത്തിന്റെ വാർഷികവും പ്രമാണിച്ചു് ഒരു പൊതുയോഗം ആഗസ്റ്റ് 15-ാംനു- റവ ഫാ. ജേക്കബ് കാലായിൽ ബി എ യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ കുരുവിള ഓളിയിൽ, ശ്രീമതി മറിയാമ്മ ചോരത്തു് എന്നിവർ പ്രസംഗിച്ചു.

—മൂലമറ്റം പള്ളിക്കു് മനോഹരമായ ഒരു ക്രൂശിതരൂപം ശ്രീ എം. ഡി. ജോസഫ് സംഭാവന ചെയ്തിരിക്കുന്നു.

—തോട്ടക്കര ഇടവകയിലെ വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ഒരു വിശേഷാൽ യോഗം ആഗസ്റ്റ് 20-ാം തിയതി വികാരി കൊച്ചുപറമ്പിൽ ബ. ജോർജ്ജച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. തിരുവല്ല, കുമ്പനാട്, ഇരവിപേരൂർ മുതലായ സ്ഥലങ്ങളിലെ അകത്തോലിക്കാ സഹോദരങ്ങളുടെ ഉപയോഗത്തിനായി 15 സത്യദീപം അയച്ചുകൊണ്ടിരുന്നതു് തുടർന്നുകൊണ്ടുപോകുവാനും കൂടുതൽ കോപ്പികൾ അയക്കുവാനും തീരുമാനിച്ചു് യോഗം പിരിഞ്ഞു.

—മലപ്പുറം: വിൻസെന്റ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 22-ാംനു- 150-ഓളം സാധുക്കൾക്കു് കഞ്ഞിയും കപ്പയും നല്കിയിരിക്കുന്നു.

## ചരമം

കുത്യതോടു്, തച്ചിൽ ബ. ഫ്രാൻസിസച്ചന്റെ പിതാവു ശ്രീ ചോനപ്പൻ അവർകൾ 73-ാമത്തെ വയസ്സിൽ ആഗസ്റ്റ് 20-ാംനു- നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം പിറ്റേദിവസം റവ. ഫാ. ഫ്രാൻസിസിന്റെ പ്രധാന കാർമ്മികത്വത്തിലും പല വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു. ചരമപ്രസംഗം മാ. ഗ്രേൽ ബ. സെബാസ്ത്യനച്ചൻ നടത്തുകയുണ്ടായി.

R. I. P.

ചെറുകഥ

# ഒരേ-ഒരു ദൈവം!


(എസ്സ്. ബി)

അന്നു് വിദ്യാലയവർഷത്തിലെ ആരംഭദിനമായിരുന്നു. ആദ്യമായി വിദ്യാലയത്തിൽ പ്രവേശനമർത്ഥിക്കുന്ന ഓരോ കുട്ടിയേയും ഒന്നിച്ചു് തനിച്ചു വേദോപദേശകാര്യത്തിൽ പരീക്ഷിക്കണമെന്നു് സ്ഥലത്തെ മെത്രാൻ നൽകിയിരുന്ന കല്പന വയോധികനായ വികാരി—ഫാദർ ഡാനിയേൽ—നിർവ്വഹിച്ചു കഴിഞ്ഞതേയുള്ളു.

അദ്ദേഹം പറഞ്ഞു: "പ്രിയ കുട്ടികളേ, നിങ്ങൾ ഇന്നു വീട്ടിൽ ചെല്ലുമ്പോൾ നിങ്ങളുടെ മാതാപിതാക്കളോടു പറയണം, ഞാൻ ഇന്നു നിങ്ങളുടെ വിദ്യാലയം സന്ദർശിക്കുവാൻ വന്നിരുന്നുവെന്നു്. നിങ്ങളിൽ പലർക്കും "ആകാശങ്ങളിലിരിക്കുന്ന" ജപം അറിഞ്ഞുകൂടായിരുന്നുവെന്നു്. നിങ്ങൾ ഇവിടെ വരുന്നതിനുമുമ്പു് അതുകൂടി അറിഞ്ഞിരിക്കേണ്ടതായിരുന്നു. "നന്മനിറഞ്ഞമറിയം" മിക്കവർക്കും അറിയാം. നാലുകുട്ടികൾക്കു കുരിശുവരയ്ക്കുവാൻ അറിഞ്ഞുകൂടാ. ഒരു കുട്ടിക്കു സാധാരണയായുള്ള യാതൊരു പ്രാർത്ഥനയും അറിഞ്ഞുകൂടാ. അതു് ഏററം വ്യസനകരമായിരിക്കുന്നു."

മുൻബെഞ്ചിൽ ഇരുന്നിരുന്ന പല കുട്ടികളും അവരുടെ ഉരുണ്ടുമിഴിച്ച കണ്ണുകളാൽ സ്വന്തം കുററം ഏററുപറഞ്ഞിരുന്നു. അക്കൂട്ടത്തിലായിരുന്നു ഡോസി. അവളുടെ മുഖവർണ്ണം ലജ്ജകൊണ്ടു വിവർണ്ണമാകാൻ തുടങ്ങി. കൊച്ചുകണ്ണുകളിൽ വന്നുനിറഞ്ഞ ബാഷ്പകണങ്ങൾ പുറത്തുവിടാതെ അവൾ കഴിവതും നോക്കുന്നുണ്ടു്. അവൾ ധരിച്ചിരിക്കുന്നതു സാമാന്യം അവസ്ഥക്കാർ ഉപയോഗിക്കുന്ന വസ്ത്രമാണു്. [illegible] ആഭിജാത്യപൂർണ്ണമാണു്. അവളുടെ ഇളംതലമുടി പിന്നിമെടഞ്ഞുകെട്ടിയിട്ടുണ്ടു്. മുഖത്തു [illegible] കണ്ണ കനിന്നറിഞ്ഞിട്ടുണ്ടു്. അഴകിൽ ഒട്ടും പോരായ്മയില്ല. ആകെക്കൂടിയുള്ള കാഴ്ചകണ്ടാൽ, എല്ലാമാതാവും തങ്ങളുടെ ഏതുകുട്ടിയും അപ്രകാരമായിരിക്കണമെന്നാശിച്ചുപോകും.

"കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധപതിക്കാത്ത കുടുംബത്തിന്റെ കുറ മാതൃകളുടെ." ഫാദർ ഡാനിയേൽ സിസ്റ്റർ ക്ലാരയോടായിട്ടു മൃദുസ്വരത്തിൽ പറഞ്ഞു "വിദ്യാലയത്തിൽ ചേരുന്നതിനുമുമ്പായി പ്രാഥമികജപങ്ങളെല്ലാം കുട്ടികളെ പഠിപ്പിച്ചിരിക്കണം എന്ന മെത്രാന്റെ കല്പന കത്തോലിക്കാമാതാക്കൾ എന്താണനുവർത്തിക്കാൻ പോകുന്നതെന്നു എനിക്കറിഞ്ഞുകൂടാ. പലരും ഇതു സ്കൂളധ്യാപകന്മാരുടെ ചുമലിലേക്കു വച്ചൊഴിഞ്ഞിരിക്കയാണു്. കുടുംബത്തിൽനിന്നു കിട്ടുന്ന പ്രാഥമിക ശിക്ഷണത്തെ പൂർത്തിയാക്കുകമാത്രമാണു് വിദ്യാലയത്തിൽ ചെയ്യുന്നതെന്നു അവർ മറന്നുകളഞ്ഞിരിക്കുന്നു. മാതാക്കൾ ചെയ്യേണ്ടതു ചെയ്യാതിരുന്നാൽ വിദ്യാലയത്തിൽ ചെയ്യുന്നവയ്ക്കു് അടിസ്ഥാനമില്ലാതെയാണു വരുന്നതു് എന്ന കാര്യവും അവർ പാടേ വിസ്മരിച്ചിരിക്കുന്നു."



"ഉവ്വ്, ഉവ്വ്; മാതൃക എന്തായിരുന്നു എന്നു എനിക്കറിയാം. അമ്മ മക്കളെയെല്ലാം കൂട്ടിച്ചേർത്തു് ഉറക്കമിളച്ചിരുന്നു വേദപാഠം പഠിപ്പിക്കുന്ന ആ മുറ, ആ പഴഞ്ചൻ മുറ. അക്കാലമെല്ലാം കടന്നുപോയി. ഇന്നത്തെകാലം അതല്ല." മത്ത ദേഷ്യത്തോടെ പറഞ്ഞു.

ഡോസിയുടെ കുവലയനയനങ്ങളിൽനിന്നു ബാഷ്പകണങ്ങൾ പൊഴിയുന്നതു് ആദ്യമായി ദർശിച്ചു ഫാദർ ഡാനിയേൽ അവളെ തലോടിക്കൊണ്ടു പറഞ്ഞു: "കുഞ്ഞേ, കരയാതെ. ഈ ജപങ്ങൾ വേഗം പഠിപ്പിച്ചുതരണമെന്നു അമ്മച്ചിയോടു പറയുക. ഇതുവരെ നഷ്ടപ്പെട്ടുപോയ സമയംകൂടെ ഫലപ്പെടത്തക്കവണ്ണം ഇന്നുരാത്രിതന്നെ ആരംഭിക്കുക."

നിരുന്മേഷത്തിന്റെ ഒരു നെടിയ കാർമേഖ ഡോസിയിൽ വന്നടിച്ചു. ദിവസം മുഴുവൻ ആ ഭാവം നിലനിന്നു. എങ്കിലും, അവൾ അനുസരണയും ബുദ്ധിയുമുള്ള ഒരു കുഞ്ഞായിരുന്നതുകൊണ്ടു കല്പന നിറവേററുവാൻ അവൾ അത്യധികം ശ്രദ്ധിച്ചു. അന്നു രാത്രി ഭക്ഷണം കഴിഞ്ഞു അപ്പച്ചനും അമ്മച്ചിയും [illegible] അവൾ അമ്മച്ചിയെ സമീപിച്ചു. അന്നു കുടുംബാംഗങ്ങൾ ഒന്നുകൂടെ സിനിമയ്ക്കു പോകുവാൻ ഉദ്ദേശിച്ചിരിക്കുകയാണെന്നു അത്താഴസമയത്തെ സംഭാഷണത്തിൽനിന്നു അവൾ മനസ്സിലാക്കിയിരുന്നതുകൊണ്ടും, അവരോടുകൂടി ഉടൻ പുറപ്പെടേണ്ടിയിരുന്നതുകൊണ്ടും അവൾ ധൃതികൂട്ടി. അമ്മച്ചിയോടു താഴ്മയോടെ പറഞ്ഞു: "അമ്മച്ചീ, ഇന്നു വികാരിയച്ചൻ ഞങ്ങളുടെ ക്ലാസ്സിൽ വന്നിരുന്നു. ഞങ്ങളോടെല്ലാം അദ്ദേഹം നമസ്കാരം ചൊല്ലാനാവശ്യപ്പെട്ടു. എന്നാൽ എനിക്കു് ഒന്നും അറിഞ്ഞുകൂടായിരുന്നു. ഒന്നും അറിഞ്ഞുകൂടാത്തതായിട്ടു ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അമ്മച്ചിയോടു ചോദിച്ചു പഠിച്ചുകൊണ്ടു ചെല്ലണമെന്നദ്ദേഹം പറഞ്ഞയച്ചു."

മത്ത (ഇതായിരുന്നു അമ്മച്ചിയുടെ പേരു്) അല്പം ഗൗരവത്തോടെ പറഞ്ഞു: "നമസ്കാരങ്ങൾ പഠിക്കാനല്ലേ ഞാൻ നിന്നെ സ്കൂളിൽ വിട്ടിരിക്കുന്നതു്. മററു കാര്യങ്ങളോടൊപ്പം നമസ്കാരങ്ങളും പഠിക്കണമതിനു്."

പാപ്പച്ചൻ (പിതാവു്) പത്രപാരായണത്തിനിടയിൽ ഈ സംഭാഷണവും ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഡോസി തുടർന്നു: "എന്നാൽ അമ്മച്ചീ, ഞങ്ങളെ നമസ്കാരം പഠിപ്പിക്കേണ്ടതു് അമ്മച്ചിമാരാണു്, അധ്യാപകരല്ല എന്നാണു് അച്ചൻ പറഞ്ഞതു്. പല കുട്ടികൾക്കും "ആകാശങ്ങളിലിരിക്കുന്ന" അറിഞ്ഞുകൂടെന്നും, എനിക്കു ഒരു നമസ്കാരവും നിശ്ചയമില്ലെന്നും അദ്ദേഹം പറഞ്ഞു. ഒന്നും അറിയാത്തതായി ഞാൻ മാത്രമേയുള്ളു എന്നു അദ്ദേഹം ആവർത്തിച്ചു."

മത്ത പത്രത്തിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ എഴുതിയിരുന്ന ഡർബി കുതിരപ്പന്തയത്തിന്റെ ആകർഷകമായ ഒന്നാംസമ്മാനത്തിൽ കണ്ണോടിച്ചുകൊണ്ടു ഗൗരവഭാവത്തിൽ നില്ക്കുകയാണു്. ഡോസിയാകട്ടെ, ആരംഭിച്ചാൽപിന്നെ പുറകോട്ടു മാറുന്നവളല്ലാത്തതുകൊണ്ടു വീണ്ടും ബുദ്ധിമുട്ടിച്ചുതുടങ്ങി. "അമ്മച്ചി, "ആകാശങ്ങളിലിരിക്കുന്ന" ജപത്തിന്റെ ഒരു ഭാഗം എനിക്കു പറഞ്ഞുതരിക. മനഃപാഠമാകുന്നതുവരെ ഞാൻ അതു് ഉരുവിടാം."

മത്ത ദൃഢനിശ്ചയത്തോടെ പറഞ്ഞു: "അതു നിനക്കു സ്കൂളിൽനിന്നു പഠിക്കാം. അമ്മച്ചിക്കു ഇവിടെ നൂറുകൂട്ടം ജോലിയുണ്ടു്." ഇതിനിടയ്ക്കു മത്ത സിനിമയ്ക്കു പോകുവാൻ ബേബിയേയും ജോണിക്കുട്ടിയേയും മററും ഒരുക്കുന്നു. അവരെ ഓരോരുത്തരെയും വിളിക്കുന്നു.

മത്ത തിടുക്കത്തിലാണു്. സുവിശേഷത്തിലെ മത്തായെപ്പോലെ അവൾ "ബഹുകാര്യ"വ്യാപൃതയായിരിക്കുന്നു. പാപ്പച്ചന്റെ കണ്ണുകൾ സഹതാപപൂർവ്വം ഡോസിയിലേക്കുതന്നെ നിക്ഷിപ്തങ്ങളായി. ഡോസി മത്തായെ ഉററുനോക്കി നില്ക്കയാണു്. അവളുടെ മുഖം വിളറുന്നു; ചുണ്ടു പിടയ്ക്കുന്നു.

"ഇങ്ങോട്ടു വരു മകളേ" പാപ്പച്ചൻ സസ്നേഹം പറഞ്ഞു. "നിന്റെ അപ്പനും അറിയാം കർത്താവിന്റെ പ്രാർത്ഥന. അപ്പച്ചൻ കുഞ്ഞിനെ സഹായിക്കാം."

ഇതുകേട്ടു ഡോസി ഓടിച്ചെന്നു പാപ്പച്ചന്റെ മടിയിൽ ഇരിപ്പുറപ്പിച്ചു. "നീ എന്നോടുകൂടി ചൊല്ലിക്കൊൾക" പാപ്പച്ചൻ പറഞ്ഞു.

"ആകാശങ്ങളുടെ ബാവാ..."

"ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ"—വിളക്കിന്റെ ചിമ്മിനി തുടച്ചുകൊണ്ടിരിക്കയിൽ മത്ത ദേഷ്യത്തോടെ തിരുത്തി.

"നിനക്കു് ഇത്രനന്നായി അറിവുള്ളപ്പോൾ നീ പിന്നെ എന്തുകൊണ്ടു ഡോസിയെ സഹായിക്കുന്നില്ല?" പാപ്പച്ചൻ മുരമുരത്തു.

"അതു് എന്റെയോ നിങ്ങളുടെയോ ജോലി അല്ലാത്തതുകൊണ്ടുതന്നെ"—മത്ത ഉച്ചസ്വരത്തിലും നിർണ്ണീതഭാവത്തിലും ഘോഷിച്ചു. "ഞാൻ അവളെ പള്ളിസ്കൂളിൽതന്നെ ആക്കിയിരിക്കുന്നതു് അതിനുവേണ്ടിയാണു്. അതു് അവിടത്തെ കന്യാസ്ത്രീകളുടെയും മററും ജോലിയാണു്."

മുള്ളുകളെപ്പോലെ തറയ്ക്കുന്ന ആ വാക്കുകൾ തുടർന്നു കേൾക്കുന്നതു തന്റെ സമാധാനത്തിനു തടസ്സമാകയാൽ ഡോസി അപ്പച്ചന്റെ മടിയിൽ നിന്നിറങ്ങി പുറത്തേക്കു ഓടിപ്പോയി.

"ഞാൻ പഠനകാലം മുഴുവനും ഒരു അകത്തോലിക്കാ സ്കൂളിലാണു ചെലവഴിച്ചിട്ടുള്ളതു്. അവിടെ അവർ കർതൃപ്രാർത്ഥന ചൊല്ലാറുണ്ടായിരുന്നെങ്കിലും, ഞാൻ അതു പഠിച്ചിട്ടുള്ളതു് എന്റെ അമ്മച്ചിയിൽനിന്നാണു്." പാപ്പച്ചൻ പറഞ്ഞു.

മത്തായുടെ ദേഹത്തുള്ള രക്തം മുഴുവനും മുഖത്തു പാഞ്ഞുകേറി: അവൾ ഇങ്ങനെ പിറുപിറുത്തു: "ഉവ്വ്; ഉവ്വ്; മാതൃക എന്തായിരുന്നു എന്നു എനിക്കറിയാം. അമ്മ, മക്കളെയെല്ലാം കൂട്ടിച്ചേർത്തു ഉറക്കമിളച്ചിരുന്നു വേദപാഠം പഠിപ്പിക്കുന്ന ആ മുറ, ആ പഴഞ്ചൻ മുറ. അക്കാലമെല്ലാം കടന്നുപോയി. ഇന്നത്തെകാലം അതല്ല."

"നിങ്ങളുടെ ജ്യേഷ്ഠത്തി ലൂസിയുണ്ടല്ലോ. ആ പഴഞ്ചനിൽ ഒരാളാണോ അവരും? എന്നിട്ടു, ഞാൻ അന്നൊരു രാത്രി ഫിലോമയെ കാണാൻ അവിടെ ചെന്നിരുന്നപ്പോൾ നിങ്ങളിപ്പോൾ വിവരിച്ചതുപോലെ, കുഞ്ഞിനെയും മടിയിലിരുത്തിക്കൊണ്ടു അവർ [illegible] നമസ്കാരങ്ങൾ ചൊല്ലിക്കൊടുക്കുന്നുണ്ടായിരുന്നല്ലോ. അവർക്കു അവരുടെ ജപങ്ങളറിയാം, നമ്മുടെ ഈ സാധു ഡോസിയെപ്പോലല്ല."

(ശേഷം 8-ാം പേജിൽ)

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് അട്ടവള്ളുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 | ERNAKULAM. AUGUST 30, 1950 | No. 3

# കത്തോലിക്കാവിദ്യാലയങ്ങൾ സന്മാർഗ്ഗപരിശീലനക്കളരികൾ

അടുത്ത ഞായറാഴ്ച—സെപ്റ്റംബറിലെ ഒന്നാം ഞായറാഴ്ച—ഇന്ത്യൻ കത്തോലിക്കർ "സ്കൂൾ ഞായറാഴ്ച"യായി ആചരിക്കണമെന്നു് ഇന്ത്യയിലെ സമസ്ത കത്തോലിക്കാ മെത്രാന്മാരുടെ കോൺഫറൻസിൽനിന്നു നിയുക്തമായിട്ടുള്ള "സ്റ്റാൻറിംഗ് കമ്മിററി" നിർദ്ദേശിച്ചിട്ടുണ്ടല്ലോ. അന്നേദിവസം ഇന്ത്യയിലെ കത്തോലിക്കാ സ്കൂളുകൾക്കുവേണ്ടി പ്രത്യേകപ്രാർത്ഥനകൾ സകല ദേവാലയങ്ങളിലും നടത്തണമെന്നും, കത്തോലിക്കാ സ്കൂളുകളുടെ ആവശ്യകതയെയും അവ നടത്തിക്കൊണ്ടുപോകുവാൻ എന്തു ത്യാഗവും സഹിക്കുന്നതിനു കത്തോലിക്കർക്കുള്ള കർത്തവ്യത്തെയും മററും കുറിച്ചു കത്തോലിക്കാജനങ്ങൾക്കുവേണ്ട ഉദ്ബോധനങ്ങൾ നല്കണമെന്നും എറണാകുളം മെത്രാപ്പോലീത്താ തിരുമേനി തന്റെ കീഴുള്ള സകല പള്ളികളിലേക്കും നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടു്. ഇന്നാട്ടിലെ അന്യമതസ്ഥരായ ചില നേതാക്കന്മാർ മതേതരരാഷ്ട്രത്തിന്റെയും ദേശീയത്വത്തിന്റെയും നാമത്തിൽ കത്തോലിക്കാ സ്കൂളുകൾക്കെതിരായി നടത്തിക്കൊണ്ടിരിക്കുന്ന ദുഷ്പ്രചരണത്തിന്റെ യുക്തിഹീനതയെ പരാമർശിക്കുന്നതു് ഈ അവസരത്തിൽ സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

## മതേതരരാഷ്ട്രമെന്തെന്നു് ഡോക്ടർ രാധാകൃഷ്ണൻ

ഇൻഡ്യായൂണിയൻ മതേതര (Secular) രാഷ്ട്രമായിരിക്കുമെന്നു് ഇൻഡ്യൻ ഭരണഘടനയിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടു്. മതേതരരാഷ്ട്രത്തിന്റെ ശരിയായ അർത്ഥമെന്തെന്നു് ആദ്യമായാലോചിക്കാം. സർവ്വരാജ്യപ്രസിദ്ധിയുള്ള, ഹൈന്ദവനേതാക്കന്മാരിൽ ഏററവും പ്രമുഖനായ, ഡോക്ടർ രാധാകൃഷ്ണൻ 1948 മാർച്ച് 18-ാം നു ലണ്ടനിൽവച്ചു് "യൂറോപ്പിലെ ഹിന്ദു അസോസിയേഷന്റെ" യോഗത്തിൽ പ്രസ്താവിച്ചതിങ്ങനെയാണു്:—

"ഇന്ത്യൻ രാഷ്ട്രം മതേതരരാഷ്ട്രമായിരിക്കണമെന്നുള്ള ആശയത്തിന്റെ അർത്ഥം, ജീവിതത്തിന്റെ ലൗകികങ്ങളായ ഉദ്ദേശങ്ങളെമാത്രം, ഭൗതികമായ സുഖവും വിജയവുംമാത്രം, ലക്ഷ്യംവയ്ക്കുന്ന രാഷ്ട്രമെന്നല്ല; രാഷ്ട്രം മതപരമായി ഒരു പക്ഷത്തും ചേരുകയില്ലെന്നേ അതിനർത്ഥമുള്ളു. യാതൊരു മതത്തേയും അതു സ്വന്തമാക്കിവയ്ക്കുകയില്ല. സകല മതക്കാർക്കും അവരുടെ വിശ്വാസങ്ങൾ സ്വീകരിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കഴിയത്തക്കവിധം നിർബ്ബാധവും തുല്യവുമായ രീതിയിൽ രാഷ്ട്രം അവരോടു പെരുമാറും. അവരുടെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ജനങ്ങളുടെ സദാചാരബോധത്തിനും മനസ്സാക്ഷിക്കും വിപരീതമാകാത്ത കാലത്തോളം രാഷ്ട്രം ഇങ്ങനെ പെരുമാറും. എല്ലാ മതങ്ങളോടുമുള്ള ഈ തുല്യമായ പെരുമാററത്താൽ രാഷ്ട്രം ആ മതക്കാരിൽ ഒരു കർത്തവ്യം ചുമത്തുന്നുണ്ടു്. അവർ പരസ്പരം സഹിഷ്ണുത അനുഷ്ഠിക്കണമെന്നുള്ളതാണു് അതു്."

## മതപരമായ വിദ്യാലയങ്ങൾ ഭരണഘടനയിൽ

ഡോക്ടർ രാധാകൃഷ്ണൻ നല്കിയിരിക്കുന്ന ഈ നിർവചനം ഇൻഡ്യായൂണിയനെ സംബന്ധിച്ചിടത്തോളം ഏററം ശരിയാണെന്നു് ഇന്ത്യൻ ഭരണഘടനയിൽ മതസ്വാതന്ത്ര്യത്തെ സംബന്ധിച്ചു് ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളിൽനിന്നു സ്പഷ്ടമായി കാണാൻകഴിയും. അവയിൽ മതപരമായ വിദ്യാലയങ്ങളേയും വിദ്യാഭ്യാസത്തേയും പുരസ്കരിച്ചുള്ള വ്യവസ്ഥകൾമാത്രം പ്രകൃതത്തെ സംബന്ധിക്കുന്നതാകയാൽ അവയെ സംക്ഷേപമായി ഇവിടെ ചൂണ്ടിക്കാണിക്കാം. ഭരണഘടനയിലെ 3-ാം ഭാഗത്തിൽ (Part III) 30-ാം വകുപ്പിലാണു് (Article) ഈ ഭാഗം ചേർത്തിട്ടുള്ളതു്. അതു് താഴെ ഉദ്ധരിക്കുന്നു.

"30 (1) സകല ന്യൂനപക്ഷങ്ങൾക്കും, അവ മതത്തെ അടിസ്ഥാനപ്പെടുത്തിയതോ ഭാഷയെ അടിസ്ഥാനപ്പെടുത്തിയതോ ആയിരുന്നാലും, അവർക്കിഷ്ടമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനും നടത്തുന്നതിനും അവകാശമുണ്ടായിരിക്കണം.

"2) രാഷ്ട്രത്തിനു്, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു സഹായധനം നല്കുന്നതിൽ, മതത്തെയോ ഭാഷയെയോ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ന്യൂനപക്ഷത്തിന്റെ മാനേജ്മെന്റിൽ ഉള്ളതാണെന്ന കാരണത്താൽ, യാതൊരു വിദ്യാഭ്യാസസ്ഥാപനത്തെയും മററുള്ളവയിൽനിന്നു വ്യത്യസ്തമായി പരിഗണിക്കുവാൻ (Discriminate against) പാടുള്ളതല്ല."

കത്തോലിക്കർക്കു് അവരുടെ സ്വന്തം മാനേജുമെന്റിൽ സ്കൂളുകൾ സ്ഥാപിക്കുവാൻ തടസ്സമുണ്ടാകരുതെന്നും, മററു സ്കൂളുകളെപ്പോലെ അവയ്ക്കു സർക്കാരിൽനിന്നു സഹായധനം ലഭിക്കുവാൻ അവകാശമുണ്ടെന്നുമാണല്ലോ ഭരണഘടനയിലെ ഈ വ്യവസ്ഥകളിൽനിന്നു സിദ്ധിക്കുന്നതു്. എന്നാൽ മതേതരരാഷ്ട്രമെന്ന നിലയിൽ, നാനാമതങ്ങളുള്ള ഇൻഡ്യായൂണിയനിലെ പരിതസ്ഥിതികൾക്കനുയോജ്യമായി, വിദ്യാലയങ്ങളിൽ മതബോധനം നല്കുന്ന കാര്യത്തിൽ ഭരണഘടന ചില മുൻകരുതലുകൾ ചെയ്തിട്ടുണ്ടു്. ഭരണഘടനയിൽ അവ ഉൾക്കൊള്ളിച്ചിട്ടുള്ളതു് 28-ാം വകുപ്പിലാണു്. അതു താഴെ ചേർക്കുന്നു.

## വിദ്യാലയങ്ങളിലെ മതബോധനം ഭരണഘടനയിൽ

"28 (1) സർക്കാർഫണ്ടിൽനിന്നു മുഴുവൻ ചെലവുചെയ്തു നടത്തുന്ന യാതൊരു വിദ്യാഭ്യാസസ്ഥാപനത്തിലും മതബോധനം നല്കിക്കൂടാ.

"2) സർക്കാരിന്റെ നടത്തിപ്പിലിരിക്കുന്നതും, എന്നാൽ മതബോധനം അവയിൽ നല്കേണ്ടതാണെന്നുള്ള വ്യവസ്ഥയോടുകൂടി ഏതെങ്കിലും എൻഡൗമെന്റിന്റെയോ ട്രസ്റ്റിന്റെയോ കീഴിൽ സ്ഥാപിച്ചിട്ടുള്ളതുമായ യാതൊരു വിദ്യാഭ്യാസസ്ഥാപനത്തിനും ഈ 1-ാംനമ്പരിൽ പറഞ്ഞിട്ടുള്ള യാതൊന്നും ബാധകമായിരിക്കുന്നതല്ല.

"3) സർക്കാരിന്റെ അംഗീകരണമുള്ളതോ സർക്കാർഫണ്ടിൽനിന്നു സഹായധനം ലഭിക്കുന്നതോ ആയ യാതൊരു വിദ്യാഭ്യാസസ്ഥാപനത്തിൽ പഠിക്കുന്ന യാതൊരാളോടും, അങ്ങനെയുള്ള സ്ഥാപനത്തിൽ നല്കപ്പെടാവുന്ന യാതൊരു മതബോധനത്തിലും പങ്കെടുക്കുന്നതിനോ അത്തരം സ്ഥാപനത്തിലോ അതിന്റെ ഏതെങ്കിലും പരിസരങ്ങളിലോ നടത്തപ്പെടാവുന്ന ഏതെങ്കിലും ആരാധനയിൽ സന്നിഹിതനാകുന്നതിനോ, ആവശ്യപ്പെട്ടുകൂടാ; അങ്ങനെ ചെയ്യണമെങ്കിൽ ആ ആളോ, അയാൾ മൈനറാണെങ്കിൽ അയാളുടെ രക്ഷാകർത്താവോ അതിനു സമ്മതം നല്കിയിരിക്കണം."

ഈ വകുപ്പുകളുടെ അർത്ഥം സ്വയംവിദിതമാണല്ലോ. സർക്കാർ നടത്തുന്നതോ, സർക്കാരിൽനിന്നു സഹായധനം വാങ്ങുന്നതോ, സർക്കാരിന്റെ അംഗീകരണം ലഭിച്ചിട്ടുള്ളതോ ആയ യാതൊരു വിദ്യാലയത്തിലും മതബോധനം പാഠപദ്ധതിയിൽ ഉൾപ്പെടുത്തിക്കൂടാ. എന്നാൽ മുഴുവൻ ക്ലാസ്സ്സമയത്തിനു മുമ്പോ പിമ്പോ കത്തോലിക്കാവിദ്യാലയങ്ങളിൽ മതബോധനം നൽകാവുന്നതാണു്. എന്നുവരികിലും കത്തോലിക്കരല്ലാത്ത വിദ്യാർത്ഥികളെ അവരുടെയോ അവരുടെ രക്ഷാകർത്താക്കളുടെയോ സമ്മതംകൂടാതെ ആ മതബോധനത്തിൽ സംബന്ധിപ്പിക്കുവാൻ പാടുള്ളതല്ല. ഈ വ്യവസ്ഥകളെല്ലാം കത്തോലിക്കർ അവരുടെ വിദ്യാലയങ്ങളിൽ പണ്ടുമുതൽക്കേ അനുസരിച്ചുപോരുന്നുണ്ടു്. മനസ്സാക്ഷിസ്വാതന്ത്ര്യത്തെ ആദരിച്ചു പ്രസ്തുത വ്യവസ്ഥകൾ അനുസരിക്കുവാൻ അവർക്കു സന്തോഷവുമാണു്. ആകയാൽ കത്തോലിക്കാവിദ്യാലയങ്ങൾ സർക്കാരിൽനിന്നു സഹായധനം വാങ്ങി നടത്തുന്നതും, അവയിൽ മുഴുവൻ ക്ലാസ്സുസമയത്തിനു മുമ്പോ പിമ്പോ കത്തോലിക്കാവിദ്യാർത്ഥികൾക്കുമാത്രം മതബോധനം നൽകുന്നതും ഇൻഡ്യായൂണിയനിലെ സകല പൗരന്മാർക്കും ഭരണഘടനയനുസരിച്ചുള്ള അവകാശമാകുന്നു. തന്മൂലം മതേതരരാഷ്ട്രത്തിന്റെ നാമത്തിൽ പ്രസ്തുതാവകാശത്തെ ചോദ്യംചെയ്യുന്നതു് ഏററവും യുക്തിഹീനമല്ലയോ?

## കത്തോലിക്കാവിദ്യാലയങ്ങൾ ദേശീയവിരുദ്ധമല്ലെന്നു വിദ്യാഭ്യാസമന്ത്രി

കത്തോലിക്കർ മുകളിൽ വിവരിച്ച വിധത്തിൽ വിദ്യാലയങ്ങൾ നടത്തുകയും അവയിൽ മതബോധനം നൽകുകയും ചെയ്യുന്നതു് ദേശീയത്വത്തിനു വിരുദ്ധമായ വർഗ്ഗീയത്വമാണെന്നുള്ള ആക്ഷേപത്തിലും യാതൊരു യുക്തിയുമില്ല. ഇതിനു തെളിവു് ഇൻഡ്യായൂണിയനിലെ വിദ്യാഭ്യാസമന്ത്രി മൗലാനാ ആസാദിന്റെ ഖണ്ഡിതമായ അഭിപ്രായം തന്നെയാണു്. 1948 ജനുവരി 13-ാം നു ന്യൂഡൽഹിയിൽ സമ്മേളിച്ച വിദ്യാഭ്യാസ സെൻട്രൽ അഡ്വൈസറി ബോർഡിന്റെ യോഗത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു:-

"ദേശീയവിദ്യാഭ്യാസത്തിൽ നിന്നു മതബോധനം എടുത്തുകളഞ്ഞാൽ സന്മാർഗ്ഗതത്വങ്ങളെപ്പററിയുള്ള അറിവു് ഇല്ലാതായിത്തീരും; മനുഷ്യോചിതമായ രീതിയിൽ സ്വഭാവത്തെ രൂപീകരിക്കുവാനും സാധിക്കുകയില്ല. റഷ്യക്കു് അതിന്റെ (മതരഹിതമായ) ആദർശസിദ്ധാന്തം കഴിഞ്ഞ ലോകമഹായുദ്ധകാലത്തു പരിത്യജിക്കേണ്ടിവന്നതു നിങ്ങൾക്കറിവുള്ളതാണല്ലോ. ഇംഗ്ലണ്ടിൽ ബ്രിട്ടീഷ് ഗവമ്മെൻറിനും 1944-ൽ അവരുടെ വിദ്യാഭ്യാസസമ്പ്രദായം ഭേദപ്പെടുത്തേണ്ടിവന്നു. ഇൻഡ്യയിൽ വിദേശികൾ ഭരണം നടത്തിയപ്പോൾ ആ ഗവമ്മെൻറിനു മതവിദ്യാഭ്യാസത്തിൽനിന്നു ഒഴിഞ്ഞുനിൽക്കുന്ന ആവശ്യമുണ്ടായിരുന്നുവെന്നുള്ളതിനു സംശയമില്ല. എന്നാൽ ദേശീയഗവമ്മെൻറിനു് ആ ഉത്തരവാദം കൈവെടിഞ്ഞുകൂടാ. രാജ്യത്തിലെ യുവജനങ്ങളുടെ മനസ്സിനെ സന്മാർഗ്ഗങ്ങളുടെ അനുസരണമായി കരുപ്പിടിപ്പിക്കുന്നതു് പ്രസ്തുത ഗവമ്മെൻറിന്റെ പ്രഥമകർത്തവ്യമാണു്. ഇന്ത്യയിൽ മതത്തെക്കൂടാതെ മനസ്സിനെ കരുപ്പിടിപ്പിക്കുവാൻ നമുക്കു സാദ്ധ്യമല്ല."

ശരിയായ ദേശീയത്വം ഇൻഡ്യയിൽ പുലരണമെങ്കിൽ വിദ്യാഭ്യാസത്തിൽ സന്മാർഗ്ഗതത്വങ്ങൾക്കു പ്രാധാന്യം നൽകണമെന്നും, സന്മാർഗ്ഗബോധനം മതബോധനത്തിൽനിന്നു വേർപെടുത്തുവാൻ പാടുള്ളതല്ലെന്നുമാണല്ലോ വിദ്യാഭ്യാസമന്ത്രി ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നതു്.

## പണ്ഡിതജിയുടെ സാക്ഷ്യം

സന്മാർഗ്ഗബോധനത്തിന്റെ സർവ്വപ്രധാനമായ പ്രാധാന്യം ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ്ജി പലയവസരങ്ങളിലും പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതാണു്. രണ്ടു കൊല്ലം മുമ്പു് അമേരിക്കയിലേക്കുചെയ്ത ഒരു പ്രക്ഷേപിണിപ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചതിങ്ങനെയാണു്:-

"നമ്മുടെ ദേശീയവും സാർവ്വദേശീയവുമായ ഇടപാടുകളിൽ സന്മാർഗ്ഗനിയമത്തിന്റെ പരമാധിപത്യം നാം അംഗീകരിക്കാത്ത കാലത്തോളം നമുക്കു ശാശ്വതമായ സമാധാനം ഉണ്ടാകുന്നതല്ല." ഈ സന്മാർഗ്ഗനിയമം മതത്തെ അടിസ്ഥാനപ്പെടുത്തിയതായിരിക്കണമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്. മതേതരരാഷ്ട്രത്തെ നിർവചിച്ചുകൊണ്ടു് അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചതിങ്ങനെയാണു്:- "ഇൻഡ്യ മതേതരരാഷ്ട്രമായിരിക്കും. രാഷ്ട്രീയകാര്യങ്ങൾ മതത്തിൽനിന്നും പരിപൂർണ്ണമായി വേർപെടുത്തപ്പെടുകയും ചെയ്യും. എന്നാൽ മതപരമായ സന്മാർഗ്ഗതത്വങ്ങളിൽനിന്നു് അവ വിമുക്തങ്ങളായിരിക്കുകയില്ല." കാര്യക്ഷമമായ സന്മാർഗ്ഗബോധനം മതത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാകയാൽ, മതേതരരാഷ്ട്രത്തിൽത്തന്നെയും സന്മാർഗ്ഗബോധനത്തിന്റെ പശ്ചാത്തലമായ മതബോധനം നൽകേണ്ടതാണെന്നാണല്ലോ പണ്ഡിററ്ജിയുടെ ആശയം. കാര്യക്ഷമമായ സന്മാർഗ്ഗബോധം ഭൗതികങ്ങളായ പ്രേരണകളിലൊന്നിനേയുമല്ല ആശ്രയിച്ചിരിക്കുന്നതു; ആദ്ധ്യാത്മികവും പാരത്രികവുമായ ചിന്തകളാണു് അതിന്റെ ശരിയായ പ്രേരണ. സന്മാർഗ്ഗനിയമം എപ്പോഴും എവിടെയും അനുസരിക്കുന്നതിന്റെ ഫലമായി ഭൗതികങ്ങളായ നഷ്ടങ്ങളനുഭവിക്കുവാൻ ഇടവന്നാലും അതു സാരമില്ലെന്നും, മരണാനന്തരം ശാശ്വതമായ പാരത്രികസമ്മാനം ലഭിക്കുമെന്നുമുള്ള ചിന്തയാണു് മതബോധനം നൽകുന്നതു്. തന്മൂലം പ്രായോഗികമായ മതബോധമുള്ളവർക്കേ അനുപാധികമായി സന്മാർഗ്ഗനിയമം മനസാ വാചാ കർമ്മണാ അനുഷ്ഠിക്കുവാൻ സാധിക്കുകയുള്ളു.

## രാജാജിയുടെ സാക്ഷ്യം

മതബോധവും സന്മാർഗ്ഗബോധവും തമ്മിലുള്ള അഭേദ്യമായബന്ധം ഇൻഡ്യായൂണിയന്റെ പ്രസിഡൻറായിരുന്ന, ഇപ്പോൾ മന്ത്രിസഭയിലെ ഒരംഗമായിരിക്കുന്ന, രാജാജി നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടു്. അതുകൊണ്ടാണു് ഇൻഡ്യയിലെ വിദ്യാഭ്യാസത്തിൽ മതപഠനം ഉൾപ്പെടുത്തണമെന്നു് അദ്ദേഹം ശക്തിയായി ഉദ്ബോധിപ്പിച്ചിട്ടുള്ളതു്. 1948-ൽ മദ്രാസിലെ കോൺവൊക്കേഷൻ സമ്മേളനത്തിൽ പുതിയ ബിരുദധാരികളെ സംബോധനചെയ്തുകൊണ്ടു നടത്തിയ പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:-

"കുട്ടികളുടെ വിദ്യാഭ്യാസത്തെപ്പററിപറയുകയാണെങ്കിൽ, പരസ്പരം സ്നേഹിക്കുവാനും സകലരോടും ദയവോടുകൂടി വർത്തിക്കുകയും സകലർക്കും സഹായം നൽകുകയും ചെയ്യുവാനും, ജന്തുക്കളോടു കരുണയുള്ളവരായിരിക്കുവാനും, അബദ്ധരഹിതമായി നിരീക്ഷണം ചെയ്തു ചിന്തിക്കുവാനും അവരെ പരിശീലിപ്പിക്കേണ്ടതാണെന്നു നമുക്കറിയാം. വായിക്കുവാനും എഴുതുവാനും കണക്കുകൂട്ടുവാനും അവരെ പഠിപ്പിക്കേണ്ടതു് പ്രധാനമായ ജോലി തന്നെ. എന്നാൽ പുരുഷോത്തമരായ അവരുടെ വ്യക്തിത്വത്തെ ശരിയായവിധം കരുപ്പിടിപ്പിക്കുന്ന സർവ്വപ്രധാനമായ ലക്ഷ്യം, അതുമൂലം, നാം വിസ്മരിച്ചുകളവാൻ ഇടവരരുതു്. ഇതിലേക്കുവേണ്ടി സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും മതത്തിന്റെയും സഹായത്തെ നാം വിനിയോഗിക്കേണ്ടതു് ആവശ്യകമാണു്. എന്നാൽ നമ്മുടെ രാജ്യത്തു് ഒരു സ്കൂളിൽത്തന്നെ നാം പഠിപ്പിക്കേണ്ട ബാലബാലികന്മാർ വിവിധമതങ്ങളിൽ ജനിച്ചവരും, വിവിധജീവിതരീതികൾ അനുഷ്ഠിക്കുന്ന കുടുംബങ്ങളിൽപ്പെട്ടവരും, വിവിധമതവിഭാഗങ്ങളോടു ബന്ധപ്പെട്ടിരിക്കുന്ന ആരാധനാസമ്പ്രദായങ്ങൾ സ്വീകരിക്കുന്നവരുമാണു്. ഈ വെല്ലുവിളിയിൽനിന്നൊഴിഞ്ഞു് എളുപ്പമാർഗ്ഗം സ്വീകരിക്കുവാൻവേണ്ടി അവരുടെ കായിക സംസ്കാരത്തിലും മാനസിക വിദ്യാഭ്യാസത്തിലും മാത്രം ശ്രദ്ധ പതിക്കുന്നതു് ശരിയല്ല. ഒരു സ്കൂളിൽ പഠിക്കുന്ന വിവിധമതക്കാരായ കുട്ടി

കളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ സമുചിതമായ ഒരദ്ധ്യയനപദ്ധതി നാം രൂപീകരിക്കേണ്ടിയിരിക്കുന്നു.... വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിലവിലിരിക്കുന്ന വിവിധങ്ങളായ മതവിശ്വാസങ്ങളെ യഥാർത്ഥം നാം അംഗീകരിക്കുകയും, സകല മതക്കാരുമായ ബാലികാബാലന്മാർക്കു സമുചിതങ്ങളായ സൗകര്യങ്ങൾ നാം സംവിധാനം ചെയ്യുകയും ചെയ്യുന്നപക്ഷം അതുതന്നെ ദേശീയമായ വലിയ മൂല്യത്തിലേക്കു വഴിതെളിക്കുന്ന വിസ്തൃതമായ സ്വാധീനശക്തിയായി പ്രയോജനപ്പെടുന്നതാണ്."

നിർഭാഗ്യവശാൽ രാജാജിയുടെ ഈ നിർദ്ദേശം സകല വിദ്യാലയങ്ങളിലും പ്രാവർത്തികമാക്കുവാൻ രാഷ്ട്രീയാധികാരികൾ, നമുക്കു മനസ്സിലാക്കാൻ സാധിക്കുന്ന പ്രായോഗികങ്ങളായ വൈഷമ്യങ്ങളാൽ, സന്നദ്ധരായിട്ടില്ല. എങ്കിലും കത്തോലിക്കർ അവരുടെ കാര്യത്തിൽ രാജാജിയുടെ മതബോധനനിർദ്ദേശം എന്നും എവിടെയും പ്രാവർത്തികമാക്കിക്കൊണ്ടാണിരിക്കുന്നത്. അതിനു ഇന്നത്തെ സാഹചര്യങ്ങളിൽ അവർക്കുള്ള ഏകമാർഗ്ഗം കത്തോലിക്കാമാനേജ്മെന്റിൽ സ്കൂളുകൾ നടത്തുകയും, ക്ലാസുസമയത്തിനു മുമ്പോ പിമ്പോ കത്തോലിക്കാ വിദ്യാർത്ഥികൾക്കുമാത്രം മതബോധനം നൽകുകയുമാണ്. തന്മൂലം കത്തോലിക്കാവിദ്യാലയങ്ങൾ ദേശീയതത്വത്തിനു ഏറ്റവും അനുയോജ്യമാണെന്നു രാജാജിയും മറ്റുമനേകരും പരോക്ഷമായിട്ടെങ്കിലും സമ്മതിക്കുകയല്ലയോ ചെയ്യുന്നതു്!

സന്മാർഗ്ഗാനുഷ്ഠാനത്തിനു

രാജേന്ദ്രപ്രസാദിന്റെ ആഹ്വാനം

ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ാംനു സ്വാതന്ത്ര്യലബ്ധിയുടെ 3-ാം വാർഷികം ഭാരതമാകെ ആഘോഷിച്ചയവസരത്തിൽ ഇൻഡ്യായൂണിയന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ഒരാഹ്വാനം രാജ്യവാസികളോടായി ചെയ്തിരുന്നല്ലോ.

"മനുഷ്യൻ അവന്റെ ഏറ്റവും വലിയ ദുഃഖങ്ങളുടേയും ക്ലേശങ്ങളുടേയും സമയത്തുപോലും സന്മാർഗ്ഗമൂല്യങ്ങളെ കൈവിടാതിരിക്കുന്നെങ്കിൽ, അവനു അവന്റെ കഷ്ടതകളിൽനിന്നു രക്ഷപ്രാപിക്കുവാൻ സാധിക്കും. ഈ തത്വം മതഗ്രന്ഥങ്ങളിലെയും മതേതരചരിത്രത്തിലെയും ആയിരമായിരം സംഭവങ്ങളാൽ ദൃഷ്ടാന്തീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ രാഷ്ട്രപിതാവിന്റെ ബോധനങ്ങളുടെയെല്ലാം സാരസർവ്വസ്വവും ഇതുതന്നെയാണ്. അദ്ദേഹം നമ്മുടെ മുമ്പിൽ വച്ചുതന്നിട്ടുള്ള സന്മാർഗ്ഗസംഹിത മുൻകാലങ്ങളിലെന്നെക്കാളുംകാൾ കൂടുതലായി നാം മുറുകെപ്പിടിക്കേണ്ടിയിരിക്കുന്നു. ഈ സംഹിതയാകട്ടെ സ്വാർത്ഥത്തെക്കാൾ ഉപരിയായി ലോകത്തേയും, സുഖാനുഭവത്തെക്കാൾ ഉപരിയായി സേവനത്തെയും, അക്രമത്തെക്കാൾ ഉപരിയായി സ്നേഹത്തെയും, നശീകരണത്തെക്കാൾ ഉപരിയായി സൃഷ്ടികർമ്മത്തേയും വിലമതിക്കുകയെന്ന ആദർശമാകുന്നു.........നമുക്കിപ്പോൾ ഏറ്റവും ആവശ്യമായിരിക്കുന്നതു് പ്രശ്നങ്ങളെ കൂടുതൽ ഗാഢമായി ഗ്രഹിക്കുകയും കൂടുതൽ നിഷ്കർഷമായ ആത്മപരിശോധന നടത്തുകയുമാണ്. വ്യക്തികളെന്നനിലയിലും ജനതയെന്നനിലയിലും ഉൽകൃഷ്ടമായ ആദർശങ്ങളെ നാം വീണ്ടും കൈവരിച്ചാൽപോരാ; സന്മാർഗ്ഗമൂല്യങ്ങളുടെ വിലമതിപ്പിൽ ആധാരപ്പെടുത്തിയുള്ള ഒരു നടപടിസമ്പ്രദായം നമ്മുടെയിടയിൽ നാം ഏർപ്പെടുത്തുകയും വേണം. നമുക്കു രക്ഷാകരമായിരിക്കുന്ന ഏകമാർഗ്ഗം, നാമോരോരുത്തരും ഈ സന്മാർഗ്ഗവിശ്വാസത്തിനു നമ്മെ വീണ്ടും പ്രതിഷ്ഠിക്കുകയാണ്."

നമ്മുടെ ഏറ്റവും പ്രമുഖന്മാരായ രാഷ്ട്രീയ നേതാക്കന്മാർ നമ്മോടാവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സന്മാർഗ്ഗബോധം തദനുസരണമായ ജീവിതനടപടികളും തത്വത്തിൽ പഠിപ്പിക്കുകയും പ്രയോഗത്തിൽ പരിശീലിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നതു കത്തോലിക്കാവിദ്യാലയങ്ങളാണെന്നു് ആരാണു സമ്മതിക്കാത്തതു? അവയിൽ കത്തോലിക്കാവിദ്യാർത്ഥികൾക്കു നിരന്തരം നൽകിക്കൊണ്ടിരിക്കുന്ന കത്തോലിക്കാ മതതത്വങ്ങളോളം, തത്വത്തിലും പ്രയോഗത്തിലുമുള്ള സന്മാർഗ്ഗബോധം—രാജേന്ദ്രപ്രസാദ് വിവരിച്ചിരിക്കുന്നതരത്തിലുള്ള സന്മാർഗ്ഗബോധം—ബാലികാബാലന്മാരിൽ കൈവളർത്തുവാൻ പര്യാപ്തമായി മറ്റെന്തുണ്ട്? കത്തോലിക്കാവിദ്യാലയങ്ങളിൽ നൽകപ്പെടുന്ന മതബോധനം ക്രിസ്തുവിന്റെ ജീവിതത്തേയും തത്വോപദേശങ്ങളേയും അധികരിച്ചുള്ളതാണല്ലോ. സ്വാർത്ഥം ത്യജിക്കുന്നതിനും സഹസൃഷ്ടികൾക്കു സേവനം ചെയ്യുന്നതിനും ആവശ്യകമായ പാഠങ്ങളും പ്രേരണകളുമാണ് പ്രസ്തുത മതബോധനത്തിൽ ആദ്യന്തം വ്യാപിച്ചുകിടക്കുന്നതു്. അവ ശരിയായി ഗ്രഹിക്കുകയും തദനുസരണം ജീവിതനടപടികൾ രൂപീകരിക്കുകയും ചെയ്യുന്ന ഏതൊരു കത്തോലിക്കനും, എന്നുവേണ്ട ഏതൊരു മനുഷ്യനും, ഉത്തമനായ പൗരനായിത്തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. തന്മൂലം കത്തോലിക്കാവിദ്യാലയങ്ങൾ ഉത്തമന്മാരായ പൗരന്മാരെ വാർത്തെടുക്കുന്ന സന്മാർഗ്ഗകളരികളാകുന്നു.

## മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമഹേതുകതിരുനാൾ

എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ നാമഹേതുകതിരുനാൾ ആഗസ്റ്റ് 28-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. പ്രാരംഭമായി തലേദിവസം വൈകുന്നേരം വികാരിജനറാൾ മൊറോൺ റവ. മോൺ. മാത്യു പോത്തനാമൂഴി അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ ലദീഞ്ഞു, വാഴ്വു് മുതലായവ നടത്തപ്പെട്ടു. 28-ാംനു പ്രഭാതത്തിൽ മെത്രാപ്പോലീത്താ തിരുമേനി ഘോഷയാത്രയായി അരമനക്കപ്പേളയിലേക്കെഴുന്നള്ളി അവിടെ ആഘോഷമായ ദിവ്യപൂജ അർപ്പിച്ചു. പിന്നീടു് തച്ചിൽ ബ. പൗലോസച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സ്തുതിഗീതവും തുടർന്നു് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ വാഴ്വു്, ലക്കിനാലാഹ എന്നിവയും നടന്നു. 10 മണിയോടുകൂടി തിരുമനസ്സിലെ അനുമോദനാർത്ഥം കൂടിയ യോഗത്തിൽവച്ചു മോൺ. ജോർജ്ജ് വയ്യാറമ്പത്തു ഹാരമണിയിക്കുകയും റവ. ഫാ. പോൾ കുഴിക്കാട്ടു് അഭിനന്ദനമംഗളപത്രം വായിച്ചു തിരുമനസ്സിലേക്കു സമർപ്പിക്കുകയും തുടർന്നു് വിവിധസ്ഥാപനങ്ങളുടെ വകയായി നിരവധി ജ്ഞാനപുഷ്പമഞ്ജരികളും ത്യാഗപ്പെട്ടികളും സമർപ്പിക്കപ്പെടുകയുമുണ്ടായി. അനുമോദനാശംസകൾക്കു നന്ദിപ്രദർശിപ്പിച്ചുകൊണ്ടു് തിരുമേനി ചെയ്ത മറുപടിപ്രസംഗത്തിൽ, കുട്ടികൾക്കു് ശരിയായ ശിക്ഷണം നല്കുന്ന കാര്യത്തിൽ നമുക്കുള്ള ഗൗരവമേറിയ കർത്തവ്യത്തെപ്പറ്റി ഊന്നിപ്പറയുകയും, ഇന്നത്തെ യുവാക്കളെ ദൈവത്തിന്റെ പടയാളികളായി വളർത്തുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. യോഗത്തോടനുബന്ധിച്ചു് തിരുഹൃദയപൊററിൽ സെമിനാരി വിദ്യാർത്ഥികൾ "രക്തം" എന്ന പ്രഹസനം തന്മയത്വപൂർവ്വം അഭിനയിക്കയുമുണ്ടായി. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും ഒട്ടനേകം വൈദികരും അവൈദികപ്രമുഖരും അരമനയിലെത്തി തിരുമനസ്സിലേക്കു മംഗളങ്ങളാശംസിക്കുകയുണ്ടായി.

## പുതിയ വിശ്വലേഖനം

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ആഗസ്റ്റ് 21-ാംനു ഒരു വിശ്വലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മനുഷ്യവർഗ്ഗോൽപ്പത്തിയെ സംബന്ധിച്ചു കത്തോലിക്കർ വിശ്വസിച്ചുകൂടാത്തതെന്തെന്നും, ക്രിസ്തീയസഭകളുടെ ഐക്യം സംബന്ധിച്ചു കത്തോലിക്കാവീക്ഷണഗതി എന്തെന്നും, ഈ വിശ്വലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു. കത്തോലിക്കർക്കു പോളിജനിസത്തിൽ (ബഹുമൂലോൽപ്പാദനവാദത്തിൽ) വിശ്വസിക്കാവുന്നതല്ലെന്നു് ഈ തിരുവെഴുത്തു് അനുശാസിക്കുന്നു. ആദത്തിനുശേഷം, ആദത്തിന്റെ സന്തതിപരമ്പരയിൽ പെടാത്തതായി യഥാർത്ഥമനുഷ്യർ ഈ ലോകത്തിൽ ജീവിച്ചിരുന്നുവെന്നോ, ആദിപിതൃപരമ്പരയിലെ ഒരാൾമാത്രമാണ് ആദമെന്നോ ഉള്ള അഭിപ്രായഗതിയാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. മനുഷ്യശരീരം അതിനുമുമ്പുണ്ടായിരുന്ന ജീവപദാർത്ഥങ്ങളിൽനിന്നു ഉണ്ടായതാണ് എന്നു പറയുന്ന പരിണാമവാദത്തെ സംബന്ധിച്ചിടത്തോളം കത്തോലിക്കർക്കു് ഒരു തുറന്ന മനസ്സോടെ വർത്തിക്കാവുന്നതാണെന്നു വിശ്വലേഖനം പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ പരിണാമസിദ്ധാന്തം പൂർണ്ണമായി യഥാർത്ഥവും വസ്തുതകളാൽ തെളിയിക്കപ്പെട്ടതുമായിരുന്നാലെന്നവണ്ണം പെരുമാറുന്നവരെ അവിടുന്നു അപലപിക്കുകയാണു ചെയ്തിരിക്കുന്നതു്.

"ഹ്യൂമാനി ജെനറിസ്"— മനുഷ്യവർഗ്ഗത്തിന്റെ — എന്നു പേരിലുള്ള ഈ വിശ്വലേഖനത്തിൽത്തന്നെ, ക്രിസ്ത്വൈക്യത്തെപ്പറ്റി വാദിക്കുന്നവരെക്കുറിച്ചു് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് പ്രസ്താവിക്കുന്നുണ്ട്. വൈദികപരമായ പഠനങ്ങളും ആചാരങ്ങളും ഏതെങ്കിലും പുതിയ സമ്പ്രദായം നടപ്പാക്കി ആധുനിക പരിതസ്ഥിതികൾക്കും ആവശ്യങ്ങൾക്കും അനുസൃതമാക്കുകയെന്നു മാത്രമേ ഇക്കൂട്ടർക്കു ഉദ്ദേശമുള്ളുവെങ്കിൽ ഭയത്തിനു കാരണമൊന്നുമില്ലതന്നെ എന്നാൽ അവിവേകപരമായ വിരോധാഭാസത്തിലുള്ള ശുഷ്കാന്തിമൂലം, ചിലർ, ക്രിസ്തീയനിയമങ്ങളിലും തത്വങ്ങളിലും അധിഷ്ഠിതമായ മതസിദ്ധാന്തങ്ങൾ സഹോദരൈക്യസ്ഥാപനത്തിനു ഒരു പ്രതിബന്ധമാണെന്നു വിചാരിക്കുന്നതുപോലെ കാണുന്നു. ആ മതസിദ്ധാന്തങ്ങളുടെ നിഷ്കാസനം എല്ലാവരുടെയും ഐക്യം സാധിച്ചേക്കാം; പക്ഷേ, അതു് അവരുടെ നാശകാരണമായിരിക്കുമെന്നു് തിരുമേനി സമർത്ഥിക്കുന്നു.

## മാതാവിന്റെ സ്വർഗ്ഗാരോപണം

നവംബർ 1-ാംനു വിശ്വാസ സത്യമായി പ്രഖ്യാപിക്കപ്പെടും

പരിശുദ്ധ കന്യകാമറിയം മരണശേഷം ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടുവെന്ന വസ്തുത അടുത്ത നവംബർ 1-ാംനു, സകല പുണ്യവാന്മാരുടേയും തിരുനാളിൽ, ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെടുമെന്നു് ഇക്കഴിഞ്ഞ ആഗസ്റ്റ് 14-ാംനു (സ്വർഗ്ഗാരോപണത്തിരുനാളിന്റെ തലേദിനം) യിലെ "ഒസ്സർവത്തോരെ റൊമാനൊ" പത്രം പ്രസ്താവിച്ചിരിക്കുന്നു. ഒക്ടോബർ 31-ാംനു പരിശുദ്ധ പിതാവു് "കൺസിസ്റ്ററി" തിരുസംഘത്തിന്റെ ഒരു യോഗം വിളിച്ചുകൂട്ടുന്നതും മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കുവാൻ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിരിക്കുന്ന കാര്യം കർദ്ദിനാളന്മാരെ ഔദ്യോഗികമായി അറിയിക്കുന്നതുമാണ്.

"മറിയത്തിന്റെ സ്വർഗ്ഗാരോപണം" നവീനമായ ഒരു സിദ്ധാന്തമല്ല. ആദിമകാലം മുതൽ പരമ്പരാഗതമായി കത്തോലിക്കർ വിശ്വസിച്ചുവന്ന ഒരു സംഗതിയാണതു്. കത്തോലിക്കർ മാത്രമല്ല, സഭയിൽനിന്നു വേർപെട്ടുപോയ ശിശ്മക്കാർപോലും ഈ സംഗതി വിശ്വസിച്ചുവരുന്നു. ക്രിസ്തുസഭയിൽ അതിപുരാതനകാലംമുതൽ അംഗീകൃതമായിരുന്ന ഒരു സത്യമാണ് മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്നതിനു് അളവറ്റ തെളിവുകളുണ്ടല്ലോ. ഇപ്പോൾ പരിശുദ്ധപിതാവു് അപ്പസ്തോലികവും അപ്രമാദികവുമായ തന്റെ അദ്ധ്യാപനാധികാരം പ്രയോഗിച്ചുകൊണ്ടു് അതിനെ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നുവെന്നുമാത്രം. റോമിൽ വച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന സാർവ്വദേശീയ മരിയൻ കോൺഗ്രസ്സ് ഒക്ടോബർ 23-ാംനു ആരംഭിക്കുന്നതാണ്. അതിന്റെ അവസാനത്തിൽ ഈ പ്രഖ്യാപനമുണ്ടാകുന്നതു ഏററവും അവസരോചിതവും ആനന്ദദായകവുമായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ല.

1946 മെയ് 1-ാംനു പരിശുദ്ധപിതാവു് ലോകത്തിലുള്ള എല്ലാം കത്തോലിക്കാ മെത്രാന്മാർക്കുമയച്ച ഒരെഴുത്തിൽ, "സ്വർഗ്ഗാരോപണം" വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിന്റെ ആവശ്യകതയേയും ഔചിത്യത്തെയും പറ്റി അവരുടെ അഭിപ്രായമാരാഞ്ഞിരുന്നു. അവർ തങ്ങളുടെ കീഴിലുള്ള വൈദികരുടെയും വിശ്വാസികളുടെയും അഭിപ്രായവും അഭിലാഷവും അന്വേഷിച്ചറിഞ്ഞശേഷം മറുപടികൾ സമർപ്പിച്ചു. കഴിഞ്ഞ നാലു വർഷമായി പരിശുദ്ധസിംഹാസനം ആ മറുപടികളെപ്പറ്റി പര്യാലോചനകൾ നടത്തിവരികയായിരുന്നു. ഇവ കൂടാതെ, 113 കർദ്ദിനാളന്മാർ, പാത്രിയർക്കാരും മെത്രാപ്പോലീത്തമാരും മെത്രാന്മാരും കൂടി 2523 പേരും, 82,000 വൈദികരും അനേകായിരം അത്മേനികളും ഏതത്സംബന്ധമായി പരിശുദ്ധസിംഹാസനത്തിലേക്കു് അപേക്ഷകൾ അയച്ചിട്ടുള്ളതാണ്. ഏവംവിധം കത്തോലിക്കാലോകം അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരുന്ന സുദിനമാണ് നവംബർ 1-ാംനു സമാഗതമാകുന്നതു്. ദൈവമാതാവിന്റെ വിജയവൈജയന്തിയെ പ്രഖ്യാപിക്കുന്ന ആ മഹാദിനത്തിൽ മരിയാമക്കളെല്ലാം ആനന്ദനിർഭരമായ ഹൃദയത്തോടെ ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുന്നതായിരിക്കും.

1854-ൽ മറിയത്തിന്റെ അമലോത്ഭവവും 1870-ൽ മാർപ്പാപ്പായുടെ അപ്രമാദിത്വവും വിശ്വാസസത്യങ്ങളായി പ്രഖ്യാപിക്കപ്പെട്ടശേഷം ഇദംപ്രഥമമായി നടക്കുന്ന ഒരു പ്രഖ്യാപനമാണിതെന്നതും പ്രസ്താവ്യമാണ്.


# പത്താം പീയൂസ്

(വി. കർബാനയുടെ പാപ്പാ) വില 1 ക.

ഇരുപതാം നൂറ്റാണ്ടിലെ അക്ഷയശരീരൻ, വത്തിക്കാനിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന പരിശുദ്ധൻ By ഫാ. ജോസഫ് മണ്ണനാൽ.

പുസ്തകാഭിപ്രായങ്ങൾ—1) പത്താംപീയൂസ് എന്ന ഈ ഗ്രന്ഥത്തിൽ ഒരു വീരസാഹസകഥയുടെ ആകർഷകത്വവും ഒരു ചരിത്രഗ്രന്ഥത്തിന്റെ ഗാംഭീര്യവും ഒരു തത്വശാസ്ത്രഗ്രന്ഥത്തിന്റെ ഔൽകൃഷ്ട്യവും സമ്മിളിതമായിട്ടുണ്ടെന്നു തോന്നും (ദീപിക) 2) ഈ ജീവചരിത്രം വിദ്യാർത്ഥികൾ പ്രത്യേകം പഠിച്ചിരിക്കേണ്ടതാണ്. പരിമാഷകനു സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠനേടിക്കൊടുക്കുവാൻ ഈ ഗ്രന്ഥം തികച്ചും പര്യാപ്തമാണ്. (എസ്സ്. എച്ച്. ലീഗ്) 3) ഈ പ്രസിദ്ധീകരണം നിമിത്തം അച്ചനെ ഞാൻ അനുമോദിക്കയും തങ്കളോടു് ഹൃദയംഗമമായി നന്ദിപറയുകയും ചെയ്യുന്നു. (തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു്.)

2) പരമപരിപാലകൻ (പ്രഹസനം) വില 2 ണ. (വി. പി. അരഡസൻ തികച്ചു്) "മീറ്റിംഗുകൾ നടത്തുന്നവർക്കു് പരമപരിപാലകൻ ഒരനുഗ്രഹം തന്നെയാണ്" എസ്സ്. എച്ച്. ലീഗ്.

വില്പനസ്ഥലങ്ങൾ 1) മദ്ധ്യസ്ഥാൻ ബുക്ക് ഡിപ്പോ, ചങ്ങനാശ്ശേരി 2) മുകുന്ദർ ബുക്ക് ഡിപ്പോ, ഐ. എസ്സ് പ്രസ്സ്, എറണാകുളം 3) കത്തോലിക്ക മിഷ്യൻ പ്രസ്സ്, കോട്ടയം 4) ലിററിൽഫ്ളവർ ബുക്ക് സ്റ്റോർ, ഭരണങ്ങാനം. 5) കുസ്രാക്കാസു് മെമ്മോറിയൽ പബ്ളിക്കേഷൻസ്, മ്ലാനകരി. 6) സെന്റ് ജോസഫ്സ് പ്രസ്സ്, എർത്തുരുത്തു്.

ഗ്രന്ഥകർത്താവിനോടപേക്ഷിച്ചാൽ "പത്താംപീയൂസ്" ഡസനു് $\frac{1}{3}$-ം അരഡസനു് $\frac{1}{5}$-ം കമ്മിഷൻ നൽകുന്നതാണ്.

ഗ്രന്ഥകർത്താവു :ഫാ. ജോസഫ് മണ്ണനാൽ,

മുണ്ടാങ്കൽപള്ളി, അന്തിനാട്ട് A O.

# മറിയത്തിന്റെ വിമലഹൃദയം

(ഏണേക്കാട്ടു യൗസേപ്പ് കത്തനാർ)

IV

നമ്മുടെ കർത്താവിന്റെ തിരുഹൃദയം മർഗ്ഗരീത്താമറിയത്തിനു നൽകിയ ദർശനം അതിന്റെ ഭക്തന്മാർക്ക് ഒരു പുതിയ കാലഘട്ടത്തിന്റെ പ്രാരംഭമാണ്. മറിയത്തിന്റെ വിമലഹൃദയഭക്തിക്കും അങ്ങനെതന്നെ. കാരണം അവ രണ്ടും വിഭിന്നമല്ല അതുപോലെ നവീനപ്രസ്ഥാനവുമല്ല. സഭാപിതാക്കന്മാർ ഇതിനു സാക്ഷ്യം വഹിക്കുന്നു. ഈശോയുടെ തിരുഹൃദയം പിതാവായ ദൈവത്തിനു "മറിയത്തിന്റെ ഹൃദയമായ അൾത്താരയിൽ" ബലി സമർപ്പിക്കുന്നതായി മർഗ്ഗരീത്താ മറിയം ദർശിക്കയുണ്ടായി. "എല്ലാ കാര്യങ്ങളിലും മറിയത്തിന്റെ ഒരു വിശ്വസ്തപുത്രിയാണെങ്കിൽ തന്നെ മറിയം ഈശോയുടെ തിരുഹൃദയത്തിന്റെ ഉത്തമഭക്തയാക്കിത്തീർക്കും" എന്നു മർഗ്ഗരീത്താമറിയം പുതുകന്യാസ്ത്രീകൾക്കു പറഞ്ഞിരുന്നു. മർഗ്ഗരീത്തായുടെ എഴുത്തുകൾ അവസാനിപ്പിക്കുന്നതു് "ഈശോയുടെയും മറിയത്തിന്റെയും തിരുഹൃദയങ്ങളിൽ" എന്നു ചേർത്തുകൊണ്ടാണ്. "എന്റെ ഓമനപ്പെട്ട അമ്മയുടെ സംരക്ഷണത്തിൽ ഞാൻ നിന്നെ ഏല്പിക്കുന്നു. എന്റെ ആശയമനുസരിച്ച് മറിയം നിന്നെ രൂപപ്പെടുത്തും" എന്നു മർഗ്ഗരീത്തായുടെ ചെറുപ്പത്തിൽത്തന്നെ നമ്മുടെ ദിവ്യരക്ഷകൻ വെളിപ്പെടുത്തി. വാസ്തവത്തിൽ അങ്ങനെതന്നെ സംഭവിച്ചു. ഈശോയുടെ തിരുഹൃദയത്തിന്റെ ഉത്തമ പ്രേഷിതയാകുവാൻ വേണ്ടി മർഗ്ഗരീത്തായെ പരിശുദ്ധകന്യക ഒരു വിസിറ്റേഷൻ കന്യാസ്ത്രീയാക്കിത്തീർത്തു. ഈശോയുടെ തിരുഹൃദയത്തെക്കുറിച്ച് ഫാദർ ക്രോയിസേ രചിച്ച ഒരു പുസ്തകത്തിൽ മറിയത്തിന്റെ തിരുഹൃദയ ലുത്തിനിയാകൂടെ ചേർക്കണമെന്നു മർഗ്ഗരീത്താ അദ്ദേഹത്തോടപേക്ഷിച്ചു.

വിശുദ്ധ ജോൺ എവുദേസിനോടൊപ്പം മർഗ്ഗരീത്തായും ഈ തിരുഹൃദയങ്ങൾ രണ്ടും ഏകീകൃതമായിട്ടാണു വിഭാവനം ചെയ്തിരുന്നതു്. മറിയത്തിന്റെ വിമലഹൃദയത്തെ നമ്മൾ വണങ്ങുമ്പോൾ മറിയത്തിനു ദൈവത്തോടും തന്റെ ദിവ്യസുതനോടുമുള്ള സ്നേഹത്തെയാണ് നാം ബഹുമാനിക്കുന്നതു്. ഈശോയുടെ തിരുഹൃദയത്തോടു മറിയത്തിനുള്ള അളവറ്റ സ്നേഹത്തിന്റെ അടയാളമായി ആ ഹൃദയവും പുണ്യപൂർണ്ണതകളും നമ്മുടെ ഭക്തിക്കു വിഷയമാകുന്നു. പ്രത്യക്ഷത്തിൽ മറിയം ദൈവത്തെ സ്നേഹിക്കുന്നതിനാൽ നാം മറിയത്തെ സ്നേഹിക്കുന്നു. ഈശോയുടെ ജീവിതംതന്നെ നയിച്ചുകൊണ്ടു തിരുഹൃദയത്തോടു കഴിവുള്ള സ്നേഹം മുഴുവനും പ്രദർശിപ്പിക്കുന്ന ആ ഹൃദയത്തോടാണു നമുക്കു ഭക്തി. അതുപോലെ നമ്മുടെ ഹൃദയം മറിയത്തിന്റെ ഹൃദയത്തിനും നമ്മുടെ ഹൃദയത്തോടുകൂടി മറിയത്തിന്റെ ഹൃദയം ഈശോയുടെ ഹൃദയത്തിനും. മറിയത്തിനു നമ്മോടുള്ള സ്നേഹത്തെക്കാൾ മറിയത്തിനു ദൈവത്തോടുള്ള സ്നേഹമാണ് വിമലഹൃദയഭക്തിയിൽ നമുക്കു കൂടുതൽ പ്രചോദനം നല്കുന്നതു്. മാതാവു നമ്മെ സ്നേഹിക്കുന്നതുകൊണ്ടും നമ്മൾ മാതാവിനെ സ്നേഹിക്കുന്നു എന്നുള്ളതു ശരിതന്നെ. എങ്കിലും അതിനു രണ്ടാം സ്ഥാനമേയുള്ളൂ. മറിയവും ദൈവത്തോടുള്ള സ്നേഹത്തിനു പ്രാധാന്യം നൽകി ജീവിക്കുന്നപക്ഷവും മനുഷ്യരോടുള്ള സ്നേഹത്തെ അവഗണിക്കാൻ പാടില്ല. ഇതിനു അതിന്റെ സ്ഥാനമുണ്ട്.

ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം കണ്ടാലും. അവർക്കുവേണ്ടി തന്റെ പ്രിയപ്പെട്ട ഏകജാതനെ ലോകത്തിലേക്കയച്ചു അവർക്കുവേണ്ടി കഠിനപീഡകൾ സഹിച്ച് ക്രൂശുമരണം കൈവരിക്കാൻ അനുവദിച്ച ദൈവം സ്നേഹിക്കുന്നവരെ മറിയവും സ്നേഹിക്കുന്നു. മറിയത്തിന്റെ എല്ലാ വൈശിഷ്ട്യങ്ങളുടേയും മാത്രമല്ല ക്രിസ്തുമതത്തിന്റെ തന്നെയും അടിസ്ഥാനം ദൈവമാതൃത്വത്തിലാകയാൽ ലോകോത്തരമായ അനുഗ്രഹങ്ങളും മഹിമകളും മറിയത്തിലാണ് ആശ്രയിച്ചിരിക്കുന്നതു്. "ദൈവമാതാവിന്റെ നാമത്തെ നിഷേധിക്കുന്നവൻ ക്രിസ്തുമതത്തെത്തന്നെ നിഷേധിക്കുന്നു; എന്തെന്നാൽ അതിന്റെ ഭദ്രതയുടെ സംക്ഷേപമായ ഖണ്ഡം, ആ നാമംതന്നെയാകുന്നു" എന്നു തെരിയെൻ (Terrien) എഴുതിയിരിക്കുന്നു. ലോകത്തിലെ സകല പാഷണ്ഡങ്ങളും മറിയം ഇല്ലാതാക്കി എന്നു തിരുസ്സഭ പ്രഖ്യാപിക്കുന്നതിന്റെ കാരണം ഇതാണ്. "കുരിശുമരണംവരെ ക്രിസ്തു നമ്മെ സ്നേഹിച്ചതുകൊണ്ട് മറിയവും നമ്മെ സ്നേഹിക്കുന്നു. ക്രിസ്തു നമ്മുടെ രക്ഷകനാണ്, മറിയം സഹരക്ഷകിയും. മറിയം ക്രിസ്തുവിനോടുകൂടി അത്രമാത്രം സമ്പൂർണ്ണമായി സഹകരിച്ചു. ആദ്യത്തെ ഹവ്വായുടെ മനുഷ്യകുലം അധഃപതിച്ചു രണ്ടാമത്തെ ഹവ്വാ വഴി വീണ്ടെടുപ്പും നടന്നു. ക്രിസ്തു നമുക്കായി സമ്പാദിച്ചിരുന്ന ഫലം നമുക്ക അവകാശപ്പെട്ടതാക്കുന്നു. ദൈവത്തിനു എതിരായ കുറ്റത്തെ പരിഹരിക്കുന്നതിനു ദൈവമായ ക്രിസ്തുവിനു മാത്രമേ കഴിവുണ്ടായിരുന്നുള്ളൂ. മറിയം അതിന്റെ സഹകാരിണിയും.

മരിയശാസ്ത്രത്തിന്റെ മഹാപ്രവാചകനായ പതിമൂന്നാം ലെയോ മാർപ്പാപ്പാ പറയുന്നു: "മനുഷ്യകുലത്തിനുവേണ്ടിയുള്ള വിഷമമേറിയ പരിഹാരപ്രവൃത്തിയിൽ മറിയം ക്രിസ്തുവിന്റെ ഉത്തമസഹായിയായിരുന്നു" എന്നു്. ജപമാലയെപ്പറ്റി അനേകം ലേഖനങ്ങളാൽ ശ്രുതനായ ഈ മാർപ്പാപ്പാ പന്ത്രണ്ടു വിശ്വലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലേഖനങ്ങൾ എഴുതിയ അവസരത്തിൽ വിശുദ്ധ അൽബേർട്ടിന്റെ മരിയാലേ (Mariale) എന്ന മഹാഗ്രന്ഥം തന്റെ മുമ്പിൽ വച്ച് അതിൽനിന്നും പല ആശയങ്ങളും പകർത്തിട്ടുണ്ടെന്നും ഈ പരിശുദ്ധപിതാവു സമ്മതിക്കുന്നു.

നമ്മുടെ പ്രധാന മദ്ധ്യസ്ഥൻ ഈശോതന്നെ. മറിയം രണ്ടാമത്തെ മദ്ധ്യസ്ഥയുമാണ്. മറിയം മദ്ധ്യസ്ഥന്റെ സന്നിധിയിൽ മദ്ധ്യസ്ഥതവഹിക്കുന്നവളായിരിക്കുന്നു. മനുഷ്യാവതാരത്തിനു മറിയത്തിന്റെ സമ്മതം വേണ്ടിയിരുന്നതു മൂലം നമ്മുടെ സംരക്ഷണകൃത്യത്തിൽ മറിയം കൂട്ടുപ്രവർത്തകയായതിനാൽ മാതാവുവഴിയല്ലാതെ ദൈവത്തിൽനിന്നും ഏതൊരനുഗ്രഹവും നമുക്കു ലഭിപ്പാൻ സാധിക്കയില്ല. അതുകൊണ്ടാണു മാതാവിന്റെ മാദ്ധ്യസ്ഥ്യം നാം തേടേണ്ടിയിരിക്കുന്നതു്. "പരിശുദ്ധ കന്യകയുടെ സാർവ്വത്രിക മദ്ധ്യസ്ഥത (Universal mediation) ജനങ്ങളിൽ ഏകരീതിയിൽ ശ്രദ്ധേയമായ ഒരു വിശ്വാസമായിത്തീർന്നിരിക്കുന്നതുകൊണ്ടു് അതു തിരുസ്സഭയുടെ പൊതുഅഭിപ്രായമായി കരുതാവുന്ന സവിശേഷ ഭേദമാണ്" എന്നു കർദ്ദിനാൾ മെർസിയെ പറയുന്നു. "മറിയത്തിൽക്കൂടി സമസ്തവും നമുക്കു ലഭിക്കണമെന്നതാണ് ദൈവം തിരുമനസ്സായതു്" എന്നാണു വിശുദ്ധ ബെർനാർദിന്റെ ആപ്തവാക്യത്തിലുള്ള സമർത്ഥനം. ക്രിസ്തു നമ്മുടെ സഹോദരനാണ്. മറിയ ക്രിസ്തുവിന്റെയും നമ്മുടെയും അമ്മയും. മറിയം ക്രിസ്തുവിനെ സ്നേഹിക്കുന്നു. ഇതരമക്കളായ നമ്മെയും സ്നേഹിക്കുന്നു.

മറിയത്തിന്റെ വിമലഹൃദയഭക്തിയിൽ പ്രധാനസ്ഥാനം തനിക്കു ദൈവത്തോടുള്ള സ്നേഹമാണെന്നു നമ്മോടുള്ളതല്ലെന്നും മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു. മറിയം നമ്മെ സ്നേഹിക്കുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ. അതിൽ നമ്മൾ ആരും സംശയിക്കുന്നില്ല. മുഖ്യമായി താൻ ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ടാണു നമ്മുടെ സ്നേഹത്തെ മറിയം അർഹിക്കുന്നതു്. താൻ സ്നേഹിക്കുന്ന ദൈവത്തെ നാമും കൂടുതലായി സ്നേഹിക്കുന്നതിനു മറിയം നമുക്കു വഴികാണിക്കയാണ്. ദൈവത്തിലേക്കുള്ള മറിയത്തിന്റെ കാലടികളെ പിൻചെന്നു് ആ അമ്മയെ അനുകരിച്ചു് അമ്മയോടുള്ള നമ്മുടെ സ്നേഹത്തെ പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. മറിയത്തിന്റെ വിമലഹൃദയത്തെയും അതിലുൾക്കൊള്ളുന്ന സകലത്തെയും നാം ബഹുമാനിച്ചുവണങ്ങുന്നതു് തന്റെ ആന്തരികപുണ്യജീവിതത്തെ നമ്മിലേക്ക പകർത്തി ക്രിസ്തുവിനെ കൂടുതലായി സ്നേഹിക്കുന്നതിനാണ്.

---

# നമ്മറിഞ്ഞ മറിയമേ!

(എ. കെ തോമസ് വാദ്ധ്യാർ)

(മട്ടു—ഗാനജാലമീതു് മീനകേതു......എ. ഭ.)

ശ്രീമേരി നാരീകുലമൗലേ! നരകുലമാകെ വരമരുൾക തായേ
സ്നേഹനിധിയാം ലോകൈകജനനി നിന്നമ്പിനിൽ ഞങ്ങൾ നിധി
സാദ്ധ്യസ്ഥ നേരുന്നു നിനക്കായ് നാഥേ! സമാരാധിവർ
ക്ലേശകത്തുണകനംബിക! ഉപകാരിൽ നാഥേ! വരമരുൾക തായേ
(ശ്രീമേരി)

സ്നേഹഗൗരവം സർവ്വേശതനയൻ നിൻ സന്നിധേ വാഴ്കിൽ
കന്യാമേരിയേ! നാരികളിൽ നീ എന്നും വാഴ്ത്തപ്പെട്ടവൾ
വാത്സല്യപൂരിതയാം മാതേ! കനിവെഴും നാഥേ! വരമരുൾക തായേ
(ശ്രീമേരി)

നാഥേ! വിമലേ! നിൻ ദിവ്യഉദരേ അവതാരനായി ശാ
ന്തിദ്യപിതാവിൻ വത്സലതനയൻ എന്നും വാഴ്ത്തപ്പെട്ടവൻ
(ശ്രീമേരി)

---

# ഒരേ-ഒരു ദൈവം!

(5-ാം പേജ് തുടർച്ച)

ഇതുകേട്ടു മറുപടി പറയാനൊന്നുമില്ലാതെ മാർത്ത മുഖം കുനിച്ചുകൊണ്ടു മുറിവിട്ടിറങ്ങിപ്പോയി. പാപ്പച്ചൻ പത്രപാരായണത്തിലേർപ്പെട്ടു.

ഇങ്ങനെയാണ് ആറു വയസ്സുമാത്രം പ്രായമുള്ള നമ്മുടെ കൊച്ചു ഡോസിയുടെ നില. സമാധാന ക്രൈസ്തവാന്തരീക്ഷത്തിലും വിശ്വാസത്തിലും വസിക്കുകയും ശ്വസിക്കുകയും ചെയ്യേണ്ടിയിരുന്ന കുഞ്ഞു് വിദ്യാലയമാകുന്ന വൻസമുദ്രത്തിൽ യാതൊരാലംബവുമില്ലാതെ ഉഴലുവാൻ തള്ളിവിടപ്പെട്ടിരിക്കുന്നു! ജീവിതോദ്ദേശ്യമറിയുവാൻ വേണ്ടുന്ന ആദ്ധ്യാത്മികസംഗതികൾ, സ്വന്തം തന്റേടമുപയോഗിച്ചു സമ്പാദിച്ചുകൊള്ളുവാൻ തള്ളിവിടപ്പെട്ടിരിക്കുന്നു! ഈ പ്രായത്തിൽ പലതും പഠിക്കുവാൻ അവൾക്കു കഴിയുമായിരുന്നു. എങ്കിലും സാധ്യമായില്ല.

ബാലപാഠത്തിലുള്ള പലതും പെട്ടെന്ന് അവൾ വായിക്കുവാൻ പഠിച്ചു. മനസ്സിലാക്കുകയും ചെയ്തു. എന്തൊക്കെയുണ്ടോ അവയെല്ലാം ശിശുപ്രായം മുതലു് അവൾക്കു പരിചയപ്പെട്ട ഭൗതികസംഗതികളായിരുന്നു. ആദ്ധ്യാത്മികകാര്യങ്ങളോട്ടു പരിചയമില്ലാത്തതും തനിപ്രകൃതിയുമത്രേ. തന്നിമിത്തം ഒരു ക്രൈസ്തവബാലികയുടെ അനുഭവമണ്ഡലങ്ങൾക്കു് ഇക്കാര്യത്തിലുള്ളൂ.

ബെത്ലഹേമിലെ തൊഴുക്കൂട്ടിൽ പിറന്ന ഉണ്ണി ഈശോയുടെ കഥയും, അവിടുന്നു ദേവാലയത്തിലെ സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്നതും മറ്റും അവൾക്കു മനസ്സിലാകുന്നുണ്ട്. വേറെ പലതിനെപ്പറ്റിയും ഒരു നൂറു ചോദ്യം ചോദിക്കുവാൻ അവൾക്കുണ്ട്. പക്ഷെ, 53 കുട്ടികളെ വച്ചു് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന സിസ്റ്റർ ക്ലാരയ്ക്കു അതെല്ലാം ചോദിച്ചാൽ മറുപടി പറയാൻ സമയമില്ല. എങ്കിലും ഡോസി പരമാവധി പരിശ്രമിക്കുന്നുണ്ടുതാനും.

ആ സ്കൂൾവർഷത്തിൽ ഡോസിക്കു വയസ്സ് 7 നടപ്പാണ്. ഈസ്റ്റർ കഴിഞ്ഞതോടുകൂടി "ആദ്യകുർബാന കൈക്കൊള്ളുവാൻ വേണ്ടുന്ന തയ്യാറെടുപ്പുകൾ" അടങ്ങിയ ഓരോ ചെറുപുസ്തകം എല്ലാ കുട്ടികൾക്കും നല്കപ്പെട്ടു. ഒന്നു ഡോസിക്കും കിട്ടി. സിസ്റ്റർ ക്ലാര എല്ലാവരെയും ഒരുക്കിവന്നു. ശേഷം ഒന്നുകൂടി പരീക്ഷിച്ചിട്ടു തിരഞ്ഞെടുപ്പു നടത്തുന്നതാണെന്നു ഫാദർ ഡാനിയേൽ അറിവുകൊടുത്തു.

അവസാനം പരീക്ഷയ്ക്കുള്ള ആ വലിയ ദിവസം വന്നു. സിസ്റ്റർ ക്ലാര സകല കഴിവുകളും പ്രയോഗിച്ചു കുട്ടികളെ ഒരുക്കിയിരുന്നു. ചുരുക്കം ചിലരൊഴിച്ചു് ബാക്കിയുള്ള മാതാപിതാക്കൾ ഈ രക്ഷാകരജോലിയിൽ സിസ്റ്റർ ക്ലാരയോടു് സഹകരിച്ചിരുന്നു. ഇതിനുശേഷം ഫാദർ ഡാനിയേൽ അക്ഷമരായ കുട്ടികളെ പേരുവിളിച്ചു് പരീക്ഷ തുടങ്ങി.

ഡോസിയുടെ വലിയമ്മയുടെ മകൾ ബെജി ഡോസിയോടൊപ്പം സ്കൂളിൽ ചേർന്നതാണ്. ഫാദർ ഡാനിയൽ ചോദിച്ച ചോദ്യത്തിനെല്ലാം അവൾ കരതിത്തു മറുപടിപറഞ്ഞു. ഡോസിയോ എന്നാൽ എപ്പോഴും മറുപടി പറയാൻ അറിയാത്തതുകൊണ്ടു് ഇരുന്നിടത്തിരുന്നു വിയർക്കുകയാണ്.

ഒടുവിൽ ഡോസിയുടെ സമയമായി. ഫാദർ ഡാനിയലിനു കണ്ടപ്പോൾത്തന്നെ ഡോസിയെ മനസ്സിലായി.

"കുഞ്ഞേ, നീ നന്നായി ഒരുങ്ങിയെങ്കിലും 'ആകാശങ്ങളിൽ ഇരിക്കുന്ന' ജപം അറിയാമോ?" ഫാദർ ഡാനിയൽ ചോദിച്ചു. ഡോസി ഭയത്തോടുകൂടി ഒന്നു തലകുലുക്കി പകുതി ചൊല്ലി. പിന്നെ മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. അടുത്തിരിക്കുന്ന കുട്ടികളെല്ലാം അവളോടുകൂടി പ്രസ്തുത ജപം ഉരുവിട്ടുകൊണ്ടു ചൊല്ലുന്നുണ്ട്. ചിലർ ചൊല്ലുന്നതു പുറത്തു കേൾക്കത്തക്കവണ്ണം. എന്നിട്ടും, പരിചയമില്ലാത്തതുകൊണ്ടു് തനിച്ചു ചൊല്ലുവാൻ അവൾക്കു കഴിയുന്നില്ല.

"ഇനിയും ആയിട്ടില്ല. പോകട്ടെ ത്രിത്വത്തിൽ എത്ര ആളുകൾ ഉണ്ട്?" ഫാദർ ഡാനിയൽ തുടർന്നു. "മൂന്ന്. ബാവ, പുത്രൻ, റൂഹാദക്കുദശാ." ഡോസി ആവേശത്തോടെ പറഞ്ഞു.

"കൊള്ളാം, അതു തെറ്റില്ല. എത്ര ദൈവമുണ്ട്?" "മൂന്ന്" എന്നു പുഞ്ചിരിച്ചുകൊണ്ടു് ഡോസി പറഞ്ഞു. ശരിയായി പറയുന്നുവെന്നുള്ള സന്തോഷഭാവമാണു് അവളിൽ അപ്പോൾ കണ്ടതു്.

"മൂന്നു ദൈവം! സ്വല്പംകൂടി ചിന്തിക്കുക. മൂന്നു ദൈവമുണ്ടോ കുഞ്ഞേ?"

"ഉവ്വ്: ബാവ, പുത്രൻ, റൂഹാദക്കുദശാ" ഡോസി പറഞ്ഞു.

ഫാദർ ഡാനിയൽ അല്പസമയം മൗനം അവലംബിച്ചിട്ടു പറഞ്ഞു: "ഈ കുട്ടിയുടെ അമ്മ ഒട്ടും ശ്രദ്ധിച്ചിട്ടില്ല. ഇക്കാര്യം ഒരു കാര്യമേ അല്ല എന്നായിരിക്കാം അവരുടെ ഭാവം. സ്വല്പം ലജ്ജി കാണിക്കുമ്പോഴേ അവർ കണ്ണുരുട്ടും." ഫാദർ പാറയിൽ അടുത്ത കുട്ടിയെ വിളിച്ചു. ഡോസി സ്വസ്ഥാനത്തേക്കു മടങ്ങിപ്പോയി. പരീക്ഷാവേശം കഴിഞ്ഞല്ലോ എന്നായിരുന്നു അവളുടെ ആശ്വാസം.

ഉച്ചവരെ അവളിൽ യാതൊരു ഭാവഭേദവും കണ്ടില്ല. എന്തുകൊണ്ടെന്നാൽ ഉച്ചയ്ക്കാണ് അവർക്കു വേണ്ടത്ര ജപങ്ങൾ അറിഞ്ഞുകൂടെന്നും ഒരുകൊല്ലംകൂടി ക്ഷമിക്കുകയും പഠിക്കുകയും ചെയ്യേണ്ടതുണ്ടെന്നും ഫാദർ ഡാനിയൽ പറഞ്ഞതു്.

കുറച്ചുനേരത്തേക്കു് അവൾ മരവിച്ചുവശായിപ്പോയി. പിന്നീടു് കണ്ണുനീർധാരയാണ് പൊഴിക്കാൻ തുടങ്ങിയതു്.

"ഓ, സിസ്റ്റർ, ഒരുകൊല്ലംകൂടി ക്ഷമിച്ചിരിക്ക എനിക്കു വയ്യാ ഈ വട്ടത്തിൽതന്നെ എനിക്കു കുർബാന കൈക്കൊള്ളണം" ഡോസി പറഞ്ഞു.

"എന്റെ കുഞ്ഞേ, സാരമില്ല." സിസ്റ്റർ സഹതാപപൂർവ്വം പറഞ്ഞു. "നീ വല്ലാതെ തെറ്റായിട്ടാണ് ഉത്തരം പറഞ്ഞിട്ടുള്ളതു്. മൂന്നു് ദൈവമുണ്ടെന്നല്ലേ നീ പറഞ്ഞതു്? ദൈവം ഒന്നല്ലേയുള്ളൂ? അതു നീ അറിയുന്നില്ലേ?"

ഡോസി പെട്ടെന്നു കരച്ചിൽ നിർത്തിയിട്ടു പറഞ്ഞു: "ഓ അതായിരുന്നോ! അതെനിക്കറിയാം." വിശുദ്ധ പാട്രിക്കിന്റെ കഥയിൽ ഒരു ദൈവമേയുള്ളൂ എന്നു അദ്ദേഹം പഠിപ്പിച്ചിട്ടുള്ള കാര്യം അവൾ ഓർത്തു. ആ പിശകുമാത്രമേ ഉള്ളുവെങ്കിൽ വികാരിയച്ചന്റെ പക്കൽ ചെന്നു് അതു തിരുത്താം എന്നു് അവൾ തീരുമാനിച്ചു.

(ശേഷം അടുത്തതിൽ)

## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക

മുദ്രാവാക്യം: പ്രാത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിൻെറ വിമലഹൃദയത്തിൻെറ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ചഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

# മററു ചില ത്യാഗാഭ്യാസങ്ങൾ

പ്രിയ കുഞ്ഞുങ്ങളേ,


ഫാത്തിമാബാലകരുടെ വേറെ ചില ത്യാഗാഭ്യാസങ്ങൾകൂടി ഇന്നു പറയാം. ഒരു ദിവസം കുട്ടികൾ അവരുടെ പുരയിടത്തിലുള്ള കിണററിൻെറ സമീപത്തു കളിച്ചുകൊണ്ടുനില്ക്കുകയായിരുന്നു. പ്രസ്തുതാവസരത്തിൽ ജസീന്തായുടെ മാതാവു ഒരുകുല മുന്തിരിപ്പഴവുമായി അവരെ സമീപിച്ചു. കൃതജ്ഞതാപൂർവ്വം അവർ ആ പഴങ്ങൾ സ്വീകരിച്ചു. വിളഞ്ഞുപഴുത്ത നല്ലപഴങ്ങൾ. അല്പം പുളിരസത്തോടുകൂടി മധുരം കലന്ന് അതിൻെറ ചാറിൽനിന്നും പ്രവഹിച്ചുകൊണ്ടിരുന്ന വാസന കുട്ടികളുടെ വായിൽ വെള്ളം നിറച്ചിരിക്കണം. എങ്കിലും സ്വാഭാവികമായ അവരുടെ ആഗ്രഹത്തെ പാപികളുടെ മാനസാന്തരത്തിനുവേണ്ടി നിഗ്രഹിക്കുവാൻതന്നെ അവർ തീർച്ചപ്പെടുത്തി. അതുകൊണ്ടു അമ്മ അവരുടെ പക്കൽനിന്നും പോയിക്കഴിഞ്ഞ ഉടൻ ജസീന്ത മുന്തിരിക്കുലയുമായി തെരുവീഥിയിലേക്കു ഓടി. അവിടെ കണ്ട സാധുക്കളായ രണ്ടു കുട്ടികൾക്കു അവൾ അതു സമ്മാനിച്ചു തൃപ്തയായി.

മററൊരു ദിവസം ഒരു കൊട്ടനിറയെ വളരെ രുചികരമായ ഫലങ്ങൾ വച്ചുകൊണ്ടു ജസീന്തയുടെ അമ്മ കുട്ടികളെ വിളിച്ചു. അവർ പറഞ്ഞു: "മക്കൾ ഇഷ്ടംപോലെ ഇവ എടുത്തുതിന്നുകൊള്ളുക." പക്ഷെ അവർ പരസ്പരം പറഞ്ഞു: "ഇന്നു നാം ത്യാഗപ്രവൃത്തികൾ ഒന്നും ചെയ്തില്ലല്ലോ. ഇപ്പോൾ ഇതു തിന്നേണ്ട. കുറെസമയം കഴിയട്ടെ. ഇപ്പോൾ തിന്നുവാനുള്ള ആഗ്രഹം പാപികളുടെ മാനസാന്തരത്തിനായി നമുക്കു ത്യജിക്കാം." എല്ലാവരും സമ്മതിച്ചു. ആ ത്യാഗവും അവർ സമർപ്പിച്ചു

വേറൊരിക്കൽ പതിവുപോലെ അവർ മേച്ചിൽസ്ഥലത്തേക്കു പുറപ്പെട്ടു. വഴിമദ്ധ്യേ കൈവശമുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ ഭിക്ഷക്കാർക്കു അവർ ദാനംചെയ്തു. അന്നും ഉച്ചകഴിഞ്ഞു ശക്തിയായ വിശപ്പു അവർക്കുണ്ടായി. വിശപ്പോടുകൂടി അന്നു അവർക്കനുഭവപ്പെട്ട ദാഹം സഹിച്ചുനില്ക്കുവാൻ നിവൃത്തിയില്ലായ്കയാൽ അപ്പോൾ സമീപസ്ഥലത്തുണ്ടായിരുന്ന ഒരു വീട്ടിൽ ചെന്നു കുടിക്കുന്നതിനു കുറെ വെള്ളം ആവശ്യപ്പെട്ടു. ഗൃഹനായികയായ വൃദ്ധ ഒരു പാത്രത്തിൽ കുറെ വെള്ളവും ഒരു കഷണം അപ്പവും അവർക്കു കൊടുത്തു. അപ്പം അവർ മൂന്നുപേരുംകൂടി ഭാഗിച്ചെടുത്തു. ലൂസി വെള്ളപ്പാത്രമെടുത്തിട്ടു അവൾ കുടിക്കാതെ, ഫ്രാൻസിസിൻെറ കൈയിലേക്കു കൊടുത്തു. എന്നാൽ അവൻ പറഞ്ഞു: "ഞാൻ ഇപ്പോൾ കുടിക്കുന്നില്ല." "എന്തുകൊണ്ടു്?" ലൂസി ചോദിച്ചു. "പാപികളുടെ മാനസാന്തരത്തിനുവേണ്ടി ഈ ത്യാഗം എനിക്കു കാഴ്ചവയ്ക്കണം." ഇപ്രകാരം പറഞ്ഞുകൊണ്ടു വെള്ളപ്പാത്രം ജസീന്തായുടെ കൈയിലേക്കു കൊടുത്തു. എന്നിട്ടു സന്തോഷപുരസ്സരം അവൻ അവളോടു പറഞ്ഞു: "ജസീന്തേ, നീ കുടിച്ചുകൊള്ളുക." അവൾ പ്രതിവചിച്ചു: "ഞാനും കുടിക്കുന്നില്ല. എനിക്കും ത്യാഗം അനുഷ്ഠിക്കണം." എന്തിനധികം പറയുന്നു, അവരിൽ ആരും അതു കുടിച്ചില്ല. തങ്ങളുടെ ആടുകൾ കുടിക്കുന്നതിനുവേണ്ടി അടുത്തു സ്ഥിതിചെയ്തിരുന്ന ഒരു പാറയുടെ പുറത്തുണ്ടായിരുന്ന കുഴിയിലേക്കു ആ വെള്ളം അവർ ഒഴിച്ചു.

അവരുടെ അനുദിനജീവിതത്തിലെ സാധാരണ ത്യാഗപ്രവൃത്തികളുടെ ഏതാനും ചില മാതൃകകൾമാത്രമാണു് ഇവ. ഇതിലും വീരോചിതമായ ത്യാഗങ്ങളും ധാരാളം അവർ ചെയ്തിരുന്നു. അവയെക്കുറിച്ചു് അടുത്ത അവസരത്തിൽ പറഞ്ഞുകൊള്ളാം.

പ്രിയകുഞ്ഞുങ്ങളേ, എങ്ങനെയാണു് ത്യാഗപ്രവൃത്തികൾ ചെയ്യേണ്ടതു് എന്നറിഞ്ഞുകൂടാത്തവർക്കു ഫ്രാൻസിസ് മുതൽപേരുടെ മേൽവിവരിച്ചതരത്തിലുള്ള സാധാരണ ത്യാഗാനുഷ്ഠാനങ്ങൾ നല്ല മാതൃകകളാണു്. നിങ്ങളുടെ അമ്മമാർ പലപ്പോഴും നല്ല പലഹാരങ്ങൾ ഉണ്ടാക്കുന്നുണ്ടു്. അപ്പന്മാർ മിട്ടായി, ചോക്ലേററു്, ബിസ്ക്കററു് മുതലായ മധുരസാധനങ്ങളും പഴങ്ങളും കടകളിൽനിന്നു് വാങ്ങിക്കൊണ്ടുവരുന്നുണ്ടു്. ഈ അവസരങ്ങളിലെല്ലാം എപ്രകാരമാണു നിങ്ങൾ വർത്തിക്കുന്നതെന്നു് ആലോചിച്ചുനോക്കുക. പലയവസരങ്ങളിലും നിങ്ങളുടെ കൊതി വളരെ ശക്തിപ്രാപിക്കുന്നതായി നിങ്ങൾക്കനുഭവപ്പെട്ടിട്ടില്ലയോ? നിങ്ങളെക്കാൾ പ്രായംകുറഞ്ഞ നിങ്ങളുടെ സ്വന്തം സഹോദരന്മാർക്കും സഹോദരിമാർക്കും ഒരു കഷണംപോലും ലഭിക്കുവാൻ ഇടയാകാതെ മുഴുവനും നിങ്ങൾതന്നെ ചിലയവസരങ്ങളിൽ തിന്നുകളഞ്ഞിട്ടില്ലയോ? അവരുടെ കൈയിൽ കിട്ടിയിട്ടുള്ള അവരുടെ വീതംതന്നെ ചിലപ്പോൾ നിങ്ങൾ തട്ടിപ്പറിച്ചുകൊണ്ടു പോയിട്ടില്ലയോ? ഇതെല്ലാം നിങ്ങളിൽ സ്ഥിതിചെയ്യുന്ന കൊതിയുടെ പ്രവൃത്തനങ്ങളാണു്. ഈ കൊതിയെ നിങ്ങൾ നിയന്ത്രിക്കണം. നിങ്ങളുടെ സഹോദരങ്ങൾ അവരുടെ വീതം വാങ്ങിയശേഷംമാത്രം നിങ്ങൾ നിങ്ങളുടേതു വാങ്ങുവാൻ ശ്രമിക്കുക. ചിലയവസരങ്ങളിൽ നിങ്ങൾക്കു കിട്ടുന്ന പലഹാരങ്ങളുടെയും മററും ഒരുഭാഗംകൂടി അവർക്കു കൊടുക്കുക. മുഴുവൻ കൊടുക്കുവാനുള്ള ത്യാഗബുദ്ധി നിങ്ങൾക്കുണ്ടാകുകയാണെങ്കിൽ ഏററവും നല്ലതു്. നിങ്ങളുടെ വീതംകൂടി കൈക്കലാക്കുവാൻ പരിശ്രമിക്കുന്നവരോടു് നിങ്ങൾക്കു് അല്പം വിരോധമുണ്ടാകുമല്ലോ. അവരോടു ക്ഷമിച്ചു് അവർക്കും നിങ്ങൾക്കുള്ളതിൻെറ ഒരു ഭാഗമോ അല്ലെങ്കിൽ മുഴുവനുമോ ചിലപ്പോഴെല്ലാം കൊടുക്കുന്നതു് വലിയ ത്യാഗമാണു്. ഇങ്ങനെ നിങ്ങൾക്കു കിട്ടുന്ന അവസരങ്ങൾ ഫലപ്രദമാക്കി പാപികളുടെ മാനസാന്തരത്തിനുവേണ്ടി കാഴ്ചവയ്ക്കണം.



പയസ് ഫിലിപ്പ്സ് ആയില്ലൂക്കുന്നേൽ, കാഞ്ഞിരപ്പള്ളി.
ഫാത്തിമാബാലസമിതിയംഗമായിരുന്ന ഈ ബാലൻെറ മരണവൃത്താന്തം കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്നു.

## കത്തിനു മറുപടി

സി. പി. സണ്ണി, തൃശ്ശൂർ

"പ്രിയ ബ. വല്യച്ചാ! ഞങ്ങൾ എട്ടു മക്കളാണു്. (സണ്ണി, ജോസ്, ഡേവിഡ്, മാത്തു, മേരി, ജോൺബോസ്കോ, ലില്ലി, [illegible].) മൂത്തവർ നാലുപേർമാത്രമേ ബാലരംഗത്തിൽ ചേർന്നിട്ടുള്ളു. ഞങ്ങളുടെ അഞ്ചാമത്തെ അനുജൻ ബോസ്കോപുണ്യവാൻെറ തിരുനാൾദിവസമാണു് ജനിച്ചതു്. അതുകൊണ്ടാണു അവനു "ജോൺബോസ്കോ" എന്നു പേരിട്ടതു്. ഞങ്ങൾ "സണ്ണിറീഡിംഗ്സ്" (Sonny Readings) എന്നപേരിൽ ഒരു കുടുംബലൈബ്രറി ഇടങ്ങിയിട്ടുണ്ടു്. ഇതിൽ വളരെ കുറച്ചു പുസ്തകങ്ങൾ മാത്രമേയുള്ളുവെങ്കിലും വായിക്കുന്നവർ വളരെയാണു്. തൃശ്ശൂർ തിരുഹൃദയമഠം സ്കൂളിലും, മഠം ബോർഡിങ്ങിലും, അരണാട്ടുകര സ്കൂളിലും എന്നുവേണ്ട പലേ വീടുകളിലും, ഈ ലൈബ്രറിയിലെ പുസ്തകങ്ങൾ വായിക്കുന്നുണ്ടു്. എന്നാൽ അധികമാളുകളും അക്രൈസ്തവരാണു വായിക്കുന്നതെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഇതിൻെറയെല്ലാം കാരണം ഇതു ഒരു സൗജന്യലൈബ്രറിയാണു് എന്നതത്രെ. ഞങ്ങൾ ഇതു തുടങ്ങുമ്പോൾ നാലു പുസ്തകം മാത്രമേയുണ്ടായിരുന്നുള്ളു. അതിനുശേഷം ഞങ്ങളുടെ അപ്പൻ ഞങ്ങൾക്കു വല്ല വിശേഷദിവസവും തരുന്നതായ പണത്തിൽനിന്നു ഒരു പൈപോലും ദുരുപയോഗപ്പെടുത്താതെ ഞങ്ങൾ അതെല്ലാം ഈ ലൈബ്രറിയിലേക്കാണു ചിലവഴിക്കുന്നതു്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ഞങ്ങൾക്കു പലരുടേയും സഹായസഹകരണം ഉണ്ടായിട്ടുണ്ടു് എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. ഈ "Sonny Readings"ൻെറ ഉന്നമനത്തിനുവേണ്ടി വല്യച്ചനും ബാലസമിതിയംഗങ്ങളും അകമഴിഞ്ഞു പ്രാർത്ഥിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. വല്യച്ചൻ ഞങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നു ഒന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ടു് എഴുത്തു ചുരുക്കുന്നു."

പ്രിയ മക്കളേ, നിങ്ങൾക്കുവേണ്ടിയും നിങ്ങൾ സമാരംഭിച്ചിരിക്കുന്ന പ്രസ്ഥാനത്തിൻെറ വിജയത്തിനുവേണ്ടിയും വല്യച്ചനും സമിതിയംഗങ്ങളും പ്രാർത്ഥിക്കുന്നതാണു്. മേൽവിവരിച്ച പ്രകാരം ഒരു ഗ്രന്ഥശാല നടത്തിക്കൊണ്ടുപോകുന്നതു് ഏററവും അഭിനന്ദനീയമായിരിക്കുന്നു. കത്തോലിക്കാക്കുഞ്ഞുങ്ങൾക്കു വിരുദ്ധമായ യാതൊരു പുസ്തകവും വാങ്ങാതിരിപ്പാൻ പ്രത്യേകം നിഷ്കർഷിക്കുമല്ലോ. അപ്പൻ വിശേഷദിവസങ്ങളിൽ തരുന്ന പണംപോലും മററുവിധത്തിൽ ചെലവുചെയ്യാതെ ലൈബ്രറിക്കുവേണ്ടി ഉപയോഗിക്കുന്നുവെന്നറിയുന്നതിൽ വളരെ സന്തോഷം. അങ്ങനെയാണു കുട്ടികൾ ചെറുപ്പംമുതൽ പരിശീലിക്കേണ്ടതു്. പുകവലി, അനാവശ്യമായ കാപ്പികുടി, സിനിമ ആദിയായവയ്ക്കുവേണ്ടി പലരും പണം നഷ്ടപ്പെടുത്തുന്നുണ്ടു്. ആ പണം നല്ലകാര്യങ്ങൾക്കായി ചെലവുചെയ്തെങ്കിൽ എത്ര നന്നായിരുന്നു! ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

## ചരമം

ബാലസമിതിയംഗമായിരുന്ന വി. വി. ജോസ് വെള്ളക്കുന്നേൽ, തിടനാട് ആഗസ്റ്റ് 14-ാം൹ ഉദരസംബന്ധമായ രോഗത്താൽ നിര്യാതനായതറിഞ്ഞു ഖേദിക്കുന്നു. സമിതിയംഗങ്ങളെല്ലാവരും അടുത്ത ബുധനാഴ്ച ചൊല്ലുന്ന കൊന്ത നമ്മിൽനിന്നു പിരിഞ്ഞുപോയ ഈ കുഞ്ഞുസഹോദരനുവേണ്ടി കാഴ്ചവയ്ക്കണമെന്നോർപ്പിച്ചുകൊള്ളുന്നു.

R. I. P.

എന്നു സ്വന്തം വല്യച്ചൻ.

3 സ്ഥലങ്ങളിൽ!

തൃശ്ശൂർ റെയിൽവെ സ്റ്റേഷന്റെ കിഴക്കുവശമുള്ള ഫ്രാൻസിസ് ബിൽഡിങ്ങ്സിൽ എല്ലാ തിങ്കളാഴ്ചയും കാലത്ത് 8-മുതൽ വൈകുന്നേരം 5മണി വരെയും,

എറണാകുളം സൌത്ത് റെയിൽവെ സ്റ്റേഷന സമീപമുള്ള കെട്ടിടത്തിൽ എല്ലാ ബുധനാഴ്ചയും കാലത്ത് 9. മുതൽ വൈകുന്നേരം 4മണി വരെയും,

ആലുവാ റെയിൽവെ സ്റ്റേഷന് കിഴക്കുവശമുള്ള പങ്കജം ബിൽഡിങ്ങ്സിൽ എല്ലാ വ്യാഴാഴ്ചയും കാലത്ത് 8. മുതൽ വൈകുന്നേരം 4മണി വരെയും,

വയറുവേദന, മൂലക്കുരു, ഗ്യാസ്ട്രബ്ൾ. നീർവീഴ്ച, ചുമ, ഏങ്ങൽ, രക്തദൂഷ്യം, രക്തവാതം രക്തപിത്തം. വായുകോപം, നീരിറക്കം, അസ്ഥിസ്രാവം

ഇടങ്ങിയ ചില രോഗങ്ങൾ മൂലം ദീർഘകാലമായി ക്ലേശമനുഭവിക്കുന്നവർക്കും, ക്ഷയാരംഭമുള്ളവർക്കും നിവാരണമാർഗ്ഗം ഉപദേശിപ്പാനായി കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ ഉണ്ടായിരിക്കുന്നതാണ്

കാളൻ ആയുർവ്വേദിക്ക് ഫാർമസി,
(റെയിൽവേ സ്റ്റേഷന സമീപം) നെല്ലായി.PO
TELE: 'KALAN' TRICHUR.

## നിങ്ങൾക്കറിയാമോ?

ഐക്യരാഷ്ട്രസംഘടനയുടെ കീഴിലുള്ള സെക്യൂരിററികൗൺസിലിൻെറ സ്വഭാവം വിശദമാക്കുക.

ഉത്തരം

"ഐക്യരാഷ്ട്രസംഘടനയുടെ ഏററവും പ്രധാനപ്പെട്ട വിഭാഗമാണു സെക്യൂരിററികൗൺസിൽ. ഇതിൽ 11 അംഗങ്ങളുണ്ടു്. ചൈന, ഫ്രാൻസ്, ഇംഗ്ലണ്ടു്, റഷ്യ, അമേരിക്ക എന്നീ രാജ്യങ്ങൾക്കു് 5 സ്ഥിരം സീററുകളുണ്ടു്. ബാക്കി 6 സീററുകളിലേക്കുള്ള തിരഞ്ഞെടുപ്പു് ജനറൽ അസംബ്ലിയാണു നടത്തുന്നതു്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവധി രണ്ടു കൊല്ലമാണു്. അടുത്തകാലത്തു് ഇൻഡ്യക്കും സെക്യൂരിററികൗൺസിലിൽ ഒരു സീററു ലഭിച്ചിട്ടുണ്ടു്. അന്തർദ്ദേശീയ സമരങ്ങൾക്കു വഴി തെളിക്കുന്ന വിവിധകാരണങ്ങളെക്കുറിച്ചു് അന്വേഷിച്ചു പഠിച്ചു് അവയ്ക്കു പരിഹാരമാർഗ്ഗം നിർദ്ദേശിച്ചുകൊണ്ടു് ലോകത്തിൽ സമാധാനവും രാജ്യങ്ങൾക്കു സുരക്ഷിതത്വവും പ്രദാനംചെയ്യുകയാണു് ഈ കൗൺസിൽകൊണ്ടുള്ള പ്രയോജനം."

കൗൺസിൽ നടപടി സംബന്ധിച്ചു ഏതെങ്കിലുമൊരു കാര്യം തീരുമാനിക്കുന്നതിനു് ഏഴംഗങ്ങളുടെ വോട്ടെങ്കിലും ആവശ്യമായിരിക്കുന്നു. പ്രധാനസംഗതികൾ തീരുമാനിക്കുവാൻ അഞ്ചു സ്ഥിരാംഗങ്ങളുടേയും ഐകകണ്ഠ്യമായ വോട്ടുൾപ്പെടെ ഏഴു മെംബർമാരുടെ വോട്ടുവേണം. സ്ഥിരാംഗങ്ങളിൽ ഒരു രാജ്യം യോജിക്കാതിരുന്നാൽ തൽവിഷയത്തിനു തീരുമാനമുണ്ടാകുന്നതല്ല. ഇതാണു "വീററോ" എന്നു പറയുന്നതു്.

സെക്യൂരിററികൗൺസിൽ യോഗങ്ങൾ രണ്ടാഴ്ചയിലൊരിക്കൽ കൂടിവരുന്നു. സെക്യൂരിററികൗൺസിലിലേക്കു റിപ്പോർട്ടുകൾ സമർപ്പിക്കാൻ താഴെ പറയുന്ന കീഴ്സംഘടനകൾ ഉണ്ടു്.

1 മിലിട്ടറി സ്ററാഫ് കമ്മിററി—5 സ്ഥിരാംഗങ്ങളുടെ പ്രധാനസൈനികോദ്യോഗസ്ഥന്മാരടങ്ങിയതു്. 2 ആററോമിക് എനർജി കമ്മിഷൻ—കൗൺസിലിലെ എല്ലാ അംഗങ്ങൾക്കും ഇതിൽ പ്രാതിനിധ്യമുണ്ടു്. ക്യാനഡ കൗൺസിലംഗമല്ലാത്തപ്പോഴും ഇതിൽ അംഗമായിരിക്കും. 3 കൺവെൻഷനൽ ആർമമെൻറ് കമ്മിററി. 4 സ്ററാൻറിംഗ് കമ്മിററികൾ—വിദഗ്ദ്ധസമിതി. 5 അഡ്ഹോക്ക് കമ്മിററികളും കമ്മിഷനുകളും—പ്രത്യേകാവശ്യങ്ങൾ പ്രമാണിച്ചു് അപ്പോഴപ്പോളുണ്ടാക്കുന്നവ.

# വിദേശീയകർദ്ദിനാളന്മാരും പേപ്പൽ പ്രതിനിധികളും

12-ാം പീയൂസു മാർപ്പാപ്പാ ഭരണഭാരം കൈയേററതിനുശേഷം കർദ്ദിനാൾ സംഘത്തിലും നയതന്ത്രപ്രതിനിധികളുടെ ഗണത്തിലും ഇററലിക്കാരല്ലാത്തവരുടെ ശതമാനം വർദ്ധിച്ചിട്ടുണ്ട്. ഇപ്പോഴുള്ള 54 കർദ്ദിനാളന്മാരിൽ 20 പേർമാത്രം ഇററലിക്കാരും ശേഷം പേർ വിദേശീയരുമാണ്. ഇക്കൊല്ലം പുതിയ കർദ്ദിനാളന്മാരെ നിയമിക്കുമ്പോൾ വിദേശീയരുടെ ശതമാനം ഇനിയും കൂട്ടുമെന്നാണു പ്രതീക്ഷ.

കഴിഞ്ഞ നാലു നൂററാണ്ടുകളായി, വി. പത്രോസിന്റെ സിംഹാസനത്തിൽ ആരൂഢരായിട്ടുള്ള എല്ലാവരും ഇററലിക്കാരായിരുന്നു. അടുത്ത മാർപ്പാപ്പാ ഒരു വിദേശീയനാകാനിടയുള്ളതായി റോമിൽ സംസാരമുണ്ട്.

ഹോളിഓഫീസ് തുടങ്ങിയ തിരുസംഘങ്ങളിലേയും സഭയുടെ ഔദ്യോഗിക കോടതികളിലേയും ഉദ്യോഗസ്ഥന്മാരിൽ 20 ശതമാനമെങ്കിലും വിദേശീയരാണ്. അവരെല്ലാവരും ഇററാലിയൻ ഭാഷ ഭംഗിയായി സംസാരിക്കുന്നതുകൊണ്ട് ഏതുദേശീയരേയും വൈദേശികരേയും തിരിച്ചറിയാൻതന്നെ പ്രയാസമാണ്. എങ്ങനെയായാലും ആധുനികകാലങ്ങളിൽ, വിശിഷ്യ കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം, വത്തിക്കാനിൽ വിദേശീയോദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധമാനമായി വരുന്നുവെന്നുള്ള വാസ്തവമത്രെ

വത്തിക്കാനിൽനിന്നും വിവിധരാജ്യങ്ങളിലേക്കയച്ചിരിക്കുന്ന നയതന്ത്രപ്രതിനിധികളുടെ കാര്യത്തിലാണ് ഈ വ്യതിയാനം കൂടുതൽ സ്പഷ്ടമായി കാണാവുന്നതു്. അതും കഴിഞ്ഞ മഹായുദ്ധത്തിന്റെ അനന്തരഫലങ്ങളിലൊന്നായി പരിഗണിക്കാം. ആകെയുള്ള 54 നൺഷ്യോമാരിലും ഡെലഗാപ്പസ്റ്റോലിക്കാമാരിലും മൂന്നിലൊരു ഭാഗത്തോളം വിദേശീയരാണ്. ജർമ്മനി, യൂഗോസ്ലാവിയ, റുമേനിയ, കൊറിയ എന്നിരാജ്യങ്ങളിലെ പേപ്പൽ പ്രതിനിധികൾ അമേരിക്കാക്കാരത്രെ. ഇൻഡ്യയിലും ദക്ഷിണാഫ്രിക്കയിലും ഡച്ചുകാരായ വൈദികശ്രേഷ്ഠന്മാർ മാർപ്പാപ്പായെ പ്രതിനിധീകരിക്കുന്നു. ലൈബീരിയായിലെ പേപ്പൽപ്രതിനിധി ഒരു ഐറിഷുകാരനും, ബ്രിട്ടണിലേയും പൂർവ്വാഫ്രിക്കയിലേയും പ്രതിനിധികൾ ബ്രിട്ടിഷുകാരുമാണ്. എത്തിയോപ്പിയായിൽ ഒരു ബെൽജിയൻകാരനും, ഇറാക്ക്, ഫ്രഞ്ച്, ആഫ്രിക്ക, ഇൻഡോ-ചൈന എന്നിരാജ്യങ്ങളിൽ ഫ്രഞ്ചുകാരും മാർപ്പാപ്പായുടെ പ്രാതിനിധ്യം വഹിക്കുന്നു. മാത്രമല്ല, പേപ്പൽപ്രതിനിധികളുടെ ഉദ്യോഗസ്ഥവൃന്ദങ്ങളിലും വലിയൊരുഭാഗം ഇററലിക്കാരല്ലാത്തവരാണ്. ഇക്കഴിഞ്ഞ യുദ്ധകാലത്തു മാർപ്പാപ്പാ ചെയ്ത നിഷ്പക്ഷനയമനുസരിച്ച്, അവർക്കെല്ലാവർക്കും വർത്തിക്കാൻ പരമാവകാശം സിദ്ധിച്ചിട്ടുണ്ട്.

വത്തിക്കാൻ നയതന്ത്രപ്രതിനിധികൾക്കു പരിശീലനം നല്കുന്ന "പൊന്റിഫിക്കൽ എക്ലിസിയാസ്റ്റിക്കൽ അക്കാഡമി"യിലെ 20 ശതമാനത്തോളം വിദ്യാർത്ഥികൾ, വിദേശങ്ങളിൽ നിന്നുമുള്ളവരാണ്. 11-ാം ക്ലെമൻറുമാർപ്പാപ്പായാൽ സ്ഥാപിതമായ ആ ഉന്നതവിദ്യാലയത്തിൽ, സഭയുടെ നയതന്ത്രപ്രതിനിധികളാകാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതാനും വൈദികശ്രേഷ്ഠന്മാർക്ക് എല്ലാം കൊല്ലവും നിഷ്കൃഷ്ടപൂർവ്വകമായ പരിശീലനം നല്കിവരുന്നു. ഉദ്ദേശം 20 അദ്ധ്യേതാക്കൾക്കു മാത്രമേ അവിടെ ഒരേസമയത്തു പ്രവേശനം ലഭിക്കയുള്ളു. അവർ നേരത്തെ കാനൺലായിൽ ബിരുദം സമ്പാദിച്ചിരിക്കണമെന്നു മാത്രമല്ല, പ്രയാസമേറിയ പ്രവേശനപ്പരീക്ഷ പാസ്സാകയും വേണം. അദ്ധ്യയനം രണ്ടുകൊല്ലത്തേക്കു നീണ്ടുനില്ക്കും. പഠിക്കാനുള്ള പ്രധാനവിഷയങ്ങൾ സഭാചരിത്രം, പേപ്പൽ നയതന്ത്രചരിത്രം, ഫ്രഞ്ചു, സ്പാനിഷ്, ഇംഗ്ലീഷ്, ജർമ്മൻ എന്നി നാലു ഭാഷകൾ, ആദിയായവയത്രെ. പരിശീലനത്തിന്റെ രണ്ടാം വർഷത്തിൽ സ്റ്റേററ് സെക്രട്ടറിയേററിൽ ജോലിചെയ്തു പ്രായോഗിക പരിജ്ഞാനം സമ്പാദിക്കയും വേണം.

രണ്ടുകൊല്ലത്തെ പഠനത്തിനുശേഷം അവർക്കു പരീക്ഷയുണ്ട്. അതിൽ വിജയം വരിക്കുന്ന വിദ്യാർത്ഥികളോരോരുത്തരും വിദേശങ്ങളിൽപോയി ഏതെങ്കിലുമൊരു ഇന്റർനൺഷ്യോയുടെ കീഴ് ഒരു കൊല്ലം ജോലിചെയ്യണം. തദനന്തരം അവർ സെക്രട്ടറിമാരായി നിയമിതരാകയും അങ്ങനെ അവരുടെ നയതന്ത്രജോലി സമാരംഭിക്കുകയും ചെയ്യുന്നു.

മൊത്തത്തിൽപ്പറഞ്ഞാൽ ആറുതരം നയതന്ത്രോദ്യോഗസ്ഥന്മാരാണുള്ളത്. നൺഷിയേച്ചർ സെക്രട്ടറി ഒന്നാംക്ലാസ്സും രണ്ടാം ക്ലാസ്സും; നൺഷിയേച്ചർ ആഡിറ്റർ, ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും; നൺഷിയേച്ചർ കൗൺസെല്ലർ; നൺഷ്യോ; അപ്പസ്റ്റോലിക് ഡലഗേററ്.

ഇപ്പോൾ വിവിധ നൺഷ്യോമാർ തമ്മിൽ ഔദ്യോഗികസ്ഥാനവ്യത്യാസങ്ങളൊന്നുമില്ല. പണ്ടു് വിയന്നാ, പാരിസ്, മാഡ്രിഡ്, ലിസ്ബൺ എന്നിവിടങ്ങളിലെ നൺഷ്യോമാരെ "ഒന്നാം ക്ലാസ്സി"ൽ പെടുത്തിയിരുന്നു. കർദ്ദിനാളന്മാരെ തിരഞ്ഞെടുക്കുന്നതു ഓരോരുത്തക്കും നയതന്ത്രരംഗത്തുള്ള സ്ഥാനം പരിഗണിച്ചിട്ടല്ല. മാർപ്പാപ്പാ തിരുമേനിയുടെ ഇഷ്ടംപോലെ ആരേയും കർദ്ദിനാളായി തിരഞ്ഞെടുക്കാവുന്നതാണ്.

## ഏജൻറുമാരുടെ ശ്രദ്ധയ്ക്കു

ഞങ്ങളുടെ ചില ഏജൻറുമാർ പത്രവില സമയത്തു അടച്ചു പത്രം വാങ്ങിക്കാത്തതുകൊണ്ടും ചിലർ പിന്നീടു സംഖ്യ അടയ്ക്കുമെങ്കിലും മുടങ്ങിയ പത്രം വേണ്ടായെന്നു പറയുന്നതുകൊണ്ടും ഞങ്ങൾക്കു വലിയ നഷ്ടത്തിനിടയായിത്തീരുന്നു. അതിനാൽ പത്രം പ്രസിദ്ധപ്പെടുത്തുന്നതിനു ഒരാഴ്ച മുമ്പായിട്ടെങ്കിലും പത്രവില മുൻകൂർ അടയ്ക്കാത്ത ഏജൻറുമാർക്കു പത്രം മേലാൽ അടിക്കുന്നതല്ലെന്നു എല്ലാ ഏജൻറുമാരുടെയും അറിവിനായി പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

മാനേജർ

---

## വിമർശനവീഥി

(11-ാം പേജ് തുടർച്ച)

സാരമില്ല. കമ്മ്യൂണിസ്റ്റുകാരായ നിങ്ങൾ പുതിയ ഫാക്ടറികളെപ്പററി വമ്പു പറയുമ്പോൾ നിങ്ങൾ അർത്ഥമാക്കുന്നതു് ജനങ്ങൾ കൂടുതൽമെച്ചമായ ജീവിതം നയിക്കുന്നുണ്ടെന്നാണ്. അവർ നമ്മുടെ ഈ രാജ്യത്തു് അങ്ങനെയാണോ ജീവിക്കുന്നതു്?

"സാർ ചക്രവർത്തിമാരുടെ കീഴിൽ അവരനുഭവിച്ചിരുന്ന കഷ്ടതകളോടു താരതമ്യപ്പെടുത്തിയാൽ അവരുടെ ഇപ്പോഴത്തെ സ്ഥിതി മെച്ചമാണെന്നാണ് എനിക്കു തോന്നുന്നതു്".

"പിത്തിയം, നീയെന്തിനു നിന്നെത്തന്നെ വിഡ്ഢിയാക്കുന്നു. നീ കുട്ടിയായിരുന്നപ്പോൾ നിന്റെ അപ്പാപ്പന്റെ വീട്ടിലേയും നമ്മുടെ വീട്ടിലേയും ജീവിതസ്ഥിതി എന്തായിരുന്നുവെന്നു് നീ ഓർക്കുന്നുണ്ടോ? നമ്മൾ ധനവാന്മാരായിരുന്നില്ല, എന്നുവരികിലും അപ്പവും പാലും സാധാരണവസ്ത്രങ്ങളും ആവശ്യത്തിനുവേണ്ടതു നമുക്കൊരിക്കലും ഇല്ലാതായിരുന്നിട്ടില്ല.

"അതെ, സോഷ്യൽ ഇൻഷ്വറൻസു് ഏർപ്പെടുത്തി ജനങ്ങൾക്കു ചികിത്സയും മററാനുകൂല്യങ്ങളും നൽകണമെന്നുതന്നെയാണ് എന്റെയും അഭിപ്രായം. പക്ഷെ അതെല്ലാം ജനങ്ങൾക്കു കൊടുക്കുവാനുള്ള മാർഗ്ഗം, ഫാക്ടറികളുടെ ഉടമസ്ഥനും പ്രവർത്തകനുമെന്ന നിലയിൽ രാഷ്ട്രം അവയിൽനിന്നുണ്ടാക്കുന്ന ആദായങ്ങളായിരിക്കണം; അല്ലാതെ തൊഴിലാളികൾക്കു് അവരുടെ വേലയ്ക്കു പ്രതിഫലമായി നല്കുന്ന കൂലികളാകരുതു്. മുമ്പിലത്തെ വ്യവസ്ഥിതിയിൽ ഈ ആദായങ്ങൾ മുതലാളിമാരാണ് എടുത്തിരുന്നതു്. അതിനു വ്യത്യാസം വരുത്തുവാനായിരുന്നു വിപ്ലവമുണ്ടാക്കിയതു്".

"എന്നാൽ നിങ്ങളുടെ ആദായമെവിടെ? നിങ്ങളുടെ വ്യവസായങ്ങളും സാമ്പത്തികപ്രവർത്തനങ്ങൾ മുഴുവനും നഷ്ടത്തിലാണല്ലാം നടക്കുന്നതു്. ഈ നഷ്ടങ്ങൾ നികത്തുന്നതിനു് പാവങ്ങളായ തൊഴിലാളികളെ ബലപ്രയോഗത്താൽ നിർബന്ധിക്കുകയും ചെയ്യുന്നു. മകനേ, ഇതിന്റെയെല്ലാം തകരാറ് എന്താണെന്നു പറയാം. നിങ്ങൾ നിസ്സാരമായ വല്ലതും ചെയ്തുകൊണ്ടു് അവ മലപോലെ വളരെ വലിയവയാണെന്നു് വൻപുപറകയാണ്. വ്യവസായങ്ങളിൽ മുടക്കിയിരിക്കുന്ന പണത്തിന്റെയും അവയുടെ നടത്തിപ്പിനാവശ്യപ്പെടുന്ന ത്യാഗങ്ങളുടേയും തോതുവച്ചു നോക്കിയാൽ നിങ്ങളുടെ സാമ്പത്തികപുരോഗതി തുച്ഛമാണെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

"പച്ചപ്പരമാർത്ഥികളായ വിദേശികളും പഴയചരിത്രം അറിഞ്ഞുകൂടാത്ത ചെറുപ്പക്കാരും മാത്രമേ നിങ്ങളുടെ കെട്ടുകഥകൾ വിശ്വസിക്കയുള്ളു. എന്നെ സംബന്ധിച്ചാണെങ്കിൽ ഭൗതികമായ വസ്തുതകളെക്കാൾ രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ വസ്തുതകൾക്കാണ് പ്രാധാന്യമുള്ളതു്. എന്നാൽ നിങ്ങളുടെ പ്രചരണത്തിൽ പ്രാധാന്യം കൊടുക്കുന്നതു മുഴുവനും ഭൗതികങ്ങളായ നേട്ടങ്ങൾക്കാണ്. നിങ്ങളുടെ ആ അളവുകോൽ വച്ചുതന്നെയാണ് ഞാൻ അളക്കുന്നതു്."

ഞങ്ങളുടെ ഈ തർക്കം മുന്നോട്ടു പോകുന്തോറും എനിക്കു ശല്യം വർദ്ധിച്ചുകൊണ്ടിരുന്നു. കാരണം, ഇപ്പറഞ്ഞ പല കാര്യങ്ങളിലും എന്റെ ഹൃദയത്തിൽ ഞാൻ പിതാവിനോടു യോജിക്കുന്നുണ്ടായിരുന്നു.

"പിത്തിയം, നീ മണ്ടൻകളി കളിക്കല്ലേ. താനും കുടുംബത്തിലെ മററംഗങ്ങളും വേലചെയ്യുന്നുണ്ടെങ്കിലും തനിക്കും അവർക്കും ജീവിക്കുവാൻ വേണ്ടതു ലഭിക്കാത്ത വേലക്കാരൻ ഗൗനിക്കുന്നില്ല, തന്നെ ചൂഷണംചെയ്യുന്നതു് ആരാണെന്നു്, പ്രൈവററ് മുതലാളിയാണോ സർക്കാരാണോയെന്നു്. അവനെ കാരാഗൃഹത്തിലേക്കു വലിച്ചിഴച്ചുകൊണ്ടു പോകയോ നാടു കടത്തുകയോ ചെയ്യുമ്പോൾ, അതെല്ലാം തന്റെ സ്വന്തം നാമത്തിൽ സർക്കാരാണു ചെയ്യുന്നതെന്ന വിചാരം അവനെന്തു് ആശ്വാസകാരണമാകുന്നില്ല. പ്രൈവററ് മുതലാളി എനിക്കു മതിയായ കൂലിയോ മാന്യമായ വേലസൗകര്യങ്ങളോ തരാഞ്ഞപ്പോൾ എനിക്കയാളെ വിട്ട് വേറെ ജോലി സ്വീകരിക്കുവാൻ കഴിയുമായിരുന്നു. എന്റെ സഹതൊഴിലാളികളെ കൂട്ടുപിടിച്ചു പ്രതിഷേധയോഗങ്ങൾ കൂടുക, പണിമുടക്കുകൾ നടത്തുക, രാഷ്ട്രീയപാർട്ടികളിൽ ചേരുക, പ്രതിപക്ഷാഭിപ്രായങ്ങൾ പ്രസിദ്ധപ്പെടുത്തുക, ഇതൊക്കെ ചെയ്യുവാൻ എനിക്കു കഴിയുമായിരുന്നു. ഇതിലേതെങ്കിലുമൊന്നു് ഇന്നു ചെയ്യാൻ ശ്രമിച്ചുനോക്കൂ. തീർച്ചയായും അതു് അവസാനത്തിൽ നിന്നെക്കൊണ്ടെത്തിക്കുന്നതു് കാരാഗൃഹത്തിലോ അതിനെക്കാൾ മോശമായ അവസ്ഥയിലോ ആയിരിക്കും."

ഞാനൊന്നും മിണ്ടിയില്ല. തുറിച്ചു നോക്കാനേ എനിക്കു കഴിഞ്ഞുള്ളു.

"ഞങ്ങൾക്കിഷ്ടമുള്ളതുപോലെ ചിന്തിക്കാനെങ്കിലും മുൻപു കഴിയുമായിരുന്നു. പല രാഷ്ട്രീയപാർട്ടികളും, ഗണങ്ങളും, അഭിപ്രായങ്ങളും അന്നുണ്ടായിരുന്നു. അന്നത്തെ സ്വേച്ഛാധിപത്യം ദുർവ്വഹമായിരുന്നെങ്കിലും, ഇന്നത്തേതിനോടു താരതമ്യപ്പെടുത്തിയാൽ അതു സ്വാതന്ത്ര്യപ്രദമായിത്തോന്നുന്നു. ശരി, സാർചക്രവർത്തിമാരുടെ പോലീസുകാർ പണിമുടക്കുകാരെ തല്ലുകയും ചിലപ്പോൾ വെടിവെക്കുകയും ചെയ്തിരുന്നു, വിപ്ലവകാരികളെ പലപ്പോഴും വെടിവെക്കുകയോ നാടുകടത്തുകയോ ചെയ്തിരുന്നു. എന്നാൽ അതിന്റെയെല്ലാം പരിമാണം ഇന്നത്തേതിൽനിന്നു ഉലോം കുറവായിരുന്നു ഞങ്ങളുടെ കാലത്തെ രാഷ്ട്രീയതടവുകാരെ ആയിരക്കണക്കിനാണ് എണ്ണിയിരുന്നതു്; അല്ലാതെ ഇന്നത്തെപ്പോലെ കോടിക്കണക്കിനല്ല. മാത്രമല്ല ഓരോ അനീതിക്കും എതിരായി പ്രതിഷേധങ്ങളും പ്രകടനങ്ങളും വമ്പിച്ച യോഗങ്ങളും നടന്നുകൊണ്ടിരുന്നു. ഇന്നാകട്ടെ, ശ്മശാനത്തിലെ നിശ്ശബ്ദതമാത്രമേ നമുക്കു ശേഷിച്ചിട്ടുള്ളു.

"മകനേ, വേറൊന്നുകൂടി. ഞാനൊരിക്കലും ഒരു മതവിശ്വാസിയല്ലായിരുന്നുവെന്നു നിനക്കറിയാമല്ലോ. എങ്കിലും ദൈവാരാധന നടത്തുവാൻ ആഗ്രഹിക്കുന്നവർക്കു അതിനവകാശമുണ്ടെന്നു ഞാനെപ്പോഴും വാദിച്ചിരുന്നു. ആ അവകാശത്തിന്റെ വല്ല കണികയും ഇന്നു ശേഷിച്ചിട്ടുണ്ടോ? നീ പള്ളിയിൽ പോകേണ്ടിയിരിക്കുന്ന ഒരാളായാൽ നിന്റെ ഇന്നത്തെ ജോലിയും പുരോഗമനമാർഗ്ഗവും ഒക്കെ നിനക്കു നഷ്ടപ്പെടാതിരിക്കുമെന്നു വിചാരിക്കാൻ വല്ല ന്യായവുമുണ്ടോ? തീർച്ചയായും ഇല്ല."

"പിതാവേ, ഇതൊക്കെപ്പറയുമ്പോൾ "നിങ്ങൾ" എന്നു പറഞ്ഞുകൊണ്ടിരിക്കുന്നതെന്തിനാണ്? ഇതൊക്കെ എന്റെ വ്യക്തിപരമായ പ്രവൃത്തികളാണോ."

"ക്ഷമിക്കണെ, പിത്തിയം. നിന്റെ പ്രവൃത്തികളല്ല, ശരിതന്നെ. എങ്കിലും ഒരു കമ്മ്യൂണിസ്റ്റുകാരനെന്ന നിലയിൽ ഇവയെല്ലാമുള്ള ഉത്തരവാദിത്വത്തിൽ നിനക്കും പങ്കില്ലെന്നു പറയാൻ സാദ്ധ്യമല്ല."

* * *

സ്വാതന്ത്ര്യപ്രിയനായ പിതാവിന്റേയും കമ്മ്യൂണിസ്റ്റുകാരനായ പുത്രന്റേയും ഹൃദയംതുറന്നുള്ള ഈ സംഭാഷണത്തിൽനിന്നു് സോവ്യററുറഷ്യയിലെ വിപ്ലവത്തിന്റെ ഫലം പൗരന്മാരെ രാഷ്ട്രീയമായും സാമുദായികമായും മതപരമായും മാത്രമല്ല, സാമ്പത്തികമായിത്തന്നെയും അടിമകളുടെ നിലയിലേക്കു് അധഃപതിപ്പിക്കുകയാണെന്നു് സ്പഷ്ടമല്ലയോ?

## സമാധാനപദ്ധതി

ഹംഗറിയിലെ സഭയും രാഷ്ട്രവും തമ്മിൽ ഒത്തുതീർപ്പിലെത്തുന്നതിനുവേണ്ടി രാഷ്ട്രം അഞ്ചു വ്യവസ്ഥകളുടങ്ങിയ ഒരു "സമാധാനപദ്ധതി" അവതരിപ്പിച്ചിരിക്കുന്നതായി പറയപ്പെടുന്നു. താഴെ പറയുന്നവയാണ് അതിലെ വ്യവസ്ഥകൾ.

1) കത്തോലിക്കാ മതസംബന്ധമായ എല്ലാകാര്യങ്ങളിലും രാഷ്ട്രം വത്തിക്കാന്റെ പരമാധികാരം അംഗീകരിക്കുന്നതാണ്. 2) ലൗകികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ മെത്രാന്മാർ സ്റ്റേററിന്റെ പരമാധികാരം അംഗീകരിക്കണം. 3) മെത്രാന്മാർ ഹംഗേറിയൻ റിപ്പബ്ലിക്കിനോടു വിശ്വസ്തത പാലിച്ചുകൊള്ളാമെന്നു സത്യം ചെയ്യണം. 4) ഭൂനയപരിഷ്കാരം, വ്യവസായത്തിന്റെ ദേശീകരണം, വിദ്യാലയങ്ങളെ മതേതരമാക്കൽ എന്നിവസംബന്ധിച്ച പദ്ധതികൾ സഭ സ്വീകരിക്കണം. 5) ഹംഗറിയിലെ സഭാദ്ധ്യക്ഷനേയും മെത്രാന്മാരേയും വത്തിക്കാൻ നിയമിക്കുമ്പോൾ ആ നിയമനം അംഗീകരിക്കുകയോ വീറേറാ ചെയ്യുകയോ ചെയ്യുന്നുള്ള അവകാശം സ്റ്റേററിനുണ്ടായിരിക്കണം.

ഈ വ്യവസ്ഥകൾ സ്വീകരിക്കുകയാണെങ്കിൽ അതിനുപകരമായി സ്റ്റേററ് പ്രോട്ടസ്റ്റന്റു സഭകൾക്കു നല്കുന്നതുപോലെ കത്തോലിക്കാസഭയ്ക്കും ധനസഹായം നല്കുന്നതായിരിക്കുമത്രെ. പ്രസ്തുത സഹായം നല്കുന്നതു 20 കൊല്ലത്തേക്കായിരിക്കുമെന്നു മാത്രമല്ല, കൊല്ലംതോറും തുക ക്രമാനുഗതമായി കുറയ്ക്കുന്നതുമാണ്. ആ സമയംകൊണ്ടു് ഹംഗറിയിലെ സഭകളെല്ലാം സ്വന്തം ചെലവുകൾ വഹിക്കുവാൻ ശക്തിയുള്ളവയായിഭവിക്കുമെന്നു് ഗവമ്മെൻറ് പ്രതീക്ഷിക്കുന്നതായും പ്രസ്താവിച്ചിരിക്കുന്നു.

വിമർശനവീഥി

# സ്വാതന്ത്ര്യപ്രിയനായ പിതാവും കമ്മ്യൂണിസ്റ്റ് അടിമയായ പുത്രനും

[1929 ആരംഭത്തിൽ റഷ്യയിലെ ഒരു ഫാക്ടറിയിൽ ഫോർമൻ ആയി ജോലിചെയ്തിരുന്ന "വിക്ടർ ക്രാച്ചൻകൊ" കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിച്ചേരുവാൻ ഉദ്ദേശിച്ചു. അതുസംബന്ധിച്ച് അദ്ദേഹത്തിന്റെ പിതാവുമായി ഒരു സംഭാഷണം നടന്നു. വിക്ടർ തന്നെ എഴുതിയിട്ടുള്ള ഗ്രന്ഥത്തിൽ നിന്നു ("I Chose Freedom") പ്രസ്തുതഭാഗം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.]

* * *

മില്ലുകൾ കറങ്ങിക്കൊണ്ടിരുന്ന ഫാക്ടറിയിൽ ഒരു ടെക്നിക്കൽ ഫോർമന്റെ നിലയിലുള്ള എന്റെ ജോലിയിൽ ഞാൻ മുഴുകിയിരുന്നു. ഉദ്യോഗസ്ഥന്മാരും സ്വാധീനബലമുള്ള കമ്മ്യൂണിസ്റ്റുകാരുമായി പുതിയ സ്നേഹബന്ധങ്ങളിൽ ഏർപ്പെടുന്നതിലും ഞാൻ വ്യാപൃതനായിരുന്നു. ഫാക്ടറിയിലെ വർത്തമാനപത്രത്തിന്റെ അധിപന്മാരിലൊരാൾ എന്നനിലയിലുള്ള അടിയന്തിരജോലികളിലും ഞാൻ നിമഗ്നനായിരുന്നു. ജോലി ചെയ്യുന്നകാര്യത്തിൽ എനിക്കു വളരെ ആസ്വാദ്യമായിരുന്നതു്. ചൂടുള്ളതും ചെളിപ്പാടുള്ളതുമായ വർക്ക്ഷാപ്പിലോ ലാബറട്ടറിയിലോ ദിവസം മുഴുവനും കഠിനപ്രയത്നം ചെയ്തശേഷം ക്ഷീണിതനായെന്നാലും യോഗങ്ങളിലും ശാസ്ത്രീയസന ക്ലാസുകളിലും സാമുദായികസേവനപ്രസ്ഥാനങ്ങളിലും ലേഖനരചനയിലും തദനന്തരം പങ്കെടുക്കുവാൻ പ്രയാസമാണെന്നുള്ള ചിന്തപോലുമൊരിക്കലും എനിക്കുണ്ടായിരുന്നില്ല. ക്ഷീണം മുതലാളിത്തസ്ഥിതിയുടെ ഒരു ദുർലക്ഷണമായിട്ടാണ് എനിക്കു തോന്നിയിരുന്നതു്.

സ്ഥലത്തെ പ്രാമാണികളായ കമ്മ്യൂണിസ്റ്റുകാർ ഇടയ്ക്കിടയ്ക്ക് എന്നെ നിർബന്ധിച്ചിരുന്നു, പാർട്ടിയിൽ അംഗമായിച്ചേരുവാൻ. ഞാൻ അവരോടൊരുമിച്ചു ജോലിചെയ്യുന്നു; ഒരു പുതിയ ജീവിതസമ്പ്രദായത്തിനായുള്ള അവരുടെ മഹത്തായ സമരത്തെ ഞാൻ പിൻതാങ്ങുന്നു. പിന്നെ എന്തുകൊണ്ടു് അവരുടെ സംഘടനയിൽ ചേരാതെ ഞാൻ ഒഴിഞ്ഞുമാറിനില്ക്കുന്നുവെന്നാണു് അവരുടെ ചോദ്യം. ഈ അഭിപ്രായം എനിക്കു സമ്മതമാണു്. എന്റെ ഹൃദയത്തിലും, എന്റെ ആശകളിലും, ഞാൻ അവരുടെ ഭാഗത്തുചേർന്നുകഴിഞ്ഞിരിക്കുകയാണു്. പാർട്ടിയിലും, ആശങ്കകളോ സംശയങ്ങളോ കൂടാതെ, പരമാർത്ഥതയോടുകൂടി അംഗമായിച്ചേരുവാൻ ഞാൻ തയ്യാറായിരുന്നു. ഒരു പുതിയ വ്യവസായലോകത്തിന്റെ, അതിന്റെ അവസാനപരിണതഫലമായ ഒരു പുതിയ സോഷ്യലിസ്റ്റ് ലോകത്തിന്റെ, നിർമ്മാതാക്കളുടെ സൈന്യത്തിലെ നിർവ്വാഹകനായ ഒരംഗമായിരിക്കുവാൻ ഞാൻ ആഗ്രഹിച്ചു.

എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി ചേരുവാനുള്ള എന്റെ ഉദ്ദേശത്തെ പിതാവിനെ അറിയിച്ചപ്പോൾ എനിക്കു അമ്പരപ്പാണുണ്ടായതു്. ഇതിന്റെ കാരണങ്ങളെന്താണെന്നു് എനിക്കുതന്നെ അറിഞ്ഞുകൂടായിരുന്നു. അവയുടെ വേരു് എന്റെ മനസ്സിന്റെ അടിത്തട്ടിൽ, ബാല്യകാലത്തിലെ ആദർശങ്ങളുടെ സ്മരണകൾ ഒളിഞ്ഞുറഞ്ഞ 'അന്തീ'ത്താണു് പാഞ്ഞുകിടന്നിരുന്നതു്.

* * *

"നീ പാർട്ടിയിൽ അധികം താമസിയാതെ ചേരുമെന്നു് എനിക്കറിയാമായിരുന്നു." പിതാവു പറഞ്ഞു.

"നീ രാഷ്ട്രീയപ്രവർത്തനങ്ങളിൽ അധികമധികം ഉൾപ്പെട്ടുപോകുന്നതു ഞാൻ സൂക്ഷിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. നീ പൊളിറ്റിക്സ് എഴുതുകയും പഠിക്കുകയും ചെയ്യുന്നു. ഇതിൽ എനിക്കത്രവളരെ സന്തോഷമുണ്ടെന്നു ഞാൻ പറയുന്നില്ല. നമ്മുടെ ചുറ്റും എത്രവളരെ അനീതികൾ നടക്കുന്നുണ്ടെന്നു നിനക്കുതന്നെ അറിയാമല്ലോ—ഭരണകർത്താക്കളും സാമാന്യജനങ്ങളും തമ്മിലുള്ള അകലം വർദ്ധിച്ചുകൊണ്ടിരിക്കുന്നതു നീതന്നെ കാണുന്നുണ്ടല്ലോ. ഈ കാര്യങ്ങളെ നീ വീക്ഷിക്കുന്നതെങ്ങനെയാണെന്നു്, നിന്റെ മനസ്സിലുള്ളതെന്താണെന്നു്, എനിക്കറിഞ്ഞാൽ കൊള്ളാം."

"പപ്പാ, ഈ ചോദ്യത്തിൽ എനിക്കു സന്തോഷമേയുള്ളു. ഉള്ളുതുറന്നു സംസാരിക്കണമെന്നാണു് എന്റെ ആഗ്രഹം. ഞാൻ അങ്ങയോടു കൃതജ്ഞനാണു്, വളരെയധികം കടപ്പെട്ടവനാണു്. ഞാൻ അങ്ങയുടെ ഋജുബുദ്ധിയെ ബഹുമാനിക്കുകയും അങ്ങയുടെ വിപ്ലവാത്മകമായ പഴയ ചരിത്രത്തിൽ അഭിമാനിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ എന്നെ മനസ്സിലാക്കുവാൻ ശ്രമിക്കണമെന്നാണു് അപേക്ഷ. എനിക്കിപ്പോൾ 24 വയസ്സായി. ഞാൻ വളർച്ച പ്രാപിച്ചിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ ഭാവിക്കുവേണ്ടിയുള്ള പുതിയ ആശയങ്ങളും വിസ്തൃതപ്ലാനുകളും സോത്സാഹം സ്വീകരിച്ചിരിക്കുന്നൊരു പരിതഃസ്ഥിതിയിൽ ആധുനികരായ ജനങ്ങളോടൊത്തു ഞാൻ പ്രവർത്തിച്ചിട്ടുമുണ്ടു്. ഞാൻ പാർട്ടിയിൽ ചേരുന്നതു് ഒറ്റച്ചാട്ടത്തിനല്ല. അതിലുള്ള എന്റെ വിശ്വാസം ഓരോ കല്ലും പെറുക്കിവച്ചു ക്രമേണ പണിതുകയറ്റിയിട്ടുള്ളതാണു്. അങ്ങനെയാണു് ഒരു പാർട്ടിയംഗത്തിന്റെ മനോഭാവത്തിൽ ഞാൻ എത്തിച്ചേർന്നതു്.

"അനുദിനമുള്ള പ്രായോഗികജീവിതത്തിൽ വളരെയധികം ന്യൂനതകളും സ്വന്തം നില നന്നാക്കുവാനുള്ള ശ്രമങ്ങളും മറ്റും പാർട്ടിയിൽ ഉണ്ടെന്നെനിക്കറിയാം. അങ്ങയെപ്പോലെതന്നെ എനിക്കും അവയൊന്നും ഇഷ്ടമല്ല. എന്നാൽ അവയെ ക്രമേണ നീങ്ങിപ്പോകുന്ന ശേഷകളായിട്ടാണു് ഞാൻ വീക്ഷിക്കുന്നതു്. പ്രാകൃതനിലയിൽ കിടക്കുന്ന ഒരു രാജ്യത്തെ ആധുനികരീതിയിൽ വ്യവസായീകരിക്കപ്പെടുന്ന ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമായി പരിവർത്തനം ചെയ്യിക്കുന്ന ജോലി ബൃഹത്താണല്ലോ. തെറ്റുകളും അനീതികളും കൂടാതെ ആ ജോലി നിർവ്വഹിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ഒഴിഞ്ഞുമാറിനിന്നു കുറ്റം പറയണമെന്നു ഞാനാഗ്രഹിക്കുന്നില്ല. പാർട്ടിക്കുള്ളിൽ പ്രവേശിച്ചു് പരമാർത്ഥമായി പ്രവർത്തിക്കണമെന്നാണു്, ചീത്തയായതിനോടു പൊരുതുകയും നല്ലതു സംരക്ഷിക്കുകയും ചെയ്യണമെന്നാണു് എന്റെ ആഗ്രഹം.

"ഞാൻ കാലെടുത്തുവയ്ക്കുന്നതു വളരെനാൾ ആലോചിച്ചിട്ടാണു്. പാർട്ടി നേരായ മാർഗ്ഗത്തിലാണോ എന്നുള്ളതു് അനുഭവംകൊണ്ടും കാലംകൊണ്ടും മാത്രമേ അറിയാൻ കഴിയൂ. എന്നാൽ അതിന്റെ ലക്ഷ്യങ്ങളിൽ എനിക്കു വിശ്വാസമുണ്ടു്. അവ നിറവേറ്റുവാൻ എന്റെ കൈവശമുള്ളതെല്ലാം കൊടുക്കണമെന്നാണു് ഞാൻ ആഗ്രഹിക്കുന്നതു്. ഏതായാലും വ്യവസായീകരണത്തോടു് അങ്ങേക്കു വിരോധമില്ലല്ലോ. ക്ഷീണിച്ച കുതിരകൾക്കു പകരം ട്രാക്ടറുകൾ ഉപയോഗിക്കുന്നതിലും അങ്ങേക്കു് എതിരഭിപ്രായമില്ലല്ലോ. കർഷകരെ സ്വമനസ്സാ കൂട്ടുകൃഷിസമ്പ്രദായത്തിൽ ചേർക്കുന്നതിനോടും അങ്ങു് എതിരല്ലല്ലോ."

പിതാവു് വളരെ ഗൗരവമായി, എന്നാൽ ദേഷ്യം ഭാവിക്കാതെ, എന്റെ നേരെ നോക്കി.

"ഇവയൊന്നിനും ഞാൻ തീർച്ചയായും എതിരല്ല, വിത്തിയാ. നിന്റെ മനോഭാവം ഞാൻ അറിയുന്നുമുണ്ടു്. വാസ്തവത്തിൽ, നിന്നിൽ എന്നെത്തന്നെയാണു് ഞാൻ കാണുന്നതു്. എന്റെ നല്ലകാലത്തു ഞാൻ പെരുമാറിയതങ്ങനെയാണല്ലോ. ഞാൻ എന്റെ മനസ്സാക്ഷിയെ അനുസരിച്ചു. അക്കാര്യത്തിൽ എന്റെയോ എന്റെ ഭാര്യയുടേയോ എന്റെ കുഞ്ഞുങ്ങളുടേയോ വിഷമതകളൊന്നും ഞാൻ കണക്കാക്കിയില്ല. യാതൊരു വിശ്വാസവും ഇല്ലാത്തതിൽ ഭേദം ഏതെങ്കിലുമൊരു വിശ്വാസമാണു്. നീ ഒരു വിശ്വാസം കണ്ടെത്തിയിരിക്കുന്നു. അതിൽ നിനക്കു സൗഭാഗ്യവും വിജയവും ഹൃദയംഗമമായി ഞാൻ ആശംസിക്കുന്നു.

"എന്നാൽ നീ ജനസാമാന്യത്തോടു ചേർന്നു നില്ക്കണം, വിത്തിയാ. അവർക്കു് നിന്നെക്കൊണ്ടുള്ള ഉപയോഗത്തെ നീ വിധിക്കുന്നതു് നിനക്കു ലഭിക്കുന്ന ഉദ്യോഗങ്ങളെ നോക്കിയായിരിക്കരുതു്; പിന്നെയോ അവർ എങ്ങനെ ജീവിക്കും, അവരുടെ സ്ഥിതി ഭേദമായിരിക്കുമോ, അവർ കൂടുതൽ സുഭഗരും സ്വാതന്ത്ര്യമായിരിക്കുമോ, എന്നൊക്കെ നോക്കിയായിരിക്കണം. നീ യഥാർത്ഥത്തിൽ അവരോടു് അടുത്തിരുന്നാൽ, അവരെ മനസ്സിലാക്കിയാൽ, അവരെ സഹായിച്ചാൽ, ഞാൻ എന്നും നിന്നോടു കൃതജ്ഞനായിരിക്കും. മുദ്രാവാക്യങ്ങളെ ആശ്രയിച്ചു ജീവിക്കരുതു്—രാജ്യതന്ത്രജ്ഞന്മാരെ അവരുടെ പ്രവൃത്തികൾകൊണ്ടുവേണം വിധിക്കുവാൻ. അല്ലാതെ അവരുടെ പഞ്ചസാരവാക്കുകൾകൊണ്ടല്ല. ക്രെംലിൻ (സോവ്യറ്റ് പരമാധികാരസഭ) കൈയടക്കിയിരിക്കുന്നവർ വലിയ കേമന്മാരായ സിദ്ധാന്തവാദികളാണു്. ആ സിദ്ധാന്തങ്ങൾ പ്രയോഗത്തിൽ എങ്ങനെ വരുമെന്നു നമുക്കു നോക്കാം. നിന്റെ വിശ്വാസത്തിനു ഭംഗംവരുത്തുവാൻ ഇടയാക്കുന്നതൊന്നും ഉണ്ടാകാതെയിരിക്കട്ടെയെന്നാണു് എന്റെ പ്രാർത്ഥന."

പിതാവു നിർത്തി, വീണ്ടും തുടർന്നു:-

"ആർക്കറിയാം, ഞങ്ങളുടെ മക്കളായ നിങ്ങൾക്കു് ഒരുപക്ഷേ സാധിച്ചേക്കാം, ജനസാമാന്യത്തിനു യഥാർത്ഥമായ സ്വാതന്ത്ര്യവും കൂടുതൽ മെച്ചമായ ജീവിതവും കൈവരുത്തുവാൻ."

"തീർച്ചയായും ഞങ്ങൾക്കു സാധിക്കും, പപ്പാ."

തുടർന്നുള്ള വർഷങ്ങളിൽ, പാർട്ടിയിലും പാർട്ടിക്കുവേണ്ടിയും ഞാൻ പ്രയത്നിച്ചിരുന്ന കാലത്തു്, ഈ സംഭാഷണം എന്റെ ഓർമ്മയിൽ പുതുതായിത്തന്നെ പതിഞ്ഞിരുന്നു. മുദ്രാവാക്യങ്ങളുടെ പിന്നിലുള്ള വസ്തുതകളേയും പ്രവൃത്തികളേയും എന്റെ പിതാവു സൂക്ഷിച്ചുകൊണ്ടിരിക്കുകയും അവയെപ്പറ്റി വിധിക്കുകയും ചെയ്യുന്നതുപോലെയാണു് എനിക്കെന്നും തോന്നിയിരുന്നതു്.

* * *

[വർഷങ്ങൾ 6 കഴിഞ്ഞു. വിക്ടർ സോവ്യറ്റുറഷ്യയിലെ ഒരു പ്രധാന വ്യവസായകേന്ദ്രമായ നിക്കോപ്പോളിൽ ഒരു ഫാക്ടറിയുടെ മേധാവിയായിത്തീർന്നു. ഉന്നതന്മാരായ ഉദ്യോഗസ്ഥന്മാരുടെ തോതനുസരിച്ചു സകല ജീവിതസൗകര്യങ്ങളും അദ്ദേഹത്തിനു ലഭിച്ചിരുന്നു. ആവർത്തിച്ചാവർത്തിച്ചുള്ള വിക്ടറിന്റെ അപേക്ഷയനുസരിച്ചു് പിതാവു് അദ്ദേഹത്തിന്റെ വസതിയിലെത്തി. പുത്രനോടു ഫാക്ടറിയിലെ സകല വിഭാഗങ്ങളും ചെന്നു കാണുവാനുള്ള പാസ്സുകൾ വാങ്ങി അദ്ദേഹം അവയെല്ലാം സന്ദർശിച്ചു. തദനന്തരം അവർ തമ്മിലുണ്ടായ സംഭാഷണം വിക്ടർ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിങ്ങനെയാണു്:]

* * *

എന്റെ അടുത്തുവന്നു കുറെദിവസം താമസിക്കുവാൻ ഞാൻ പിതാവിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഒടുവിൽ പിതാവു വന്നു. അദ്ദേഹം എന്റെ വിശാലമായ വസതിയും, പൂന്തോട്ടവും, കനിത്തോട്ടവും, മോട്ടോർഷെഡ്ഡും മറ്റും കണ്ടുകഴിഞ്ഞപ്പോൾ ഞാൻ വല്ലാതെ അമ്പരന്നു.

"നീ ഒരു പ്രഭുവിനെപ്പോലെയാണല്ലോ ജീവിക്കുന്നതു്" എന്നുമാത്രമേ പിതാവു പറഞ്ഞുള്ളു. ഞങ്ങൾ അത്താഴത്തിനിരുന്നപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ എന്തൊക്കെയോ ഉള്ളതുപോലെ തോന്നി. സാധാരണകാര്യങ്ങളെപ്പറ്റി ഞങ്ങൾ അതുമിതും സംസാരിച്ചു. ഗൗരവമായി എന്നോടു പിന്നീടു സംസാരിച്ചുകൊള്ളാം എന്നു പിതാവു നിശ്ചയിച്ചിരിക്കുന്നതു് എനിക്കു മനസ്സിലായി.

"കൊള്ളാം, പിതാവേ, അങ്ങയുടെ മനസ്സിലിരിക്കുന്നതെന്താണു്?"

"വളരെനാളായി, മകനേ, നിന്നോടു ഉള്ളുതുറന്നു സംസാരിക്കണമെന്നു ഞാനാഗ്രഹിക്കുക. നീ എനിക്കു പ്രിയപ്പെട്ടവനാണു്, പുത്രനെന്ന നിലയിൽ മാത്രമല്ല, ഈ കഴിഞ്ഞ 30 വർഷങ്ങളായി എന്റെ കൺമുമ്പിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യജീവിയെന്ന നിലയിലും. എങ്കിലും കാലം കഴിയുന്തോറും ഉള്ളുതുറന്നു അങ്ങുമിങ്ങും സംസാരിക്കുവാൻ നമുക്കു വിഷമം കൂടിവരുന്നു. ഇതു സങ്കടകരമാണു്. ഈ കാലത്തു നമ്മുടെ ജീവിതത്തെ ചുറ്റിയിരിക്കുന്ന ഭയപ്പാടുകളുടെ ഒരടയാളമാണിതു്."

"ക്ഷമിക്കണം, പിതാവേ എന്നാൽ അങ്ങു് ചരിത്രത്തോടൊത്തു മുന്നോട്ടു പോന്നിട്ടുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. അങ്ങു് ഭൂതകാലത്തിലെ ശീതോഷ്ണാവസ്ഥയിലല്ലയോ ജീവിക്കുന്നതെന്നാണു് ഈ സംശയത്തിന്റെ അർത്ഥം."

"ഞാനൊന്നു സമ്മതിക്കുന്നു, വിത്തിയ. ഇക്കാലത്തെ പൊളിറ്റിക്സിനെ സംബന്ധിച്ചു് എന്നെക്കാൾ വളരെയധികം നിനക്കറിയാം. നീ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ സജീവ അംഗവും പ്രമുഖനായ ഒരു ഉദ്യോഗസ്ഥനുമാണു്. നിന്റെ കീഴ് 1500 തൊഴിലാളികളുണ്ടു്. ലക്ഷോപലക്ഷം റൂബിൾസ് വിലയുള്ള സാധനങ്ങൾ നീ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സാധാരണക്കാരുടെ, തൊഴിലാളികളുടേയും കർഷകരുടേയും, ജീവിതത്തെപ്പറ്റി നിന്നെക്കാളധികം എനിക്കറിയാമെന്നാണു് എന്റെ വിചാരം. നീ ഒഴുക്കിൽപ്പെട്ടുപോകുകയാണു്. നീ സാമാന്യജനങ്ങളെ കുഴൽക്കണ്ണാടിയുടെ തെറ്റായ അറ്റത്തുകൂടിയാണു നോക്കുന്നതു്. നിനക്കു വളരെയധികം പണവും സുഖസൗകര്യങ്ങളും കാറുകളും വേലക്കാരും മറ്റുമൊക്കെയുണ്ടു്."

"പിതാവേ, ഈ കുറ്റാരോപണങ്ങൾ ഞാനർഹിക്കുന്നില്ലെന്നാണു് എന്റെ വിചാരം. ഞാൻ യാതൊന്നും കട്ടെടുത്തിട്ടില്ല, ഉണ്ടെന്നു തോന്നുന്നുണ്ടോ? ഭരണാധികാരികൾ ഇപ്പറഞ്ഞവയെല്ലാം എനിക്കു തരുന്നു. അതിനുപകരം ഏതൊരു കർഷകനെക്കാളും കഠിനമായി ഞാൻ പ്രയത്നിക്കുകയും ചെയ്യുന്നു."

"നിന്നെ കുറ്റം പറയാനല്ല എന്റെ ഉദ്ദേശം. എന്നെ തെറ്റിദ്ധരിക്കാതിരിക്കാൻ ശ്രമിച്ചാലും. സാധാരണ ആളുകളോടുള്ള സംസൃഷ്ടിബോധം മുഴുവനും നിനക്കു നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന വിചാരത്താൽ അസ്വസ്ഥനാകാതിരിക്കാൻ എനിക്കു നിവൃത്തിയില്ല. പച്ചയ്ക്കു പറഞ്ഞാൽ, കഷ്ടപ്പെട്ടു ജീവിക്കുന്ന റഷ്യൻ ജനസാമാന്യത്തിന്റെമേൽ പ്രഭുത്വം ഭാവിക്കുന്ന ബാക്കിയുള്ള ഉദ്യോഗസ്ഥദുഷ്പ്രഭുക്കളുടെ മനഃസംതൃപ്തി നിനക്കും ഇല്ലയോയെന്നാണു് എന്റെ ഉൽക്കണ്ഠ."

"പിതാവേ, ഒന്നു കേട്ടാലും. ചുറ്റും നടക്കുന്നതെന്തൊക്കെയാണെന്നു് എനിക്കറിഞ്ഞുകൂടെന്നോ, നിലവിലിരിക്കുന്ന വ്യവസ്ഥിതിയുടെ കീഴിൽ ഞാൻ പാറിച്ചേർന്നിരിക്കുന്നെന്നോ അങ്ങു ധരിക്കരുതേ. എന്റെ മനസ്സിനകത്തു്, ലക്ഷോപലക്ഷങ്ങളായ മറ്റു കമ്മ്യൂണിസ്റ്റുകളുടെ മനസ്സിനകത്തും നടന്നുകൊണ്ടിരിക്കുന്നതെന്താണെന്നും അങ്ങറിയുന്നില്ല. പക്ഷേ ഞാനെന്താണു ചെയ്യുക! തെരുവിലേക്കു ചാടിയിറങ്ങി "ഓടിവരണേ! ഞങ്ങളെ രക്ഷിക്കണേ!" എന്നെല്ലാം ഉൽഘോഷിക്കാൻ എനിക്കു സാധിക്കുമോ? മാത്രമല്ല കാര്യമായി പ്രവർത്തിക്കേണ്ട ചില ഘടകങ്ങൾ ഉണ്ടു് —പുതിയ ഫാക്ടറികൾ, പുതിയ ഖനികൾ, തീവണ്ടിപ്പാതകൾ മുതലായവ."

"അതൊക്കെ ശരി, വിക്ടർ, അതൊക്കെശരി. എന്നാൽ വിപ്ലവങ്ങൾ ഉണ്ടാക്കുന്നതിന്റെ ലക്ഷ്യം ഫാക്ടറികളോ തീവണ്ടിപ്പാതകളോ അല്ലല്ലോ. ജനങ്ങൾക്കുവേണ്ടിയാണു് വിപ്ലവങ്ങൾ ഉണ്ടാക്കുന്നതു്. അതിന്റെ സത്തടങ്ങിയിരിക്കുന്നതു് വ്യക്തികളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കുന്നതിലാണു്. ഇവ സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ, മനുഷ്യന്റെ വ്യക്തിമാഹാത്മ്യം അവഗണിക്കപ്പെടുന്നെങ്കിൽ, മനുഷ്യർ അടിമകളായിത്തീരുന്നു. അവരെ അടച്ചുപൂട്ടിയിരിക്കുന്ന രാജ്യം എത്രമാത്രം വ്യവസായീകരിക്കപ്പെട്ടാലും

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 24 — Ernakulam August 30 1950 — No. 3


## നസറത്തു്

(എം. ഒ. ജോസഫ് നെടുങ്കുന്നം)

II

മംഗലവാർത്തയുടെ പള്ളിയിൽനിന്നും ഏതാനും മിനിററുനേരം നടന്നാൽ മറെറാരു പള്ളിയിൽ—വിശുദ്ധ യൗസേപ്പിന്റെ ഭവനം എന്നറിയപ്പെടുന്ന ദേവാലയത്തിൽ—ചെന്നെത്തും. ഈജിപ്റ്റിൽനിന്നുള്ള പ്രത്യാഗമനാനന്തരം, വിശുദ്ധ യൗസേപ്പിന്റെ മരണംവരെ, തിരുക്കുടുംബം ഈ ദ്വിതീയഭവനത്തിൽ താമസിച്ചിരുന്നു എന്നാണു് ഐതിഹ്യം. നമ്മുടെ കർത്താവു് വളർത്തപ്പെട്ടതും, തച്ചന്റെ ജോലി അഭ്യസിച്ചതും ഈ ഭവനത്തിൽ ആണെന്നു പറയപ്പെടുന്നു. ആദിമനൂററാണ്ടുകളിൽ തന്നെ ഇവിടെ ഒരു ദേവാലയം നിർമ്മിതമായി; ഇപ്പോഴത്തെ ദേവാലയം 1914 ലാണു പണി പൂർത്തിയാക്കപ്പെട്ടതു്. ഒരു അന്തർഭൗമികാലയത്തിന്റെ മുകളിലാണു് ഈ ദേവാലയം സ്ഥിതിചെയ്യുന്നതു്. ഉൾവരാന്തയിലൂടെ അതിലേക്കിറങ്ങുന്നതിനു വേണ്ട ഏർപ്പാടുകളുണ്ടു്. ഈ അന്തർഭൗമികാലയമാണു മാർ യൗസേപ്പിന്റെ പണിപ്പുര; ഇതു മുൻപു പറഞ്ഞതരത്തിലുള്ള ഒരു ഗ്രോട്ടോഭവനം ആയിരിക്കുന്നു.

നാലാം നൂററാണ്ടിലെ തീർത്ഥകന്മാരുടെ വിവരണമനുസരിച്ചു് ഈ ഗ്രോട്ടോഭവനത്തിന്റെ മുമ്പിൽ ഒരു ചെറിയ പൂന്തോട്ടവും ഒരു കിണറും ഉണ്ടായിരുന്നു. ആ പ്രദേശങ്ങളിൽ നടത്തപ്പെട്ട ഖനനവേലകളുടെ ഫലമായി പല കുളങ്ങളും കണ്ടെത്തപ്പെടുകയുണ്ടായി. ഈ കുളങ്ങളിൽനിന്നായിരിക്കാം കിണററിൽ വെള്ളം കിട്ടിക്കൊണ്ടിരുന്നതെന്നു് ഊഹിക്കപ്പെടുന്നു. പൗരസ്ത്യദേശങ്ങളിൽ ജനങ്ങൾ ഗ്രാമങ്ങളായി താമസിക്കുന്നതു് ഉറവുകളുടെ സാമീപ്യം നോക്കിയാണല്ലോ. മഴ കുറവാകയാൽ വെള്ളം അവർക്കൊരു അമൂല്യവസ്തുവായിരുന്നു.

ഗ്രാമത്തിന്റെ പ്രാന്തഭാഗത്തു് പെരുവഴികൾ യോജിക്കുന്ന കവലയ്ക്കലുള്ള പൊതുജലാശയം "മറിയത്തിന്റെ ഉറവ" എന്ന പേരിലാണു് അറിയപ്പെടുന്നതു്. മറിയവും അവിടുത്തെ പുത്രനും നിത്യോപയോഗങ്ങൾക്കായി വെള്ളം കോരിയിരുന്നതു് ഈ ഉറവയിൽനിന്നാണെന്നു തീർത്ഥകവിവരണങ്ങളിലും പ്രതിപാദിച്ചിട്ടുണ്ടു്. ആദ്യകാലങ്ങളിൽ വെള്ളം കോരുന്നതിനു മറിയം തനിച്ചല്ലേ ഉണ്ടായിരുന്നുള്ളു. എന്നാൽ പിന്നീടു ബാലനായ ഈശോ, അമ്മയെ സഹായിക്കുന്നതിനായി ആ ഉറവയിൽപോയി വെള്ളം കോരിക്കൊണ്ടു വന്നിരിക്കണം. അന്നത്തെപ്പോലെ ഇന്നും ഗ്രാമീണവനിതകൾ ഈ ഉറവയ്ക്കു ചുററും കൂട്ടം കൂടുക സാധാരണമാണു്. തങ്ങളുടെ വലിയ മൺകുടങ്ങൾ അടുക്കൽവെച്ചു നാട്ടുവർത്തമാനങ്ങൾ പറഞ്ഞുകഴിയുന്ന ഏതാനും വനിതകളുടെ കൂട്ടം എപ്പോഴും അവിടെ ഉണ്ടായിരിക്കും. ഈ കുടങ്ങൾക്കു പോലും അന്നത്തേതിൽനിന്നു ഇന്നു വലിയ മാററം സംഭവിച്ചിട്ടില്ല. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം മൺകുടത്തിന്റെ സ്ഥാനം പെട്രോൾടിന്നുകൾ കുറേയൊക്കെ കൈയടക്കിയിട്ടുണ്ടെന്നേയുള്ളു.

പണ്ടു സിനഗോഗ് സ്ഥിതിചെയ്തിരുന്ന സ്ഥലത്തു ഇന്നു് ഒരു യവനവിദ്യാലയമാണുള്ളതു്. "മിശിഹായുടെ വിദ്യാലയം" എന്നാണു് അറബികൾ ഇതിനെ വിളിക്കുന്നതു്. ഈ സിനഗോഗ് ചരിത്രപ്രസിദ്ധമാണു്. പരസ്യജീവിതാരംഭകാലത്തു് ഒരിക്കൽ ഈശോ, ഈ സിനഗോഗിൽവെച്ചു്, ഇസായാസിന്റെ പ്രവചനം 61-ാം അദ്ധ്യായത്തിൽനിന്നു് ഒരു ഭാഗം വായിച്ചു വ്യാഖ്യാനിക്കുകയും, ഒരു പ്രവാചകനും സ്വദേശത്തു സ്വീകരിക്കപ്പെടുന്നില്ലയെന്ന വസ്തുത ശ്രോതാക്കളെ അനുസ്മരിപ്പിക്കുകയും ചെയ്തു. അവിടുത്തെ പ്രഭാഷണം ശ്രവിച്ച ജനക്കൂട്ടം കോപാവിഷ്ടരായി, അവിടുത്തെ പിടിച്ചു നഗരത്തിനു പുറത്താക്കുകയും, താഴെക്കു തള്ളിയിടുന്നതിനായി പട്ടണം പണിയപ്പെട്ടിരുന്ന കുന്നിന്റെ ഉച്ചിയിലേക്കു കയററിക്കൊണ്ടുപോകുകയും ചെയ്തു. അവിടുന്നാകട്ടെ, അവരുടെ ഇടയിലൂടെ കടന്നു അപ്രത്യക്ഷനായി.

ക്ഷീണാഭാഗത്തു്, ഗിരിപരമ്പരയുടെ അവസാനത്തിൽ, ഗ്രാമത്തിൽനിന്നു് ഒന്നരമൈൽ അകലെയാണു പ്രിസിപ്പിസ് ഗിരിശിഖരം സ്ഥിതിചെയ്യുന്നതു്. താഴ്‌വാരത്തിലൂടെയോ, അല്ലെങ്കിൽ മലമുകളിലൂടെയോ ഉള്ള റോഡുമാർഗ്ഗം ഇവിടെയെത്തിച്ചേരാവുന്നതാണു്. മനോഹരമായ എസ്ഡ്രലോൺ താഴ്‌വരയ്ക്കുതിരേയാണു് ഈ ഗിരിശിഖരം. ഇവിടെനിന്നു നോക്കിയാൽ അകലെ കർമ്മലമല കാണാം; താബോർമല ഇടഭാഗത്തു് അങ്ങനെ ഉയർന്നുനിൽക്കുന്നു. ഈ ശിലാമയമായ ഉപത്യകയുടെ ഒരുവശം പാറക്കെട്ടു നിറഞ്ഞ അഗാധമായ ഒരു ഗർത്തമാണു്. ഇവിടേക്കു് എറിയപ്പെടുന്ന ഒരുവൻ രക്ഷപെടുകയെന്നതു് അസാദ്ധ്യമായ ഒരു കാര്യമാണു്.

ആദിമനൂററാണ്ടുകളിൽ ഇവിടെ ഒരു സന്യാസാശ്രമം നിലനിന്നിരുന്നു. പാറയിൽ വെട്ടിയുണ്ടാക്കിയ ഒരു അൾത്താര ഇപ്പോഴും ദൃശ്യമാണു്. തന്റെ പുത്രനെ, താഴെക്കു തള്ളിയിടുന്നതിനായി യഹൂദന്മാർ പ്രിസിപ്പിസ് മലമുകളിലേക്കു കൊണ്ടുപോയിരിക്കുന്നുവെന്നു പരിശുദ്ധകന്യകാമറിയം കേട്ടപ്പോൾ മാതൃസഹജമായ ഉദ്വേഗത്തോടെ, പുത്രന്റെ പിന്നാലെ അവിടേക്കോടിയെന്നും, മലമുകളിൽ എത്തിയപ്പോൾ വിഷണ്ണരായ യഹൂദന്മാർ തിരിച്ചുപോകുന്നതു കണ്ടുവെന്നും ഒരു ഐതിഹ്യമുണ്ടു്. ഈ സ്ഥാനത്തു പണികഴിപ്പിക്കപ്പെട്ട ഒരു കപ്പേള "ഉദ്വേഗത്തിന്റെ കപ്പേള"യെന്ന പേരിലാണു് അറിയപ്പെടുന്നതു്.

പ്രാചീനകാലത്തു യഹൂദപുരോഹിതന്മാരുടെ ഒരു സങ്കേതമായിരുന്നു നസറത്തു്. അവർ തവണമുറയ്ക്കു് ഓർശ്ലേമിൽ പോയി ദേവാലയശുശ്രൂഷകളിൽ ഏർപ്പെട്ടിരുന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലംവരെ മിക്കവാറും യഹൂദന്മാർമാത്രമായിരുന്നു ഇവിടത്തെ നിവാസികൾ. ഗ്രീക്കുകാർ, സമേരിയാക്കാർ, ക്രിസ്ത്യാനികൾ മുതലായവർക്കു താമസിക്കുവാൻ അനുവാദമില്ലായിരുന്നതിനാൽ ഇവിടെ ക്രൈസ്തവദേവാലയങ്ങൾ ഇല്ലായിരുന്നുവെന്നും, എന്നാൽ ചക്രവർത്തിയുടെ ആജ്ഞയനുസരിച്ചു താൻ ഒന്നു നിർമ്മിച്ചുവെന്നും, 339-ൽ ടിബേറിയസ് പ്രഭുവായ ജോസഫ് തന്നോടു പറഞ്ഞതായി വിശുദ്ധ എപ്പിഫാനിയൂസ് രേഖപ്പെടുത്തിയിരിക്കുന്നു. നാലാം നൂററാണ്ടിൽ, അക്വിറെറയിനിലെ വിശുദ്ധ പൗളാ, വിശുദ്ധ സിൽവിയാ എന്നിവരും, 530-ൽ തിയോഡോഷ്യസും ഈ സ്ഥലം സന്ദർശിച്ചതായി അവരുടെ വിവരണങ്ങളിൽനിന്നു വ്യക്തമാകുന്നു. ഒരു "ബെസ്ലിക്കായായിത്തീർന്നിരിക്കുന്ന മറിയത്തിന്റെ വസതി"യും "പ്രാചീന സിനഗോഗും" താൻ സന്ദർശിച്ചതായി 570-ൽ അവിടം സന്ദർശിച്ച പിയാച്ചെൻസായിലെ തീർത്ഥകൻ പ്രസ്താവിക്കുന്നു. അക്കാലത്തെ മറെറാരു പ്രബന്ധത്തിൽ "നമ്മുടെ കർത്താവു വളർത്തപ്പെട്ട സ്ഥലത്തു" പണിയിക്കപ്പെട്ടിരിക്കുന്ന ദേവാലയത്തെപ്പററിയും പ്രതിപാദിച്ചിട്ടുണ്ടു്.

637-ൽ ഈ സ്ഥലം മുസ്ലീം ആക്രമണത്തിനു വിധേയമായി. അവർ ക്രിസ്ത്യാനികളോടു സഹിഷ്ണുതാപൂർവ്വമല്ലാ വർത്തിച്ചതു്. 725-ൽ അവിടം സന്ദർശിച്ച വില്ലിബോൾഡ് പറയുന്നതു്, സാരസൻ ഭീഷണിക്കു വിധേയമായ മംഗലവാർത്തപ്പള്ളിമാത്രമേ അവിടെയുള്ളു എന്നാണു്. സിമിസെസ് എന്ന യവനചക്രവർത്തി 920-ൽ അറബികളിൽനിന്നു ഗലീലാപ്രദേശം വീണ്ടെടുത്തു. പക്ഷെ 5 കൊല്ലത്തിനുശേഷം ചക്രവർത്തി വധിക്കപ്പെടുകയാൽ ഗലീല വീണ്ടും മുസ്ലീം കൈവശത്തിലായി. കാലിഫ് ഹാക്കൻ 1010-ൽ മംഗലവാർത്തപ്പള്ളിയും നിശേഷം നശിപ്പിച്ചുകളഞ്ഞു. 1101-ൽ കുരിശുയോദ്ധാക്കൾ ഈ ദേവാലയവും വി. യൗസേപ്പിന്റെ ദേവാലയവും പുതുക്കിപ്പണിതു. കിണററിനടുത്തു ഗ്രീക്കുകാർ വി. ഗബ്രിയേലിന്റെ നാമത്തിലുള്ള ദേവാലയവും നിർമ്മിച്ചു. അതേവരെ സിതോപ്പൊലിസിലായിരുന്ന അതിമെത്രാസനാസ്ഥാനം നസറത്തിലേക്കു മാററിസ്ഥാപിച്ചതും ഇക്കാലത്താണു്.

1187-ലെ ഭയങ്കരസമരത്തിനുശേഷം കുരിശുയോദ്ധാക്കൾ അസ്ഥലം വിടുവാൻ നിർബന്ധിതരായി. എന്നാൽ 1254-ൽ ഫ്രാൻസിലെ വിശുദ്ധ ലൂയിസ് രാജാവും മർഗ്ഗരീത്താരാജ്ഞിയും മംഗലവാർത്തതിരുനാൾ ഇവിടെവച്ചു തന്നെ കൊണ്ടാടി. 9 കൊല്ലത്തിനുശേഷം സുൽത്താൻ ബിബാർസ് ഇവിടത്തെ സകല ക്രൈസ്തവസ്ഥാപനങ്ങളും നശിപ്പിച്ചുകളഞ്ഞു. പതിനേഴാം നൂററാണ്ടിൽ ഫ്രാൻസിസ്കൻ സന്യാസിമാർ ബസ്ലിക്കായുടെ നഷ്ടശിഷ്ടങ്ങളിൽ താമസമുറപ്പിച്ചുകൊണ്ടു് പുനരുദ്ധാരണജോലികൾ ആരംഭിച്ചു. അവരിൽ അനേകർ മർദ്ദിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്. 1730-ൽ ഷേക് ഡാഹറിന്റെ അനുവാദത്തോടുകൂടി അവർ നിർമ്മിച്ച ദേവാലയമാണു് ഇന്നു് അവിടെ കാണുന്ന മംഗലവാർത്തപ്പള്ളി.

———

## ചോദ്യോത്തരപംക്തി

**ചോ:** ചില പ്രത്യേകകാര്യങ്ങൾക്കു പൂർണ്ണദണ്ഡവിമോചനം നല്കാറുണ്ടല്ലോ. അപ്രകാരം പൂർണ്ണദണ്ഡവിമോചനം പ്രാപിച്ചുകൊണ്ടു മരിക്കുന്ന ഒരാൾ ശുദ്ധീകരസ്ഥലത്തിൽ പോകാൻ ഇടവരുമോ?

**ഉ:** യഥാർത്ഥത്തിൽ പൂർണ്ണദണ്ഡവിമോചനം പ്രാപിച്ചുകൊണ്ടു മരിക്കുന്ന ഒരാൾ ശുദ്ധീകരസ്ഥലത്തിൽ പോകേണ്ടി വരികയില്ല. എന്നാൽ പ്രസ്തുത ദണ്ഡവിമോചനം പ്രാപിച്ചശേഷം ഏതെങ്കിലും പാപത്തിൽ ഉൾപ്പെടാൻ ഇടവരുകയാണെങ്കിൽ അതിനുള്ള പരിഹാരകടം അവശേഷിക്കുന്നതാണല്ലോ. ആ കടം ഇഹത്തിൽവച്ചു തീർക്കാത്തപക്ഷം ശുദ്ധീകരസ്ഥലത്തിൽവച്ചു തീർക്കേണ്ടിവരും.

**ചോ:** പൂർണ്ണദണ്ഡവിമോചനം ഒരിക്കൽ കിട്ടിയാൽ പിന്നെ ആ ആൾക്കു തന്നെ വീണ്ടുമതു ലഭിക്കേണ്ട ആവശ്യമുണ്ടോ?

**ഉ:** ആവശ്യമുണ്ടാകാവുന്നതാണു്. താഴെ പറയുന്ന കാര്യങ്ങൾ പരിഗണിച്ചാൽ അതു വിശദമാകുന്നതായിരിക്കും. 1) യഥാർത്ഥത്തിൽ പൂർണ്ണദണ്ഡവിമോചനം ഒരാൾ ഒരിക്കൽ പ്രാപിച്ചാൽത്തന്നെ, വീണ്ടും പാപത്തിൽ ഉൾപ്പെടുകയാണെങ്കിൽ അതിനുള്ള പരിഹാരകടത്തിൽനിന്നും ഒഴിവാക്കപ്പെടുന്നതിനുവേണ്ടി വീണ്ടും ദണ്ഡവിമോചനം പ്രാപിക്കേണ്ട ആവശ്യം നേരിടുന്നു. 2) ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയാണു ദണ്ഡവിമോചനം നിയോഗിക്കപ്പെടുന്നതെങ്കിൽ, ഉദ്ദേശിക്കപ്പെടുന്ന ആത്മാവു് പൂർണ്ണദണ്ഡവിമോചനം പ്രാപിച്ചുകഴിഞ്ഞാൽ, പിന്നെ ആ ആത്മാവിനു ദണ്ഡവിമോചനം പ്രാപിക്കേണ്ട ആവശ്യം നേരിടുന്നതല്ല. അങ്ങനെ വരുന്നപക്ഷം ആ ദണ്ഡവിമോചനം മറെറതെങ്കിലുമൊരാത്മാവിനെന്നോ, അല്ലെങ്കിൽ പരിത്യക്തരായ, അഥവാ ആരും സഹായിപ്പാനില്ലാത്ത ആത്മാക്കൾക്കുവേണ്ടിയെന്നോ നിയോഗംവച്ചിട്ടു് ദണ്ഡവിമോചനം പ്രാപിക്കുന്നതിനുവേണ്ടിയുള്ള സൽകൃത്യങ്ങൾ വീണ്ടും വീണ്ടും നിർവ്വഹിക്കുന്നതു് ഉപകാരപ്രദമായിരിക്കുമല്ലോ. ജൂബിലി ദണ്ഡവിമോചനം ശുദ്ധീകരാത്മാക്കൾക്കു വേണ്ടിക്കൂടി സമർപ്പിക്കാവുന്ന ഒന്നാണു് എന്നതു സ്മരണീയമത്രെ. 3) യഥാർത്ഥത്തിൽ പൂർണ്ണദണ്ഡവിമോചനം പ്രാപിച്ചാലത്തെ കാര്യമാണു മുകളിൽ പറഞ്ഞതു്. എന്നാൽ പലപ്പോഴും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ നിറവേററുന്നതിൽ വന്നുഭവിച്ചേക്കാവുന്ന അപൂർണ്ണതനിമിത്തം ദണ്ഡവിമോചനവും അപൂർണ്ണമായിപ്പോകാനിടയുണ്ടു്. നിശ്ചിതജപങ്ങൾ ഭക്തിസമന്വിതം ചൊല്ലാതിരിക്കുന്നതും പാപങ്ങളോടുള്ള പ്രതിപത്തി പരിപൂർണ്ണമായി ഉപേക്ഷിക്കാതിരിക്കുന്നതും മേൽപ്പറഞ്ഞതരം അപൂർണ്ണതകൾക്കു് ഉദാഹരണങ്ങളാണു്. ഈദൃശകാരണങ്ങൾ നിമിത്തം ദണ്ഡവിമോചനം പൂർണ്ണമാകാതിരിക്കാൻ ഇടയുള്ളതിനാൽ, വീണ്ടും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുവാൻ ശ്രമം ചെയ്യുന്നതിൽ യുക്തിഭംഗമില്ല. യഥാർത്ഥത്തിൽ, ഒരാൾ പ്രാപിച്ച ദണ്ഡവിമോചനം പൂർണ്ണമായെന്നു് അയാൾക്കെങ്ങനെയാണു ഉറപ്പുവിചാരിക്കുവാൻ സാധിക്കുക? ശുദ്ധീകരാത്മാക്കൾക്കുവേണ്ടി സമർപ്പിക്കുന്ന ദണ്ഡവിമോചനങ്ങളെ സംബന്ധിച്ചും ഈ പറഞ്ഞതു വാസ്തവമത്രെ. നാം ഉദ്ദേശിക്കുന്ന ആത്മാവിനു സ്വർഗ്ഗപ്രവേശം ലഭിച്ചുവെന്നു ഉറപ്പുവിചാരിക്കാൻ സാധാരണമായി നമുക്കു യാതൊരു നിവൃത്തിയുമില്ല. ദണ്ഡവിമോചനം പ്രാപിക്കുവാൻവേണ്ടി നാം നിർവ്വഹിക്കുന്ന സൽകൃത്യങ്ങളിലുള്ള അപൂർണ്ണതകൾക്കു പുറമെ, നമുക്കു് അജ്ഞാതങ്ങളെങ്കിലും തികച്ചും നീതിയുക്തങ്ങളായ കാരണങ്ങളാൽ, നാം കാഴ്ചവയ്ക്കുന്ന ദണ്ഡവിമോചനങ്ങളുടേയും ഇതരസുകൃതങ്ങളുടേയും മുഴുവൻഫലവും നാം ഉദ്ദേശിക്കുന്ന ആത്മാവു് സ്വീകരിക്കാൻ ദൈവം അനുവദിക്കാതിരുന്നെന്നും വരാവുന്നതാണല്ലോ. 4) പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുവാൻവേണ്ടി നാം നിർവ്വഹിക്കുന്ന സൽകൃത്യങ്ങൾ പരിഹാരകടങ്ങളിൽനിന്നു ഒഴിവു ലഭിക്കുന്നതിനു മാത്രമല്ല സ്വർഗ്ഗത്തിൽ ഉപരിമഹത്വം പ്രാപിക്കുന്നതിനുകൂടിയുള്ള ഉപാധികളായും പരിണമിക്കാവുന്നതാണല്ലോ. ആകയാൽ പ്രസ്തുതസൽകൃത്യങ്ങൾ ആവർത്തിച്ചു നടത്തുമ്പോൾ ദണ്ഡവിമോചനം നമുക്കാവശ്യമില്ലെന്നു വന്നാൽപ്പോലും, മററനേകം ദൈവാനുഗ്രഹങ്ങൾക്കു നാം പാത്രീഭൂതരാകുന്നതാണു്.

---

### കൃതജ്ഞത

യൗസേപ്പു പുണ്യവാന്റെയും ഫിലോമിനാപുണ്യവതിയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു്:

റോസമ്മ മാത്യു

---

### കൃതജ്ഞത

വി. മരിയഗൊരേത്തിയുടെ സഹായത്താൽ എന്റെ മകളുടെ കുട്ടി മരണകരമായ ദീനത്തിൽനിന്നു സുഖം പ്രാപിച്ചതിനു് ഉപകാരസ്മരണ.

പി. സി. ഫ്രാൻസിസ്
പുന്നത്തറ

---


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam